PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1952

Monday, *the 31st March 1952*

VOL. V] OFFICIAL REPORT [No. 1

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Monday, the 31st March 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the serial number in the list of admitted questions for the day.)

Oral Answers

BUS ACCIDENT AT TEMPAMUTTOM

*185. [1] **Dr. N. S. Pillai:** Will the Minister for Transport be pleased to state,—

(*a*) the number of deaths as a result of the bus catching fire at Tempamuttom, the cause of the accident, the number of persons the bus had license to carry and the number of persons actually in the bus at the time of the accident;

(*b*) whether the Government have instituted any public enquiry into this accident;

(*c*) whether any compensation is proposed to be given to the relatives of the innocent victims of that accident; and

(*d*) what action have the Government taken to prevent such disasters in future?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) 15 persons died due to the fire incident at Thempamuttom. When the bus stopped at Tempamuttom the driver lighted a beedi. A cloth placed near the driver's seat and the petrol contained in a tin caught fire from the flame of the match stick. The flame spread and the whole bus was in flames within a few seconds. The number of persons the bus had licence to carry was 22 including driver, conductor and four standing passengers. 38 persons were actually in the bus at the time of the accident.

(*b*) No. But a detailed police enquiry has been made in the matter.

(*c*) The question is under consideration.

(*d*) The carriage of petrol in stage carriages in a manner likely to cause danger has been strictly forbidden. Smoking in stage carriages is prohibited and over-loading in buses is now stopped completely. Intensive checking is being done to book the offenders.

ഡോ. എൻ. എസ്സ്. പിള്ള: ആ ബസ്സിന് തേർഡ്പാർട്ടി ഇൻഷുറൻസ് ഉണ്ടായിരുന്നോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിവില്ല.

ഡോ. എൻ. എസ്സ്. പിള്ള: ആ ബസ്സിനു് ആ ലൈനിൽക്കൂടി സർവ്വീസ്സ് ഓടിക്കുന്നതിനു് ലൈസൻസുണ്ടായിരുന്നോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ റൂട്ടിൽ കൂടി പ്രത്യേകം ഓടിക്കുന്നതിനുള്ള ലൈസൻസില്ലായിരുന്നു. എന്നാൽ ആ ബസ്സ് ആ ലൈനിൽക്കൂടി ഓടിച്ചതു ഏതാനുംകൊല്ലങ്ങൾക്കുമുൻപു കൊടുത്തിരുന്ന ഒരു ജനറൽ പെർമിഷൻ അനുസരിച്ചാണു്. ഒരു റൂട്ടിൽക്കൂടി ഓടുന്ന ഏതെങ്കിലും ലൈൻബസ്സിനു് തിരിവുകൾ ഉണ്ടെങ്കിൽ അങ്ങനെയുള്ള തിരിവു റൂട്ടുകളിലുംകൂടി ബസ്സോടിക്കുവാൻ ഒരു ജനറൽ പെർമിഷൻ മുൻപു കൊടുത്തിരുന്നു. അതനുസരിച്ചാണു് ഈ ബസ്സ് ഓടിച്ചതു്.

ഡോ. എൻ. എസ്സ്. പിള്ള: അപ്പോൾ ഈ ബസ്സ് ആ ലൈനിൽക്കൂടി ഓടിച്ചതു ന്യായീകരിക്കാവുന്നതാണോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: നിയമപ്രകാരം ന്യായീകരിക്കാവുന്നതാണു്.

ശ്രീ. എ. കുഞ്ഞൻനാടാർ: മരിച്ച ആളുകളുടെ എണ്ണം കണക്കാക്കുന്നതു എന്തടിസ്ഥാനത്തിലാണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മരിച്ചവരെ എണ്ണിതിട്ടപ്പെടുത്തി നോക്കിയതിൽ ൨൪ ആണെന്നുകണ്ടു.

ശ്രീ. എ. കുഞ്ഞൻനാടാർ: മരിച്ചയാളുകളുടെ പൂർണ്ണമായ എണ്ണം എടുക്കാൻ കഴിഞ്ഞിട്ടില്ലെന്നറിയുന്നതു ശരിയാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: റിപ്പോർട്ടിൽ കാണുന്നതു ൨൪ ആളുകൾ മരിച്ചിട്ടുണ്ടെന്നാണു്.

Shri A. Chidambaranatha Nadar: What steps have been taken against the owner of that bus?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ ബസ്സിൽ ഓവർലോഡുണ്ടായിരുന്നു എന്നുകൂടി അറിഞ്ഞതുകൊണ്ടു അതിനെസംബന്ധിച്ചു ഓണറുടെ പേരിൽ നടപടി എടുക്കുന്നുണ്ടു്.

Shri A. Chidambaranatha Nadar: Was it brought to the notice of Government that that particular owner always purchases petrol by illegal methods from the Trivandrum aerodrome?

Shri Kalathil Velayudhan Nair: There is no information at present on that matter.

ശ്രീ. എ. കുഞ്ഞൻ നാടാർ: ആ സംഭവത്തിൽ മുപ്പതിലധികം ആളുകൾ മരിച്ചിട്ടുണ്ടെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിഞ്ഞുകൂടാ.

ശ്രീ. എ. കുഞ്ഞൻ നാടാർ: ആ ബസ്സിൽ എഴുപത്തഞ്ചിലധികം യാത്രക്കാരുണ്ടായിരുന്നതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മുപ്പത്തെട്ടു യാത്രക്കാർ ഉണ്ടായിരുന്നുവെന്നാണു റിപ്പോർട്ടിൽ കാണുന്നതു്.

ശ്രീ. ഒ. സി. നൈനാൻ: മുൻപു കൊടുത്തു എന്നുപറയുന്ന ജനറൽ പെർമിഷൻ ഇപ്പോഴും ഉർജ്ജിതത്തിലിരിക്കുകയാണോ?

ശ്രീ കളത്തിൽ വേലായുധൻ നായർ: അല്ല. ആ ഓർഡർ ക്യാൻസൽ ചെയ്തിരിക്കുകയാണ്.

Shri P. S. Nataraja Pillai: May I know whether it was an accident or an act caused by gross negligence? What is the finding?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഞാൻ ഈ ചോദ്യത്തിന്റെ ഉത്തരമായി പറഞ്ഞതിൽനിന്നും നെഗ്ലിജൻസുകൊണ്ടുണ്ടായതായിട്ടുവേണം വിചാരിക്കാൻ.

Shri P. S. Nataraja Pillai: Has any step been taken to punish the people who were grossly negligent, the owner, driver, etc.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. കഴിഞ്ഞ ദിവസം ഇവിടെ പോൾ എടുത്തപ്പോൾ ബഹുമാനപ്പെട്ട ഈ മെമ്പർ ആ സീറ്റിൽ ഇരുന്നുവെന്നു പറഞ്ഞു പോൾ കൗണ്ട് ചെയ്യുകയുണ്ടായില്ല. ഇപ്പോൾ അദ്ദേഹം ഇരിക്കുന്നത് ഓർഡറിലാണോ?

Mr. Speaker: Now the member is in his seat.

ശ്രീ. എ. താണുപിള്ള: ആ വോട്ട് കൗണ്ട് ചെയ്യുവെന്നോ ഇല്ലെന്നോ ഞാൻ മനസ്സിലാക്കേണ്ടത്? കൗണ്ട് ചെയ്യുവെന്നാണ് അങ്ങു എന്നോടു പറഞ്ഞത്.

Mr. Speaker: I do not want to go back to matters already settled.

ശ്രീ. എ. താണുപിള്ള: ഞാൻ ചോദിച്ചതു അതല്ല. അങ്ങ് എന്നോടു ഇന്നലെ പറഞ്ഞതു കൗണ്ട് ചെയ്യുന്നുവെന്നാണ്.

Mr. Speaker: The votes were not counted.

ശ്രീ. എ. താണുപിള്ള: എന്നാൽ എന്നോടു പറഞ്ഞതു മറിച്ചാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. വോട്ടെണ്ണുമ്പോൾ.—

Mr. Speaker: I rule out of order any discussion on that matter.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ബസ്സ് കണ്ടക്ടറുടെ പേരിൽ നെഗ്ലിജൻസിനു പോലീസ് ചാർജ്ജു ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ട്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ബസ്സിന്റെ ഓണറെ കൂടി ചാർജ്ജു ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ കേസ്സിൽ ഓണറെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഓണറുടെ പേരിൽ വേറെ കേസുണ്ട്.

ശ്രീ. എ. താണുപിള്ള: ആ ഓണർക്ക് എത്ര ബസ്സുകൾ ഉണ്ട്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നോട്ടീസില്ലാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: എത്ര റൂട്ടുകളിൽക്കൂടി ബസ്സുകൾ ഓടിക്കാൻ പെർമിഷനുണ്ട്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ റൂട്ടിൽക്കൂടി ബസ്സോടിക്കുവാൻ പെർമിഷനുണ്ട്.

ശ്രീ. എ. താണുപിള്ള: ഇത്ര അപായംവരുത്തുന്ന നിലയിൽ ഉദാസീനമായി ബസ്സുരുട്ട നടത്തിക്കൊണ്ടിരിക്കുന്ന ഓണറുടെ പെർമിററെല്ലാം ക്യാൻസൽചെയ്യുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ ബസ്സോണറിന്റെ അനാശാസ്യമായ നടപടികൾകൊണ്ട് ഇപ്പോൾ ഓടിച്ചുകൊണ്ടിരിക്കുന്ന ലൈനിൽനിന്നും ഈ ബസ്സുകൾ ഒഴിവാക്കുകയോ, മേലാൽ ഓടിക്കുവാനുള്ള പെർമിററ കൊടുക്കാതിരിക്കുകയൊ എന്താണുവേണ്ടതെന്നു ഗവൺമെൻറ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

Shri A. Chidambaranatha Nadar: Are the Government aware that the Trivandrum D. S. P. Mr. Achuthan is harbouring the owner of this bus in this affair?

Mr. Speaker: The question is disallowed.

ശ്രീ. ആർ. കേശവപിള്ള: ഡ്രൈവർമാരുടെ നെഗ്ലിജൻസിനു് ഓണർ കുററവാളിയാണോ?

Mr. Speaker: That is a matter of opinion.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ഈ സംഭവത്തിൽ ഓണർകൂടി ലയബിളല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഓവർലോഡിംഗിനെ സംബന്ധിച്ചിടത്തോളം ഓണർ ലയബിളാണെന്നു കണ്ടിട്ടുണ്ട്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: അങ്ങനെയാണെങ്കിൽ വൈക്കേറിയസ് ലയബിലിററിവച്ച് ഓണറെ ചാർജുചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉദ്ദേശിക്കുന്നുണ്ട്.

Shri P. S. Nataraja Pillai: May I know whether any compensation is proposed to be given to the relatives of the dead?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഇതു തേഡ്പാർട്ടി ഇൻഷുറൻസ് അല്ലെങ്കിലും ഗവൺമെൻറിന്റെ ഇൻഷുറൻസ് സ്കീം അനുസരിച്ചു വേണ്ട പരിഹാരം ചെയ്യാനുള്ള സൗകര്യമുണ്ട്. അതു ഗവൺമെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

SABARIMALA ACCIDENT

*186. [2] **Dr. N. S. Pillai:** Will the Minister for General Administration be pleased to state:

(*a*) the number of deaths as a result of the explosive material catching fire on the Makara Vilakku day at Sabarimala;

(*b*) what the cause of the explosion is; and

(*c*) whether any public enquiry was instituted in regard to this accident and whether any report has been received as to the nature of the accident, its cause, the casualties and the stepts to be taken for the prevention of such accidents in future?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗീസ്): (എ) നാല്.

(ബിയും, സിയും) ഇതിനെസംബന്ധിച്ച് കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനുള്ള കാരണങ്ങൾ അന്വേഷണം പൂർത്തിയായതിനുശേഷമേ വെളിവാകുകയുള്ള

ഡാ. എൻ. എസ്സ്. പിള്ള: ആ വെടിവയ്പുകാരന് വെടിവയ്ക്കുവാനുള്ള ലൈസൻസുണ്ടായിരുന്നുവോ?

ശ്രീ. ടി. എം. വർഗീസ്: അത് ഈ ചോദ്യത്തിൽനിന്നും ഉദിക്കാത്തതുകൊണ്ട് ലൈസൻസിനെപ്പറ്റി അന്വേഷിച്ചിട്ടില്ല. മരിക്കുന്നതിനും തീപിടിക്കുന്നതിനുമുള്ള കാരണത്തെപ്പറ്റി അന്വേഷിച്ചു.

ഡാ. എൻ. എസ്സ്. പിള്ള: എന്റെ ചോദ്യം എന്തുകൊണ്ടുദിക്കുന്നില്ല?

ശ്രീ. ടി. എം. വർഗീസ്: ലൈസൻസുണ്ടെങ്കിലും ഇല്ലെങ്കിലും തീപിടിക്കും. അതുകൊണ്ടു തീപിടിത്തവും ലൈസൻസുമായി യാതൊരു ബന്ധവുമില്ല.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: ആളുകൾ ഇൻക്വിലാബു വിളിച്ചതുകൊണ്ടാണ് തീപിടിത്തം ഉണ്ടായതെന്നു പത്രത്തിൽ കണ്ടതിൽ വല്ല പരമാർത്ഥവുമുണ്ടോ?

ശ്രീ. ടി. എം. വർഗീസ്: അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. എം. എം. അബ്ദുൾഖാദർ: ഇത്തരം അനാശാസ്യസംഭവങ്ങളുടെ വെളിച്ചത്തിൽ മേലാൽ വെടിക്കെട്ടു നിറുത്താനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുമോ?

ശ്രീ. ടി. എം. വർഗീസ്: അതൊരഭിപ്രായം മാത്രമാണ്. വെടിക്കെട്ടു നിറുത്തുന്നകാര്യത്തെപ്പറ്റി ഗവൺമെന്റ് ആലോചിച്ചിട്ടില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഒരു മുൻകരുതൽ എന്ന നിലയിൽ ഫസ്റ്റ് എയിഡിന് അവിടെ വല്ല ഏർപ്പാടുകളും ചെയ്തിട്ടുണ്ടായിരുന്നുവോ?

ശ്രീ. ടി. എം. വർഗീസ്: ഫസ്റ്റ് എയിഡ് അവിടെ നടന്നിട്ടുണ്ട്. അതുകൊണ്ട് അതിനു മുൻകൂട്ടി ഏർപ്പാടുണ്ടായിരുന്നിരിക്കണം.

CONDEMNED BUSES

*187. [3] **Dr. N. S. Pillai:** Will the Minister for Transport be pleased to state:

(*a*) the number of years which a new bus will be allowed to be used as a public conveyance and when do they condemn a bus in actual service; and

(*b*) whether exemptions are given for condemned buses being used for service?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) There is no age limit fixed for buses, etc., now.

(*b*) No.

ശ്രീ. എം. ഗോപാലൻ നായർ: വാമനപുരം ബസ്സ് സ്റ്റാന്റിലുള്ള ബസ്സുകൾ വില്ക്കാൻ വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതും ഈ ചോദ്യവുമായുള്ള ബന്ധമെന്താണെന്നു മനസ്സിലാകുന്നില്ല.

ശ്രീ. എം. ഗോപാലൻ നായർ: പുതിയ ബസ്സുകൾ എന്നു കണ്ടം ചെയ്യുമെന്നാണു ചോദ്യം. വാമനപുരത്തുള്ള ബസ്സുകൾ എല്ലാം കണ്ടം ചെയ്തിട്ടുള്ള ബസ്സുകളാണ്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അല്ലാത്ത ബസ്സുകളുമുണ്ട്.

PRIMARY SCHOOL, VYANAM

* **188** [4] **Shri R. Kesava Pillai:** Will the Minister for Education be pleased to state:

(*a*) whether the surrender of the Primary school, Vyanam (വൈയാനം) in Chadayamangalam pakuthy, Kottarakara taluk has been accepted by Government;

(*b*) when was the application surrendering the school made by the people of Vyanam; and

(*c*) the reasons, if any, for delaying the acceptance of surrender of the school?

Chief Minister (**Sri A. J. John):** (*a*) No.

(*b*) On 19th November 1950;

(*c*) The Manager has not fulfilled the conditions imposed for taking over the school by Government.

ശ്രീ. ആർ. കേശവപിള്ള: ഇതുസംബന്ധിച്ചു കൊട്ടാരക്കര ഇൻസ്പെക്ടരുടെ അടുക്കൽനിന്നും വല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: റിപ്പോർട്ട് കിട്ടിയ തീശ്ര എന്നില്ല. ഇതിനു മുമ്പേക്കൂട്ടി ചില വ്യവസ്ഥകൾ ഉണ്ടായിരുന്നു. ആ കണ്ടീഷൻ സാറ്റിസ്ഫൈ ചെയ്യാതെ എടുക്കുകയില്ല.

ശ്രീ. ഇ. കൃഷ്ണൻ നായർ: ഈ സ്കൂളിലെ അദ്ധ്യാപകന്മാർക്ക് ശമ്പളം കിട്ടിയിട്ട് എത്രനാളായി?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

ശ്രീ. ആർ. കേശവപിള്ള: ഈ പ്രൈമറി സ്കൂൾ സർക്കാരിലേക്ക് എടുക്കണമെന്നു ഗവണ്മെന്റിലേക്ക് അപേക്ഷ കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അപേക്ഷ കിട്ടിയിട്ടുണ്ട്. സ്കൂൾ കെട്ടിടങ്ങൾ ഓടിടുകയും തറയ്ക്കു സിമന്റിടുകയും ചെയ്താൽ മാത്രമേ ഗവണ്മെന്റിലേക്ക് എടുക്കുകയുള്ളു എന്നു മാനേജരെ അറിയിച്ചിട്ടുണ്ട്.

ശ്രീ. ആർ. കേശവപിള്ള: അതെല്ലാം ഇപ്പോൾ ചെയ്തിട്ടുണ്ടെന്ന് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയാണെങ്കിൽ എടുക്കുന്നതിലേക്കുള്ള നടപടികൾ നടത്തുന്നതാണ്.

M. M. SCHOOL FOR GIRLS, AT ADUR

* **189.** [5] **Shri K. Madhavan Unnithan:** Will the Minister for Education be pleased to state whether the Government have received memorials for converting the existing M. M. School for girls at Adur into a High School for girls with suitable adjustments in accommodation in the local English High School and M. M. School for boys?

Chief Minister (**Shri A. J. John):** Yes, in 1948.

Shri K. Madhavan Unnithan: Has the Director of Public Instruction submitted any report on that?

ശ്രീ. എ. ജെ. ജോൺ: ഇതിനും രണ്ടു കണ്ടീഷൻസ് വച്ചിട്ടുണ്ടായിരുന്നു. The D. P. I. had informed them that the question could be taken into consideration only if the people of the place undertook to provide new building as per plan approved by the department on a site of not less than 50 cents in extent and to surrender both building and site to the department, and there was no further development afterwards.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: എം. എം. സ്കൂളുകൾ ഇപ്പോഴും തിരുവിതാംകൂറിലുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇംഗ്ലീഷ് മിഡിൽസ്കൂളുകൾക്കു പകരം എം. എം. സ്കൂളുകൾ എന്നു പറഞ്ഞിരിക്കുകയാണ്.

STATIONARY FIRST CLASS MAGISTRATE'S COURT, ADUR

*190. [6] **Shri K. Madhavan Unnithan**: Will the Minister for General Administration be pleased to state whether the Government have received representations praying for the establishment of a Stationary First Class Magistrate's Court at Adur?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്): ഉണ്ട്.

Shri K. Madhavan Unnithan: Do the Government contemplate to sanction a Court at Adur?

ശ്രീ. ടി. എം. വർഗ്ഗീസ്: അതു സാങ്ക്ഷൻ ചെയ്തില്ല. അതിനെപ്പററി അന്വേഷിക്കുന്നുണ്ട്.

കാട്ടൂരിലുള്ള മലംഡിപ്പോ

†൧൯൧. (൬) ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രാദേശിക സമിതി വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) അമ്പലപ്പുഴ താലൂക്കിൽ കാട്ടൂരിലുള്ള മലംഡിപ്പോ സംബന്ധിച്ച് അവിടത്തെ നിവാസികളിൽനിന്നും എന്തെങ്കിലും നിവേദനങ്ങൾ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് ഇതേവരെ യാതൊരു പരിഹാരനടപടികളും സ്വീകരിക്കാതിരിക്കുന്നതു് എന്തുകൊണ്ടാണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) ആ മലംഡിപ്പോ പൊതുജനങ്ങൾക്കു യാതൊരു ഉപദ്രവവും ഉണ്ടാക്കാത്തതുകൊണ്ട് പരിഹാരനടപടികൾ സ്വീകരിക്കേണ്ട ആവശ്യമുണ്ടായിട്ടില്ല.

ശ്രീ. ആർ. സുഗതൻ: ആ മലംഡിപ്പോയ്ക്കു ചുററും ആളുകൾ പാർക്കുന്നുണ്ടെന്നും, അവർക്കു അതുകൊണ്ടു വലിയ അസൗകര്യങ്ങൾ നേരിടുന്നുണ്ടെന്നും, അതിനാൽ ആ ഡിപ്പോ അവിടന്നു മാററിത്തരണമെന്നും കാണിച്ചു രണ്ടുകൊല്ലമായി ജനങ്ങൾ നിവേദനം നടത്തിയില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു വളരെ വിസ്തൃതമായ ഒരു സ്ഥലമാണ്. പതിനാലു ഏക്കറോളമുണ്ട്. അതുകൊണ്ടു ജനങ്ങൾക്കു വലിയ ഉപദ്രവമുണ്ടാകുമെന്നു വിചാരിക്കുന്നില്ല.

ശ്രീ. ആർ. സുഗതൻ: ആ ഡിപ്പോയ്ക്കടുത്തു ആളുകൾ പാർപ്പുണ്ടെന്നുള്ള വിവരം ഗവൺമെൻറിനറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആലപ്പുഴനിന്നും നാലുമൈൽ അകലെയാണ് ഈ സ്ഥലം. മെയിൻറോഡിൽനിന്നും അരനാഴിക ഉള്ളിലേക്ക

† As the Member was absent, this question was put by Shri. R. Sugathan with the permission of the Chair.

നീങ്ങിയാണ് ഡിപ്പോ സ്ഥാപിച്ചിരിക്കുന്നതു്. മലംഡിപ്പോ അവിടെ തുടങ്ങിയപ്പോഴും അവിടെയെങ്ങും ആൾപാർപ്പുണ്ടായിരുന്നില്ല. ഇട റോഡു വെട്ടിയപ്പോൾ റോഡിന്റെ ഇരുവശങ്ങളിലും ആളുകൾ താമസിക്കുവാൻ തുടങ്ങിയിട്ടുണ്ടു്. അതു് ആളുകൾതന്നെ ഉണ്ടാക്കുന്ന—സ്വയം കൃതങ്ങളായ—അനർത്ഥങ്ങളാണ്.

ശ്രീ. ആർ. സുഗതൻ: ആളുകൾ താമസിച്ചുകൊണ്ടിരുന്നപ്പോൾതന്നെയാണ് മലംഡിപ്പോ തുടങ്ങിയതെന്നുള്ള വിവരം ഗവൺമെന്റിനറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ അറിവില്ല.

ശ്രീ. ഒ. സി. നൈനാൻ: മലംഡിപ്പോ സ്ഥാപിക്കുന്ന കാലത്തു അടുത്തുള്ള ഒരു വീട്ടിലേക്കു എന്തു ദൂരമുണ്ടായിരുന്നു?

ശ്രീ. കെ. കൊച്ചുകുട്ടൻ: അര മൈലിനുള്ളിൽ ആൾ പാർപ്പുണ്ടായിരുന്നില്ല.

ELECTRIC CORPORATIONS

*192. [9] **Shri Sattanatha Karayalar:** Will the Minister for Electricity be pleased to state:—

(*a*) whether the Electric Corporation of Nagercoil and Shencottah produce the entire current required for the supply or are they only redistributing agencies;

(*b*) if they are only redistributing agencies the terms and conditions under which these corporations are being run; and

(*c*) whether there is a demand from the people of Nagercoil and Shencottah towns for municipalising these corporations; and if so what steps the Government have taken?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) The Shencottah Electric Supply agency is a redistributing agency. The Nagercoil Electric Supply Corporation is getting part of its power requirements from its own thermal station, and part from the Government system.

(*b*) These agencies are given licenses to distribute energy in the respective areas. These licenses contain the terms and conditions under which they are to work. A statement containing the main terms and conditions is placed on the table of the House.*

(*c*) Yes. Since the intention of Government is to nationalise all such private undertakings no further steps were taken to municipalise these Corporations.

Shri. K. Sattanatha Karayalar: Do they supply current for agricultural purposes also?

Shri Kalathil Velayudhan Nair: No, they do not.

Shri K. Sattanatha Karayalar: Why not?

Shri Kalathil Velayudhan Nair: That is not one of the terms in their conditions.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഒരു യൂണിററിനു കറണ്ടു സപ്ലൈ ചെയ്യുന്നതു് എന്തു റേററ വെച്ചാണ്?

Shri Kalathil Velayudhan Nair: Between 7 and 8 annas per unit.

*See Appendix A.

ശ്രീ. എ. കുഞ്ഞൻനാടാർ: ഒരു ജോലിയും ചെയ്യാതെ ഈ കറന്റ ഇനത്തിൽ പയനിയർ കമ്പനി ഒരു വലിയലാഭം ഉണ്ടാക്കുന്നുവെന്നുള്ള വിവരം അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ അറിവില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: വ്യ അണവച്ചു ഗവണ്മെന്റിലേക്കു എടുത്താൽ അതു പൊതുജനങ്ങൾക്കു യൂണിററിനു എന്തു റേററിനാണ് കൊടുക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേ വിലക്കുതന്നെയാണു കൊടുക്കുന്നതു്.

ശ്രീ. ടി. എസ്. രാമസ്വാമിപിള്ള: ഒരു യൂണിററിനു നാലണ ഉണ്ടായിരുന്നതു് ഇപ്പോൾ കുറയാൻ കാരണമെന്താണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു മുൻപുണ്ടായിരുന്ന ഉടമ്പടി അനുസരിച്ചാണ്.

ശ്രീ. ടി. എസ്. രാമസ്വാമിപിള്ള: മുൻപു എന്നു പറഞ്ഞാൽ അതു ഏതാണ്ടിലാണ്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൧൯ ൩ ൦ ലാണ്.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഗവണ്മെന്റു അനുവാദം കൂടാതെ പയനിയർ കമ്പനിയുമായി കറന്റു വിതരണം സംബന്ധിച്ചു agency ഏർപ്പാടു ചെയ്യുവാനുള്ള കാര്യം ജോസഫ് ജോൺ കേസിനെ സംബന്ധിച്ചിടത്തോളവും ബന്ധമുള്ളതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിഞ്ഞുകൂടാ.

Shri K. Sattanatha Karayalar: Was the period of agreement extended on the termination of the first period?

Shri Kalathil Velayudhan Nair: No; even though there was a provision in the agreement to extend it, I may say for the information of the hon. Members, that Government are going to take over this concern; and at that time all these things will be considered.

ELECTRIFICATION IN SHENCOTTAH

*193. [10] **Shri. K. Sattanatha Karayalar:** Will the Minister for Electricity be pleased to state:

(a) what steps the Government have taken towards rural electrification in regard to Shencottah taluk;

(b) whether the Government are negotiating with the Government of Madras for the extension of the Papanasam Hydro Electric Scheme to the rural areas of Shencottah taluk; and

(c) if so, the progress made so far?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(a) Since the rural areas of Shencotta taluk are far away from the State distribution lines the Government of Madras was requested to supply 200 K. W. of power from the 11 K. V. line of that Government which runs from Tenkasi to Kadayanalloor.

(b) Yes.

(c) The Government of Madras have agreed to supply a portion of our requirement and this Government are taking steps to obtain and utilise the current promised by the former.

Shri K. Sattanatha Karayalar: How long will it take to complete the work?

Shri Kalathil Velayudhan Nair: During this year.

Shri K. Sattanatha Karayalar: Do they contemplate agricultural use?

Shri Kalathil Velayudhan Nair: Yes.

മീനച്ചിൽതാലൂക്കിലെ നിരോധനം

* ൧൪. (൧൧) ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യത്തിനുബന്ധമാനപ്പെട്ട നിയമസമാധാന വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

മീനച്ചിൽ താലൂക്കിൽ ഐക്യമുന്നണിനേതാക്കൾക്ക പൊതുജനങ്ങൾ സ്വീകരണം നൽകുന്നതിനെ നിരോധിച്ചുകൊണ്ട് കോട്ടയം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് കൽപ്പന പുറപ്പെടുവിച്ചിട്ടുള്ളതു ഗവമ്മെൻറിൻെറ അറിവോടും സമ്മതത്തോടും കൂടിയാണോ?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗീസ്): അല്ല.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: പൊതുയോഗം കൂടുമ്പോൾ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് നിരോധന ഉത്തരവു പുറപ്പെടുവിക്കുന്നതു എന്തു അടിസ്ഥാനത്തിൻമേലാണ്? അതിൽ ഗവമ്മെൻറിനു യാതൊരു അറിവും കിട്ടുന്നില്ലയോ?

ശ്രീ. ടി. എം. വർഗീസ്: പൊതുയോഗം നിരോധിക്കുന്ന സംഗതി മുൻകൂട്ടി ഗവമ്മെൻറിനെ അറിയിക്കണമെന്നില്ല. ക്രിമിനൽ പ്രൊസീഡിയർ കോഡ് ൧൪൪–ാംവകുപ്പു അനുസരിച്ചു മജിസ്ട്രേട്ടിൻെറ അധികാരം വിനിയോഗിച്ചു പൊതുയോഗങ്ങൾ തടയാം. നിയമവും പതിവും അങ്ങിനെയാണ്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഈ വകുപ്പു അനുസരിച്ചു ഏതെങ്കിലും കോൺഗ്രസ് മീററിംഗുകൾ നിരോധിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗീസ്: പൊതുവെ ഒരു കാര്യത്തെപററ സ്പർശിക്കുന്നതും പ്രധാനചോദ്യത്തിൻെറ പരിധിയിൽ പെടാത്തതുമായ ഒരു ചോദ്യമാകയാൽ അതിനു പ്രത്യേകം നോട്ടീസുവേണം.

ശ്രീ. ആർ. സുഗതൻ: ജനായത്തഭരണകാലത്തു് പൊതുയോഗങ്ങൾ തടയുന്നതു പൗരാവകാശ ധ്വംസനം ആണെന്നറിയാമോ?

ശ്രീ. ടി. എം. വർഗീസ്: പൗരാവകാശ ധ്വംസനം ആണോ അല്ലയോയെന്നു ഒരു മീററിംഗ് നടക്കുന്നതിനു മുൻപു പറയാൻ നിവൃത്തിയില്ല. യോഗങ്ങൾ തടയുന്നതിൻെറ ന്യായാന്യായങ്ങൾ യോഗത്തിൻെറ ഉദ്ദേശവും പരിപാടിയും അനുസരിച്ചായിരിക്കും. അതുകളെപററി ആലോചിച്ചു മറുപടി പറയാം.

ശ്രീ. ആർ. സുഗതൻ: ആലോചിച്ചതിനുശേഷം മറുപടി പറയാമെന്നു പറഞ്ഞല്ലോ. ഈ ആലോചനക്ക എത്രനാൾ വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. ടി. എം. വർഗീസ്: ആലോചിക്കണമെന്നുള്ളതിലേക്ക നേരിടുന്ന കാലതാമസം സംഗതികളുടെ ഗൗരവത്തെയും ആലോചിക്കുന്ന ആളിൻെറ പ്രാപ്തിയേയും അനുസരിച്ചായിരിക്കും.

ശ്രീ. ആർ. സുഗതൻ: ഗൗരവമായി ആലോചിക്കണമെങ്കിൽ അല്ലെങ്കിൽ ഗൗരവമുള്ളകാര്യങ്ങളെപററി ആലോചിക്കണമെങ്കിൽ എത്രദിവസം വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. ടി. എം. വർഗീസ്: കാര്യം ആലോചനയ്ക്കു വിഷയമാകുമ്പോഴല്ലാതെ മുൻകൂട്ടി പൊതുവെ നിശ്ചയിക്കത്തക്കതല്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: ഭരണഘടനയനുസരിച്ചു സ്വൈരമായി പൊതുയോഗം കൂടാൻ വ്യവസ്ഥചെയ്തിരിക്കെ മജിസ്ട്രേട്ടിന്റെ ഈ വിധമുള്ള നിരോധനാജ്ഞകൾ ഇനിമേലാലെങ്കിലും പുറപ്പെടുവിക്കാതിരിക്കാൻ വേണ്ടതു ചെയ്യുമോ?

ശ്രീ. ടി. എം. വർഗീസ്: ഈ ചോദ്യത്തിനുള്ള ഉത്തരം ഞാൻ മുൻപു പറഞ്ഞുകഴിഞ്ഞു.

ഭവന നിർമ്മാണം

* ൧൯൫. (൧൨) ശ്രീ. അലക്സാണ്ടർ പറമ്പിത്തറയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കോവാപ്പറേറ്റീവു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൧–൫൨–ൽ കോവാപ്പറേറ്റീവു് ഹൗസിംഗ്സ്കീം പ്രകാരം എത്ര പുതിയ വീടുകൾ പണിയുവാനാണു് എസ്റ്റിമേററ ചെയ്തിട്ടുള്ളതു്?

(ബി) ആകെ എസ്റ്റിമേററ സംഖ്യ എന്തു്;

(സി) എത്ര വീടുകൾ ഇതുവരെ പണി കഴിഞ്ഞിട്ടുണ്ടു്;

(ഡി) ഏതെല്ലാം പ്രദേശങ്ങളിലാണു് ഈ വീടുകൾ പണി ചെയ്തിട്ടുള്ളതു്;

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൪൦൧ വീടുകൾ

(ബി) ൩,൦൬,൬൮൦ രൂപ.

(സി) ൨൩൩ വീടുകൾ.

(ഡി)

കന്യാകുമാരി	൧൬
തെന്മല	൭൦
ഏനയം	൨൦
വിഴിഞ്ഞം	൧൫
തിരുവനന്തപുരം	൩൦
കൊല്ലം	൧൦
പുനലൂർ	൧൮
കുമരകം	൧൦
ആലപ്പുഴ	൨൪
ആലുവാ	൩൦
തേവര	൩൩
ഇരിങ്ങാലക്കുട	൨൪
ഇടവിളാകം	൧൨

ഗ്രാൻറ വൈദ്യശാലകൾ

*൧൪. (൧൪) ശ്രീ. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആയുർവേദ ഗ്രാൻറവൈദ്യശാലകൾക്ക് ഗ്രാൻറ പുതുക്കുന്നതിനു ഗവമ്മെൻറിനു വല്ല സ്കീമും ഉണ്ടോ;

(ബി) വൈദ്യശാലയ്ക്കു ഗ്രാൻറുകൊടുക്കുന്നതിനു തിരുവിതാംകൂർ വിഭാഗത്തും കൊച്ചിവിഭാഗത്തും ൧൯൫൦-ൽ ഒരേ മാനദണ്ഡമാണോ സ്വീകരിച്ചിട്ടുള്ളതു്;

(സി) പുതിയ സ്കീം അനുസരിച്ചു് എത്ര വൈദ്യശാലകൾക്ക് ഗ്രാൻറ കൊടുക്കുന്നു?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) സ്കീം ഉണ്ടായിരുന്നതു് നടപ്പിൽ വരുത്തിക്കഴിഞ്ഞിരിക്കുന്നു.

(ബി) ൧൯൫൦-ൽ കൊച്ചിവിഭാഗത്തു് മുൻകൊച്ചിയിൽ നടന്നിരുന്ന മാതിരിയും, തിരുവിതാംകൂർ വിഭാഗത്തു മുൻതിരുവിതാംകൂറിൽ നടന്നിരുന്ന മാതിരിയും മാനദണ്ഡം വെച്ചുകൊണ്ടാണു് ഗ്രാൻറ നൽകീട്ടുള്ളതു്.

(സി) പുതിയ സ്കീം അനുസരിച്ചു് ഒന്നാംഗ്രേഡിനു എട്ടും രണ്ടാം ഗ്രേഡിനു ൨൫൦-ം മൂന്നാം ഗ്രേഡിനു ൨൫ ൭൦-ം, വൈദ്യശാലകൾക്കു ഗ്രാൻറ കൊടുക്കുന്നുണ്ടു്.

ശ്രീ. വാസുദേവൻ പിള്ള: കൊച്ചിയിലും തിരുവിതാംകൂറിലും ഉള്ള വൈദ്യശാലകൾക്കു് കൊടുക്കുന്ന ഗ്രാൻറ ഏകീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. വി. മാധവൻ: അങ്ങനെ ഏകീകരിക്കണമെന്നാണു് വിചാരിച്ചിരുന്നതു്. അതനുസരിച്ചു് ഏകീകരിച്ചിട്ടുണ്ടു്.

Shri A. Chidambaranatha Nadar: Do Government propose to give any grant to Sidhavydhyam?

ശ്രീ. വി. മാധവൻ: ഈ സംഗതി ഈ ചോദ്യത്തിൽ ഉൾപ്പെട്ടതല്ല.

ശ്രീ. വാസുദേവൻ പിള്ള: എന്നു മുതലാണു് ഈ ഗ്രാൻറ ഏകീകരിച്ചതെന്നു പറയാമോ?

ശ്രീ. വി. മാധവൻ: അതു് ൧൯൫൨ ജനുവരി ഒന്നാം തിയ്യതി മുതലാണു്.

ശ്രീ. ഒ. സി. നൈനാൻ: ഈ സ്കീം അനുസരിച്ചു വിഷവൈദ്യശാലകൾക്കു കൊടുത്തുകൊണ്ടിരുന്ന ഗ്രാൻറ ഏകീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അവകളെപ്പററി പ്രത്യേകം ആലോചിച്ചിട്ടില്ല.

Mr. Speaker: Question No. 15.

Shri Vasudevan Pillai: I withdraw question No. 15 (The question was not put by the member)

Shri Vasudevan Pillai: I put question No. 16.

Mr. Speaker: You have exhausted your quota. I have already called three questions.

Shri Vasudevan Pillai: I rise to a point of order. I have asked only two questions, and have withdrawn the third question. So, I am entitled to put this question.

Mr. Speaker: There seems to be some confusion about withdrawing questions. This is the provision relating to the matter. I am reading the provision in Rule 18 of the Travancore-Cochin Legislative Assembly Rules:

"That a member may, by notice given at any time before the meeting for which his question has been placed on the list, withdraw his question or postpone it to a later date, to be specified in the notice, and on such later day, the question shall, subject to the provisions of sub-rule (4) be placed on the list after all questions which have not been so postponed."

So, the rule says that the Speaker shall call only three questions of a Member. I have called three of your questions. If any Member wants to withdraw any question before the House, information relating to such withdrawal must be given to the Secretary or to the Speaker beforehand.

പത്തനംതിട്ട ആശുപത്രി

*൯൧. (൯൬) ശ്രീ. വാസുദേവൻ പിള്ള: താഴെ പറയുന്ന ചോദ്യത്തിനു ബഹു. മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പത്തനംതിട്ട ആശുപത്രി ഡിസ്ട്രിക്ട് ആശുപത്രിയായി ഉയർത്തുന്നതിനു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ)

ഉണ്ട്. പത്തനംതിട്ടയിൽ ഒരു ഡിസ്ട്രിക്ട് ആശുപത്രിയുടെ ആവശ്യമില്ല.

മദ്യനിരോധനം

*൯൨. (൧൦) ശ്രീ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു. എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ:—

(എ) മദ്യനിരോധനം തിരു-കൊച്ചിയിൽ മുഴുവൻ വ്യാപിപ്പിക്കുവാൻ ഗവർമ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

(ബി) ഈ സ്കീം നിറുത്തിവയ്ക്കുന്നതിനു കാരണങ്ങൾ ഉണ്ടോ;

(സി) നിറുത്തിവെച്ച സ്ഥലങ്ങളിൽ ചില കമ്പനികൾക്കും റസ്റ്റ് ഹൌസുകൾക്കും മദ്യം വിൽപാൻ അനുവാദം ഉണ്ടോ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ട്.

(ബി) സ്കീം നിറുത്തിവച്ചിട്ടില്ല. മദ്യനിരോധനം നടപ്പാക്കിയ സ്ഥലങ്ങളിൽ അതിൻെറ പ്രവർത്തനവും പുരോഗതിയും ഗവർമ്മെൻറ് അവധാനം വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അതിനു ശേഷം മററു സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്.

---

*These questions were not put, the questioner having exhausted his quota.

(സി) മദ്യനിരോധനം നിലവിലുള്ള ചില സ്ഥലങ്ങളിൽ തിരുവിതാംകൂർ-കൊച്ചി ട്രാവൽ ബ്യൂറോ ലിമിററഡിനും അതിന്റെ ബ്രാഞ്ചുകൾക്കും, ഉത്തമവിശ്വാസമുള്ള സംസ്ഥാന സന്ദർശകർക്കുമാത്രം മദ്യം നൽകുന്നതിനുള്ള ലൈസൻസുകൾ കൊടുക്കാൻ അനുവദിച്ചിട്ടുണ്ട്*

வீடுகள்

*199. [21] ஸ்ரீ. ஏ. ஸாம்ராஜ்: கீழ் குறிப்பிடும் வினாக்களுக்கு கனம் பின்னோக்க சமுதாய வகுப்பு மந்திரி தயை கூர்ந்து விடை நல்குவாரா?

(ஏ) சொந்த பூமியுடன் வீடு இல்லாதவர்களுக்கு சொந்த ஸ்தலமும் வீடும் கொடுப்பதற்கு கவர்ன்மென்று ஏதாவது திட்டம் ஏற்படுத்தியதுண்டா?

(பி) அப்படியிருக்குமானால் எந்தெந்த ஜாதிக்காரர்களுக்கு கொடுக்கவேண்டும் என்ற தீர்மானம் உண்டா?

(ஸி) பின்னிலையில் நிற்கப்பட்ட ஜாதியரான சாம்பவர், சேரமர், ஐயனவர், சித்தனர், பேடர், காணிக்காரர், பள்ளர் முதலானவர்களுக்கு இந்தத்திட்டம் அனுசரித்து வீடுகள் கொடுக்கிறதுண்டா?

(டி) அவரவர் பூர்வீகமாய் தாமதிக்கும் ஸ்தலங்களில் ஒரு குடும்பத்திற்கு பத்து ஸென்று கூடாதபடி பொன்விலை கொடுத்து எடுத்துக் கொடுப்பதற்கு ஏதாவது திட்டமுண்டா?

(ஈ) பட்டயக்காரர்களுடைய பூமிகளில் பாரம்பரியமாய் தாமதித்து வருபவர்களுக்கு அந்த ஸ்தலத்தை அவர்களுக்கே Acquire செய்து கொடுக்கவேண்டுமென்று Uplift Department தீர்மானம் பாஸாக்கிற்றுண்டா?

(எப்) மேல் சொன்ன ஜாதிக்காரர்களை மதவித்தியாசம் பாராமல் ஸ்தலம் Acquire செய்து கொடுக்கவேண்டுமென்று Uplift Department பாஸாக்கிற்றுண்டா?

(ஜி) தோவாளைத்தாலூக்கில் இலுப்பயடி, இலந்தயடி என்ற இரண்டு ஊர்களிலுள்ள ஷெடூல் வகுப்பாருக்கு வீடு கட்டுவதற்காக பொன் விலை கொடுத்து கவன்மென்று ஸ்தலம் எடுத்ததா? அப்படியானால் எடுத்தது ஏது வருஷத்தில்? எடுத்த ஸ்தலத்தை அவர்களுக்கு வீடுகட்ட கொடுத்தாய்விட்டதா? கொடுக்கவில்லையானால் ஏன்?

(எச்) இந்த ஸ்தலங்களை ஷெடூல் வகுப்பாரில் கிருஸ்தவ மதத்தைத் தழுவினவருக்கு கொடுக்கலாகாது என்று கவர்ன்மென்று தீர்மானம் செய்ததுண்டா?

Minister for Local Self Government **(Shri. K. Kochukuttan):**
(*a*) Yes.

(*b*) All the poor and indigent members irrespective of the community to which they belong would be provided with house and house-sites.

(*c*) Yes.

(*d*) No.

(*e*) No.

(*f*) No.

(*g*) Yes; the acquisition proceedings were completed in 1951.

(*h*) No.

Shri P. S. Nataraja Pillai: In respect of answer to (*g*), may I know whether the lands acquired by Government have been allotted to different individuals so far?

Shri K. Kochukuttan: It is being given to individuals but not yet finished.

Shri P. S. Nataraja Pillai: Have the Government any scheme to grant them any amount to build houses in those sites?

Shri K. Kochukuttan: Government have such a scheme.

Shri P. S. Nataraja Pillai: May I know what is the area that is to be granted to each family?

Shri K. Kochukuttan: Under the settlement scheme and housing scheme, 5 to 10 cents of land will be given to each family.

Shri P. S. Nataraja Pillai: I want to know what is the area proposed to be given from the land now acquired?

Shri K. Kochukuttan: I want notice.

Shri P. S. Nataraja Pillai: May I know the area now acquired by Government in these two villages?

Shri K. Kochukuttan: I claim notice.

Shri P. S. Nataraja Pillai: May I take it that the scheme will be seen through during the course of this year at least?

Shri K. Kochukuttan: Every attempt will be made.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: വീടില്ലാത്തവർക്ക് ഓരോ കട വാങ്ങിക്കൊടുക്കുവാൻ ഗവൺമെന്റിന് ദയവുണ്ടാകുമോ? (ചിരി)

(ഉത്തരം ഇല്ല.)

ரோடு

*200 [22] ஸ்ரீ. ஏ. ஸாம்ராஜ்: கீழ் குறிப்பிடும் விஷயங்களுக்கு கனம் வில்லேஜ் அப்லிப்டு வகுப்பு மந்திரி தயைகூர்ந்து விடை நல்குவாரா?

(ஏ) அகஸ்தீஸ்வரம் தாலூக்கில் நரிக்குளம் காலனிக்கும் அதற்குத் தெற்குப்பக்கம் இருக்கும் கிராமத்திற்குமிடையில் போக்குவரத்திற்குச் சாதகமான ரோடு இருக்கிறதா?

(பி) இப்பொழுது இருக்கும் சீர்கேடான பாதையில் வண்டி போகமுடியாத நிலையில் இருக்கிறது என்பது கவர்ன்மென்டுக்குத் தெரியுமா?

மசானபூமி

*201 [23] ஸ்ரீ. ஏ. ஸாம்ராஜ்: கீழ் குறிப்பிடும் விஷயங்களுக்கு கனம் பூமி வகுப்பு மந்திரி தயைகூர்ந்து விடை நல்குவாரா?

(ஏ) தோவாளைத் தாலூக்கில் கண்ணன்புதூரில் வசித்துவரும் ஷெடுல் வகுப்பினர் 1112-ம் ஆண்டு முதல் உத்தேசம் 15 வருஷகாலமாய் சர்க்கார் உத்தரவுப்படியும் அதன் முன்பும் பரம்பரையாக உபயோகித்துவரும் மசானத்தில் (Cremation ground) கிராமவாசி ஒருவர் பிரவேசித்தார் என்று புறம்போக்கு கேஸ் எடுக்கப்பட்டதா? அக்கேஸில் (Prohibitory Assessment) செய்யப்பட்டதா? மசானமாய் உபயோகித்ததற்கு தனி நபர் பேரில் கேஸ் எடுக்க காரணம் என்ன?

(பி) இந்த மசானத்தை (Cremation ground) முன்போல் அவ்வூர் பொதுஜனங்கள் உபயோகிப்பதற்காக சர்க்கார் தடஸ்தம் செய்யாமல் இருப்பதற்கும் பொதுஜனங்கள் பேரில் இந்த பூமி இருப்பதற்கும் தடை ஏதாவதுண்டா?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ): ഈ ചോദ്യത്തിന് ഉത്തരം തയാറായിട്ടില്ല. ബഹു. സ്പീക്കറുടെ അനുവാദത്തോടുകൂടി അടുത്തുതന്നെ ഉത്തരം പറയുന്നതാണ്.

GOVERNMENT PRESS, TRIVANDRUM

*202 [24] **Shri O. C. Ninan:** Will the Minister for Stationery and Printing be pleased to state:

(*a*) what is the capital expenditure incurred by the Government for the Government Press at Trivandrum;

(*b*) is the Press working at a loss or at a profit;

(*c*) if it is at a profit, what is the percentage of profit;

(*d*) what is the present pay and allowance of the present Superintendent of the above Press; and

(*e*) what was the pay and allowance of the previous Superintendent?

Chief Minister **(Shri A. J. John):**

(*a*) Total capital expenditure incurred by Government till 31st August 1951; Rs. 3,67,440.

(*b*) Since the Press is not working on a commercial basis, the information is not available.

(*c*) In view of the answer to (b), this does not arise.

(*d*) The present pay and allowances for the present Superentendent of of the Government Press is Rs. 998—14—0 including dearness allowance.

(*e*) The pay of the previous Superintendent was Rs. 373—12—0 including dearness allowance.

ശ്രീ. ഒ. സി. നൈനാൻ: മുമ്പിലത്തെ പ്രസ്സ് സൂപ്രണ്ടിന്റെ ശമ്പളത്തെക്കാളും വലിയ ഒരു ശമ്പളം കൊടുത്ത് ഒരു സൂപ്രണ്ടിനെ നിയമിക്കുവാൻ കാരണമെന്താണ്?

ശ്രീ. എ. ജെ. ജോൺ: ഈ പ്രസ്സ് ശരിയായ വിധത്തിൽ റീഓർഗനൈസ് ചെയ്യണമെന്നും പരിഷ്കരിക്കണമെന്നും ഗവൺമെന്റിന് തോന്നിയതുകൊണ്ടാണ്.

ശ്രീ. ഒ. സി. നൈനാൻ: ഈ പ്രസ്സ് സൂപ്രണ്ടിനെ നിയമിച്ചിട്ട് എത്ര കാലമായി?

ശ്രീ. എ. ജെ. ജോൺ: ൧൯൫൧ ഏപ്രിൽ ൨൪-ാംനു ആണ് നിയമിച്ചത്.

ശ്രീ. ഒ. സി. നൈനാൻ: ഇതേവരെ ഏതെങ്കിലും റീഓർഗനൈസേഷൻ സ്കീം അവിടെ നടപ്പിലാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പല സ്കീമുകളും അദ്ദേഹം സബ്മിററ ചെയ്തിട്ടുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: റീഓർഗനൈസേഷൻ സ്കീംസിൽ ഏതെങ്കിലും അവിടെ നടപ്പിലാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്.

ശ്രീ. ഒ. സി. നൈനാൻ: എവിടെനിന്നാണ് പ്രസ്സ് സൂപ്രണ്ടിനെ കൊണ്ടുവന്നത്?

ശ്രീ. എ. ജെ. ജോൺ: മദിരാശിയിൽനിന്ന്.

ശ്രീ. ഒ. സി. നൈനാൻ: അദ്ദേഹത്തിന് മദിരാശിയിൽ ഉണ്ടായിരുന്ന ശമ്പളത്തിന്റെ കാൽഭാഗവും ഡീയർനസ് അലവൻസും മാത്രമേ കൂടുതലായി കൊടുക്കുന്നുള്ളോ?

ശ്രീ. എ. ജെ. ജോൺ: അതേ

Shri P. S. Nataraja Pillai: Under the reorganization proposed by the new Superintendent, was the rate prevalent for the compositors now working there, reduced?

Shri A. J. John: I am not aware of that.

ശ്രീ. കുമാരപിള്ള: ഗവൺമെൻറുപ്രസ്സിലെ വൃ ബൈൻററന്മാരിൽ നിന്നും വല്ല പരാതികളും ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഈ ചോദ്യത്തിന് ഇതിനുമുമ്പുതന്നെ ഉത്തരം പറഞ്ഞിട്ടുള്ളതാണ്. അവർ വാളൻറിയറന്മാരായിരുന്നു. പിന്നീട് അവരെ നിയമിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: തിരു–കൊച്ചി സംസ്ഥാനത്ത് പ്രസ്സ് സൂപ്രണ്ടാകുവാൻ യോഗ്യതയുള്ളവർ ആരും ഇല്ലെന്നാണോ ഗവൺമെൻറിൻെറ അഭിപ്രായം?

ശ്രീ. എ. ജെ. ജോൺ: ഇത്രയും യോഗ്യതയുള്ള ആരും ഇല്ലെന്നാണു അഭിപ്രായം.

ശ്രീ. കുമാരപിള്ള: പീസ്‌വർക്കകാരായിരുന്ന കമ്പോസിററന്മാർക്ക മാസശമ്പളമാക്കിയപ്പോൾ പീസുവർക്കകാലത്തു അവർക്ക കിട്ടിയിരുന്നതിനേക്കാൾ ശമ്പളം കുറഞ്ഞിട്ടുണ്ടെന്ന് ഗവൺമെൻറിന് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അതിനെക്കുറിച്ചുള്ള വിവരങ്ങൾ കയ്യിലില്ലാത്തതുകൊണ്ട് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: കേന്ദ്രഗവൺമെൻറും ഈ സൂപ്രണ്ടിൻെറ നിയമനവും ആയി വല്ല ബന്ധമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: മദ്രാസ് സർവ്വീസിൽനിന്ന് ഒരാളെ ഇങ്ങോട്ടു എടുക്കണമെങ്കിൽ അതിന് കേന്ദ്രഗവൺമെൻറിൻെറ അനുവാദം വേണമെന്നുണ്ട്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ഇദ്ദേഹത്തെ മദ്രാസ് സർവ്വീസിൽ നിന്ന് ഇങ്ങോട്ടു എടുക്കുന്നതിന് കേന്ദ്രത്തിൻെറ അനുവാദം ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്.

Shri P. S. Nataraja Pillai: May I know whether the present Superintendent is a man with foreign qualifications in printing? What are his special qualifications?

Shri A. J. John: He is Duputy Superintendent, Government Press Madras. വേറെ കോളിഫിക്കേഷൻ ഉണ്ടോ എന്നു അറിഞ്ഞുകൂടാ.

ശ്രീ. ആർ. കേശവപിള്ള: പ്രസ്സ് സൂപ്രണ്ടായ ശ്രീ. അമലനാഥനെപ്പോലെ ശമ്പളം മേടിക്കുന്ന ഏതെങ്കിലും ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻ ഈ തിരുവിതാംകൂർ കൊച്ചിയിലുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടായിരിക്കണം.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: പ്രസ്സിൻെറ ഭരണം തൃപ്തികരമല്ലെന്നു കണ്ടതുകൊണ്ടാണോ മദിരാശിയിൽനിന്നും ഒരാളെ ഇവിടെ കൊണ്ടുവന്നത്.

ശ്രീ. എ. ജെ. ജോൺ: അതേ.

ശ്രീ. ആർ. കേശവപിള്ള: ഇപ്പോഴത്തെ പ്രസ്സ് സൂപ്രണ്ട് വന്നതിനു ശേഷം അവിടെനിന്നുണ്ടായിട്ടുള്ള പ്രസിദ്ധീകരണങ്ങൾ നന്നായിട്ടുണ്ടെന്നു ഗവണ്മെന്റിനു ബോദ്ധ്യമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ബോദ്ധ്യമുണ്ട്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: ചീഫ് സെക്രട്ടറിയെ കൂടാതെ ഈ രാജ്യത്തെ മറ്റേതെങ്കിലും ഡിപ്പാർട്ട്മെണ്ട് മേലദ്ധ്യക്ഷനു ൧൲൦ രൂപായിൽ കൂടുതൽ ശമ്പളമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ചില ഉദ്യോഗസ്ഥന്മാർക്ക് അതിൽ കൂടുതൽ ശമ്പളമുണ്ട്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: വിദേശത്തുനിന്നു വന്ന ആളായതുകൊണ്ടാണോ അമലനാഥനു കൂടുതൽ ശമ്പളം കൊടുക്കുന്നത്?

ശ്രീ. എ. ജെ. ജോൺ: അദ്ദേഹത്തെ മദ്രാസ് സർവ്വീസിൽനിന്ന് എടുത്തിരിക്കയാണ്. അദ്ദേഹത്തിന് മദ്രാസിൽ ഉണ്ടായിരുന്ന ശമ്പളത്തിന്റെ കാൽഭാഗവും ഡീയർനസ് അലവൻസും മാത്രമേ കൂടുതൽ കൊടുക്കുന്നുള്ളു.

ശ്രീ. എ. താണുപിള്ള: ഈ സൂപ്രണ്ടിന്റെ കീഴിലുള്ള അവിടത്തെ ജോലിക്കാർക്ക് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ശമ്പളം പീസുവർക്കുസിസ്റ്റ പ്രകാരം അവർക്ക് കിട്ടിയിരുന്നതിനേക്കാൾ കുറവാണെന്നു ഗവണ്മെന്റിനു അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അതിന്റെ വിവരങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. എ. താണുപിള്ള: പെൻഷൻ ആകാറായിട്ടുള്ളവർക്ക് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ശമ്പളനിരക്കുമൂലം അവരുടെ പെൻഷനിൽ കുറവു വരുമെങ്കിൽ ആ കുറവു ഉണ്ടാകാതിരിക്കുവാൻ ഗവണ്മെണ്ടു നോക്കുമോ?

ശ്രീ. എ. ജെ. ജോൺ: പീസുവർക്കുകാലത്തു അവർ കൂടുതൽ സമയം ജോലിചെയ്തിരുന്നതുകൊണ്ടു കൂടുതൽ സംഖ്യ കിട്ടിയിരുന്നു. ഇപ്പോൾ അങ്ങനെയല്ല.

SALE OF ACTS AND RULES

* **203** [25] **Shri O. C. Ninan**: Will the Minister for Stationery and Printing be pleased to state:

(*a*) Are the Acts and Rules passed after 1947 available for sale in the Government Press;

(*b*) what are the Acts that are not available in the Government Press;

(*c*) is the Government aware that much difficulty is experienced by the public by the non-availability of the Acts and Rules;

(*d*) when is the Gazette issued to the subscribers from the Government Press; and

(*e*) is it a fact that there are considerable latches in the matter of issue of the Gazette from the Press to the subscribers?

Chief Minister **(Shri A. J. John):**

(*a*) Yes; except the Acts and Rules mentioned in answer to part (b);

(*b*) the following is the list of Travancore-Cochin Rules which are available for sale here:

1. 1947/1122 M.E. Excepting Rules to Act II of 1122, all the other Rules are not available.

2. 1123 M.E. Excepting Rules to Act VII of 1123, all the other Rules are not available.

3. 1124 M.E. Excepting Rules to Acts 4, 6, 9, 18 and 19 of 1124, all the other Rules are not available.

4. 1125 M.E. Excepting Rules to Acts 1, 2, 9, 10 and 11 of 1125, all the other Rules are not available.

5. 1950 A.D. Excepting Rules to Acts 2, 13, 16 and 22, all the other Rules are not available.

6. 1951 A.D. Acts Nos. 4, 5, 6, 13, 14, 15 and 16 of 1951 are not available. Excepting Rules to Acts 6 and 8 of 1951, all the others are not available.

7. Acts 1 to 4 of 1952 published so far are available.

(*c*) There may be some difficulty.

(*d*) Copies of Gazettes are sent to subscribers on Thursdays generally. Sometimes, due to unavoidable reasons, they happen to be sent only on Fridays.

(*e*) No.

ശ്രീ. ഒ. സി. നൈനാൻ: പുതിയ പ്രസ് സൂപ്രണ്ട് വന്നു ചാർജ്ജെടുത്തതിനു ശേഷം ഇവിടത്തെ ആക്ട്സും റൂൾസും പബ്ലിഷു ചെയ്യുന്നതിനു വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിനു ഇവിടെ ആവശ്യക്കാർ ഉള്ളതായി അറിഞ്ഞുകൂട.

ശ്രീ. ഒ. സി. നൈനാൻ: അതിനു ഞാൻതന്നെ എഴുതി അയച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി ധരിക്കുമൊ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഈ ആക്ട്സും റൂൾസും അനവധി കൊല്ലത്തെ കൺസോളിഡേററ് ചെയ്തു പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി പുറത്തായിട്ടുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: പബ്ലിഷ്ചെയ്തു തുടങ്ങിയോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഒരു നടപടി തുടങ്ങിയിട്ടുണ്ട്.

ശ്രീ. ഇ. പി. വർഗ്ഗീസ്: എതാണ്ട് മുതല്ക്കുള്ളതു് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസ് വേണം.

ശ്രീ. എം. എം. അബ്ദുൽഖാദർ: സർ സി. പി. രാമസ്വാമിഅയ്യർ പോയതിനു ശേഷമുള്ള കൊല്ലങ്ങളിലെ എല്ലാ ആക്ട്സും റൂൾസും പബ്ലിഷു ചെയ്യുവാനുള്ള നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉവ്വ്.

ANGLO INDIANS AND DOMICILED EUROPEANS

***204.** [26] **Shri Anthonie Andrew Daniel Luiz:** Will the Minister for Public Service be pleased to state the number of Anglo Indians and Domiciled Europeans in the Travancore Cochin-Government service and also their salaries?

Chief Minister **(Shri A. J. John):**

Number	Department	Designation	Scale of pay Rs.	Nos.	Remarks
1	Panchayats	Clerk	30—75	1	
2	Museums and Zoos	Sergeant	20—25	1	
3	State Guests Department	Chaffeur	45—75	1	
		Masalji	20	1	
4	Medical Department		100—250	1	Anglo Indians
			45—75	4	
			125	1	Domiciled Europeans
			60—100	5	
			60	8	
			50	26	
5	Government Presses	Computor	25—30	1	
		Compositors	30—75	2	
6	Municipal Office, Ernakulam	Fee Collector	25	1	
7	Municipal Office, Mattancherry	Health Officer	100—200	1	
8	Judicial Department	Sub Magistrate	175—250	1	
9	University	First Grade Lecturer	225—275	1	
				56	

Total number of Anglo Indians and Domiciled Europeans based on the information received so far.

Shri Anthonie Andrew Daniel Luiz: Does the Government realise that they are entitled to more appointments?

Shri. A. J. John: That is a matter of opinion.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: ഇൻഡ്യൻ പൌരത്വം ഇല്ലാത്ത വല്ല സായിപ്പന്മാരും ഇവിടത്തെ സർവ്വീസിൽ ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂട.

EDUCATIONAL CONCESSSIONS

***205.** [27] **Shri Anthonie Andrew Daniel Luiz:** Will the Minister for Education be pleased to state whether the Anglo Indians have any educational concessions?

Chief Minister **(Shri A. J. John):** Yes.

Shri Anthonie Andrew Daniel Luiz: Will the Government be pleased to set aside the rule of possessing a first class pass for admission to the Medical, Engineering and Law Colleges?

Shri A. J. John: It may not be possible.

റേഷൻ ഗോതമ്പ്

*൨൦൬. (൨൮) ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

റേഷൻഷാപ്പുകളിൽ അരി കിട്ടണമെങ്കിൽ ഗോതമ്പു വാങ്ങിക്കൊള്ളണമെന്നും ഗോതമ്പ് ആവശ്യമില്ലെങ്കിലും അതു വാങ്ങുവാൻ ആളുകൾ നിർബന്ധിതരാകുന്നുവെന്നും, അതു പാവപ്പെട്ടവർക്കു വലിയ വിഷമത്തിനിടയാക്കുന്നുവെന്നും ഉള്ള സംഗതി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അതിനെപ്പററി വല്ല നടപടിയും ഗവൺമെൻറിൻെറ ആലോചനയിലുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): പ്രായപൂർത്തിവന്ന ഒരാൾക്കു് കൊടുക്കുന്ന റേഷൻ ൧൨ ഔൺസായി വർദ്ധിപ്പിച്ചിട്ടുണ്ടു്. അതു് ൬ ഔൺസ് അരിയും ൬ ഔൺസ് ഗോതമ്പുമാണ്. പക്ഷെ വളരെക്കാലമായി അരിക്കുള്ള ക്ഷാമം മൂലവും ഇനിയും മുഴുവൻ റേഷൻ അരിയായി കൊടുക്കുവാനുള്ള ബുദ്ധിമുട്ടിനെ ഓർത്തും അരിയും അരിയല്ലാത്ത മററു ധാന്യങ്ങളും നമ്മുടെ നാട്ടിലെ ജനങ്ങൾ പരിശീലിക്കേണ്ടതാണെന്നു് ഗവൺമെൻറിനു് അഭിപ്രായമുള്ളതുകൊണ്ടു് ൬ ഔൺസ് അരിക്കു പുറമേ ൨ ഔൺസ് ഗോതമ്പ് എങ്കിലും നിർബ്ബന്ധമായി വാങ്ങിക്കണമെന്ന നിബന്ധനയുണ്ടു്.

ശ്രീ. ടി. കെ. കൃഷ്ണൻ: പരിശീലിപ്പിക്കുവാനാണെങ്കിൽ ഗോതമ്പു വെറുതെ കൊടുത്തുകൂടെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വെറുതെ കൊടുത്താൽ അതിനു വിലയുണ്ടാകുകയില്ല.

ശ്രീ. എം. ഗോപാലൻ നായർ: പരിശീലിപ്പിക്കുവാൻ നിർബ്ബന്ധമായിട്ടു കൊടുക്കുന്ന ഗോതമ്പു കുറഞ്ഞ വിലയ്ക്കു പുറത്തു വില്ക്കുകയാണെന്നു ഗവൺമെൻറിനു അറിയാമൊ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ. റേഷൻ കൊടുക്കുന്ന അരിയും ഗോതമ്പും കരിഞ്ചന്തയിൽ വില്ക്കുന്നതായി കേട്ടിട്ടുണ്ടു്.

ചക്കരവ്യവസായം

*൨൦൭. (൨൯) ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട എക്സൈസുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ചക്കരചെത്തുകാർക്കു ശരിയായ പ്രതിഫലം കിട്ടത്തക്കവണ്ണം ചക്കരവ്യവസായം ഉദ്ധരിക്കുവാൻ ഗവമ്മെൻറിനു വല്ല പ്ലാനുമുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഉണ്ട്.

ശ്രീ. ടി. കെ. കൃഷ്ണൻ: അതു് എന്തു പദ്ധതിയാണെന്നു വിവരിക്കാമോ?

Shri Panampilly Govinda Menon: With the permission of the Chair I shall read a small statement. It reads: "The Cottage Industries Board is now working a scheme for the co-operative organisation of palm gur industry. There is provision in the scheme for the introduction of improved methods of manufacture, such as, the utilisation of iron pans of approved design, removal of excess lime by adding super phosphate, etc. under the Cottage Industries Board. There is one Organiser and there are six Instructors for the scheme. An expenditure of Rs. 22,100 is anticipated for the current year. 50 per cent of this expenditure has been already sanctioned by the Government of India as subsidy for this scheme".

ശ്രീ. ടി. കെ. കൃഷ്ണൻ: ആ പദ്ധതി എന്നു പൂർത്തിയാകുമെന്നു പറയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ പദ്ധതി തുടങ്ങിയിരിക്കുകയാണു്.

ഭൂവുടമ

*൨൦൮. (൩൦) ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവിതാംകൂർ-കൊച്ചിയിലെ ഭൂവുടമയെ സംബന്ധിച്ച് വേണ്ട നിർദ്ദേശം നല്കുന്നതിനു് ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടായിരുന്നുവോ;

(ബി) കമ്മിററിയുടെ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ;

(സി) റിപ്പോർട്ടിന്മേൽ ഗവമ്മെൻറ എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (എ. ജെ. ജോൺ):

(എ) ഉണ്ടായിരുന്നു.

(ബി) ഉണ്ട്.

(സി) റിപ്പോർട്ടു ഗവമ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു.

ശ്രീ. പി. ചാക്കോ: ഭൂവുടമയെപ്പററി ഒരു തീരുമാനം ഉണ്ടാകാത്തതുകൊണ്ടു് സാമാന്യ ജനങ്ങളുടെ ഇടയിൽ വലിയ അസംതൃപ്തി ഉണ്ടായിട്ടുണ്ടെന്നു് ഗവമ്മെൻറിനു അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ: റിപ്പോർട്ടു സമർപ്പിച്ചതെന്നാണു്?

<u>ശ്രീ എ. ജെ. ജോൺ :</u> ൧൧൨൬ ഒക്ടോബർ ൨൯-ാംനു.

<u>ശ്രീ. ടി. കെ. ദിവാകരൻ :</u> കുടികിടപ്പിൽ വ്യത്യാസം വരുത്തുവാൻ പോകുന്നുവെന്നു കേൾക്കുന്നതുകൊണ്ടു് പല ജന്മികളും അവരുടെ വസ്തുക്കൾ കൈമാററം ചെയ്തുവരുന്നതായി ഗവണ്മെൻറിനറിയാമോ?

<u>ശ്രീ. എ. ജെ. ജോൺ :</u> അറിഞ്ഞുകൂടാ.

<u>ശ്രീ. ടി. കെ. ദിവാകരൻ :</u> ബന്ധുക്കളുടെ പേരിൽ കൈമാററം ചെയ്യുന്നതായി ബോദ്ധ്യപ്പെട്ടാൽ അതിനെ തടയുവാൻ ഗവണ്മെൻറിൽ നിന്നും വേണ്ട നടപടിയെടുക്കുമോ?

<u>ശ്രീ. എ. ജെ. ജോൺ :</u> ഇപ്പോൾ അങ്ങനെ നടക്കുന്നുണ്ടെന്നു അറിവില്ല.

<u>ശ്രീ. കെ. പി. കൃഷ്ണമേനോൻ :</u> ഇപ്പോൾ വലിയ വലിയ ജന്മികൾ ധാരാളം വസ്തുക്കൾ വിലയ്ക്കു വാങ്ങുന്നുണ്ടെന്നു ഗവണ്മെൻറിനറിയാമോ?

<u>ശ്രീ. എ. ജെ. ജോൺ :</u> അങ്ങിനെ ഉണ്ടായിരിക്കും.

<u>ശ്രീ. കെ. പി. കൃഷ്ണമേനോൻ :</u> അങ്ങിനെ വസ്തുക്കൾ ധാരാളം വാങ്ങിച്ചു കൂട്ടുന്നതിനെ തടയുവാൻ ഗവണ്മെൻറ ശ്രമിക്കുമോ?

<u>ശ്രീ. എ. ജെ. ജോൺ :</u> തടയേണ്ട ആവശ്യം ഇപ്പോഴില്ല.

<u>ശ്രീ. കുമാരപിള്ള :</u> പല ജന്മിമാരും ചേന്നു് ഒരു പ്രൈവററ കമ്പനിയെന്ന നിലയിൽ അവരുടെ ഭൂമികൾ വെച്ചിട്ടുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. ജെ. ജോൺ :</u> ഇല്ല.

<u>ശ്രീ. കുമാരപിള്ള :</u> അങ്ങിനെയുള്ള നടപടികളെ സംബന്ധിച്ചു് എന്തെങ്കിലും വ്യവസ്ഥ ചെയ്യുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. എ. ജെ. ജോൺ :</u> അതിനെപ്പററിയൊക്കെ നിയമമുണ്ടാകുമ്പോൾ ആലോചിക്കാം.

<u>ശ്രീ. കുമാരപിള്ള :</u> ലാൻറകമ്മററിയിൽ ഉണ്ടായിരുന്ന അംഗങ്ങളെല്ലാവരും കുടികിടപ്പിനെ സംരക്ഷിക്കുന്നവരായിരുന്നില്ലേ?

<u>ശ്രീ. എ. ജെ. ജോൺ :</u> അല്ല.

<u>ശ്രീ. കുമാരപിള്ള :</u> അല്ലാത്ത അംഗങ്ങളുടെ പേരുപറയുവാൻ ദയവുണ്ടാകുമോ?

<u>ശ്രീ. എ. ജെ. ജോൺ :</u> അതു് ആ കമ്മററിയംഗങ്ങളുടെ പേരുനോക്കിയാൽ അറിയാം.

<u>ശ്രീ. ആർ. കേശവപിള്ള :</u> കമ്മററി റിപ്പോർട്ടിന്മേലുള്ള തീരുമാനം എന്നേയ്ക്കു എടുക്കും?

<u>ശ്രീ. എ. ജെ. ജോൺ :</u> ഗവണ്മെൻറ് അതിനെപ്പററി ആലോചിച്ചു വരികയാണു്. ആലോചനകളെല്ലാം കഴിഞ്ഞതിനുശേഷം ഒരു തീരുമാനമെടുക്കും.

<u>ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി :</u> ഈ കമ്മററിയ്ക്കു് തെളിവുശേഖരിക്കുന്നതിനു് എത്ര രൂപാ ചെലവായിട്ടുണ്ടു്?

<u>ശ്രീ. എ. ജെ. ജോൺ :</u> ഇപ്പോൾ അതിൻെറ കണക്കു കൈവശമില്ല.

കറപ്പുഴ തോട്

*൨൦൯ (൩൧) ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :—

(എ) തിരുവല്ലാ മരാമത്തു സബ്ഡിവിഷനിൽ ഉൾപ്പെട്ട കറപ്പുഴ തോടിന്റെ പണി പൂർത്തീകരണത്തിനായി കഴിഞ്ഞകൊല്ലത്തെ ബഡ്ജററിൽ ഏതെങ്കിലും തുക അനുവദിച്ചിട്ടുണ്ടായിരുന്നോ ;

(ബി) എന്തെങ്കിലും പണി ചെയ്തിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ: (എ) ൧൯൫൭—൫൮-ലെ ബഡ്ജററിൽ ൧൬,൫൦൦ രൂപാ കൊള്ളിച്ചിട്ടുണ്ടായിരുന്നു.

(ബി) ഇല്ല.

ശ്രീ. പി. ചാക്കോ: എന്തുകൊണ്ടാണ് കഴിഞ്ഞകൊല്ലം ഈ തുക ചിലവുചെയ്ത് പണിനടത്തുവാൻ സാധിക്കാതെ പോയതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കഴിഞ്ഞകൊല്ലം ടെണ്ടർ വിളിക്കുവാൻ കുറെ താമസം നേരിട്ടു. ഇപ്പോൾ ചില ടെണ്ടറുകൾ കിട്ടിയിട്ടുണ്ട്. അതു് ഇപ്പോൾ ഡിപ്പാർട്ടുമെന്റിന്റെ പരിശോധനയിലിരിക്കുകയാണ്.

ശ്രീ. കെ. സി. നൈനാൻ: പഴയ ഷെഡ്യൂൾ റേറ്റു വച്ചുകൊണ്ട് എസ്റ്റിമേററ് തയ്യാറാക്കിയതുകൊണ്ടാണ് ടെണ്ടർ വരാത്തതെന്ന് ഗവൺമെന്റിനറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെപ്പററി അറിവില്ല. കഴിഞ്ഞകൊല്ലത്തെ റേറ്റും ഇപ്പോഴത്തെ റേറ്റും തമ്മിൽ യോജിപ്പിച്ചാണ് എസ്റ്റിമേററ് തയ്യാറാക്കിയിട്ടുള്ളതു്.

അദ്ധ്യാപകർ

*൨൧൦. (൩൨) ശ്രീ. പി. ചാക്കോ. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ സർക്കാർ സെക്കൻഡറി സ്കൂളിലെ ഗ്രാഡ്വേററ് അദ്ധ്യാപകരുടെ സ്കെയിൽ എന്തു് ;

(ബി) പ്രൈവററ് സെക്കൻഡറിസ്കൂൾ ഗ്രാഡ്വെററ് അദ്ധ്യാപകരുടെ സ്കെയിൽ എന്തു്?

(സി) സർക്കാർ സെക്കൻഡറിസ്കൂളിലേയും പ്രൈവററ സെക്കൻഡറി സ്കൂളിലേയും ഡ്രായിംഗ്, ഡ്രിൽ, തയ്യൽ എന്നീ അദ്ധ്യാപകരുടെ സ്കെയിൽ എന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) തിരുവിതാംകൂർ വിഭാഗം.

ഒന്നാം ഗ്രേഡ് രൂപ ൧൭൫—൨൨൫.
രണ്ടാം ,, ,, ൧൨൫—൧൭൫.
മൂന്നാം ,, ,, ൫൦—൧൦൦.
ടെമ്പററി ടീച്ചേഴ്സ് രൂപ ൫൦ അടിസ്ഥാന ശമ്പളം.

കൊച്ചി വിഭാഗം.

യു. എസ്. ഡി. രൂപ ൯൦—൧൨൫.
എൽ.എസ്.ഡി. ,, ൩൦—൭൫.
(ബി) തിരുവിതാംകൂർ രൂപ ൪൫—൧൫൦.
കൊച്ചി ,, ൪൫—൧൫൦.
(സി) തിരുവിതാംകൂർ.

സർക്കാർ സെക്കണ്ടറി സ്കൂൾ

	ഹൈസ്കൂൾ	മിഡിൽ
ഡ്രായിംഗ്	രൂപ ൩൦—൬൦	൨൦—൨൫
ഡ്രിൽ	,, ൨൫—൩൫	൧൭—൨൦
		൨൦ രൂ. അടിസ്ഥാന ശമ്പളം.
തയ്യൽ	,, ൨൦—൨൫	

പ്രൈവററ് സെക്കണ്ടറി സ്കൂൾ

ഹൈസ്കൂൾ മിഡിൽ

രൂപ. ൩൦—൬൦.

കൊച്ചി

സർക്കാർ സെക്കണ്ടറി സ്കൂൾ		പ്രൈവററ് സെക്കണ്ടറി സ്കൂൾ
ഡ്രായിംഗ്	രൂപ ൩൦—൬൦	
	,, ൩൦—൧൫	
ഡ്രിൽ, തയ്യൽ	,, ൨൦—൬൦	രൂപ ൩൦—൬൦

ശ്രീ. പി. ചാക്കോ: സർക്കാർ സ്കൂളിലെ ഡ്രിൽ മാസ്റ്റർമാക്കും ഡ്രായിംഗ് മാസ്റ്റർമാക്കും പ്രൈവററ് സ്കൂളുകളിലെ ഡ്രിൽമാസ്റ്റർമാക്കും ഡ്രായിംഗ് മാസ്റ്റർമാക്കും കൊടുക്കുന്നതുപോലെയുള്ള ശമ്പളം കൊടുക്കാതിരിക്കുന്നതിന് കാരണമെന്താണ്?

ശ്രീ. എ. ജെ. ജോൺ: അതെല്ലാം ക്രമീകരിക്കുവാൻ ആലോചനയുണ്ട്.

ശ്രീ. പി. ചാക്കോ: അവരുടെ ശമ്പളം ഏകീകരിക്കുന്നതിനെപ്പററി ഉടനെ ആലോചിക്കുമോ?

ശ്രീ. എ. ജെ. ജാൺ: അതെല്ലാം പുനഃപരിശോധന ചെയ്യുന്നുണ്ട്.

ശ്രീ. പി. ചാക്കോ: കൊച്ചിയിലെയും തിരുവിതാംകൂറിലെയും അദ്ധ്യാപകന്മാരുടെ ശമ്പളം ഏകീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ആലോചിക്കുന്നുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർക്കാർ സ്കൂൾ അദ്ധ്യാപകന്മാർക്കു കൊടുക്കുന്നതിനേക്കാൾ പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർക്ക് നൽകുന്ന ശമ്പളം കുറവാണെന്നു ഗവമെൻറിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: കുറവായിരിക്കാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ടെമ്പററി ടീച്ചേഴ്സിനെല്ലാം ബേസിക്ക് പേ ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്.

ശ്രീ. എ. താണുപിള്ള: ടെമ്പററി ടീച്ചേഴ്സും പർമനൻറ ടീച്ചേഴ്സും ഉള്ളേശം എത്രവീതമുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതിന്റെ വിവരം കൈവശമില്ല. നോട്ടീസുവേണം.

ശ്രീ. ആർ. കേശവപിള്ള: ഒരാറം പർമനന്റ് ആകണമെങ്കിൽ അയാറം എത്രകാലം ടെമ്പററിയായിട്ട ജോലിനോക്കണം.

ശ്രീ. എ. ജെ. ജോൺ: സ്ഥിരമായ ഒഴിവു വരുന്നതുവരെ.

Shri P. S. Nataraja Pillai: May I know, are they temporary teachers in temporary posts or temporary teachers in permanent places?

Shri A. J. John: I am not in a position to answer that at present.

പോലീസുമർദ്ദനം

*൨൧൧. (൩൪) ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ദുരിതനിവാരണവകുപ്പുമന്ത്രി ദയവായി ഉത്തരം നൽകുമോ.—

പോലീസുമർദ്ദനംമൂലം മരിക്കുകയും അംഗഭംഗം വരികയും നിത്യരോഗികളായിത്തീരുകയും ചെയ്തിട്ടുള്ള ആളുകർക്ക് എന്തെങ്കിലും ധനസഹായം ചെയ്യുവാൻ ഗവമെന്റിനു നിവേദനം ലഭിച്ചിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്): ഇല്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: ഇങ്ങനെ പരാതി ലഭിച്ചാൽ എന്തെങ്കിലും സഹായം അവക്ക് ചെയ്തുകൊടുക്കുമോ?

ശ്രീ. ടി. എം. വർഗീസ്: അതു പരാതിയുടെ ഗുരുലഘുത്വവും ഗുണദോഷവും അനുസരിച്ചു ചെയ്യും.

ശ്രീ. സി. കെ. വിശ്വനാഥൻ: ഇങ്ങനെ അവശതയനുഭവിക്കുന്നവർ അധികവും കോൺഗ്രസ്കാരാണെന്നറിയാമോ?

ശ്രീ. ടി. എം. വർഗീസ്: അറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. ദിവാകരൻ: കൊട്ടാരക്കര ലാക്കപ്പിൽവച്ച് പോലീസ് മർദ്ദനംഏററ സുരേന്ദ്രൻ എന്നൊരാറം മരിച്ചതായി ഗവമെന്റിനറിയാമോ; അതിനെ സംബന്ധിച്ചു വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതു് ഇപ്പോറം അന്വേഷണത്തിൽ ഇരിക്കുകയാണ്. അന്വേഷണം പൂത്തിയാകാതെ അതിനെപ്പററി മറുപടി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. അച്ചുതമേനോൻ: അന്വേഷണം പൂത്തിയായി ആ കേസ് പ്രോസിക്യൂഷനു് ആർഡറായിട്ടുള്ള വിവരം ഗവമെന്റിനറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അന്വേഷണം പൂത്തിയായതായി ഗവമെന്റിന് അറിവില്ല.

ശ്രീ. അച്ചുതമേനോൻ: പ്രോസിക്യൂഷന് ആർഡറായിട്ടുണ്ടെന്നു് പത്രങ്ങളിൽ കണ്ട വാത്ത അടിസ്ഥാനരഹിതങ്ങളാണെന്നാണോ പറയുന്നതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: അന്വേഷണംകഴിഞ്ഞു പ്രോസിക്യൂഷന് ആർഡറായിട്ടുള്ള വിവരം ഗവമെന്റിനറിവില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇവിടെ നടന്ന പോലീസ് അക്രമങ്ങളെപ്പററി അന്വേഷിക്കുന്നതിൽ കേന്ദ്രഗവമെന്റിന്റെ അത്യന്ത

രകാര്യമന്ത്രി ഇവിടെ വരുവാൻ പോകുന്നുവെന്നും ഗവമെന്റ് അതിനെ തടഞ്ഞുവെന്നും പത്രങ്ങളിൽ കണ്ടവാർത്ത ശരിയാണോ ?

ശ്രീ. ടി. എം. വർഗ്ഗീസ്: ശരിയല്ല.

Short notice question

MINIMUM WAGES COMMITTEE

*1. [1] **Dr. N. S. Pillai:** Will the Minister for Labour be pleased to state :—

(*a*) whether while forming the minimum wages committee for the plantations and municipal services, the Government had notified that the minimum wages shall be fixed on or before 31st March 1952 and that the same shall be put into force on 1st April 1952 ;

(*b*) if so, why is it that the delay in the matter is existing ;

(*c*) do the Government know that if they fail to publish the same before 31st March 1952 that the minimum wage is not binding on the employer ; and

(*d*) if the Government think that the order will not be ready before the specified period, are the Government prepared to extend the period of its notification so that the time bar won't affect the parties ?

Minister for Finance and Civil Snpplies **(Shri Panampilli Govinda Menon):**

(*a*) No such notification had been issued.

(*b*) In view of answer to part (*a*) this question does not arise.

(*c*) and (*d*) According to section 3 (1) of the Minimum Wages Act, minimum wages have to be fixed before 31st March 1952. But Government, in exercise of the powers conferred on them by the Minimum Wages Act, have notified that the provisions of the Act shall not apply to the employments in plantations for 3 months from 31st March 1952 and to those under local authority for 6 months from 31st March 1952

Shri P. S. Nataraja Pillai: May I know when the report of the Minimum Wages Committee for plantation was received by Government :

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ പറഞ്ഞതു്, കിട്ടിയിട്ടു് അതിനെക്കുറിച്ചു് ആലോചിക്കുവാനുള്ള സമയം ഉണ്ടായിരുന്നില്ല എന്ന അർത്ഥത്തിലല്ല. പല സാഹചര്യങ്ങളാൽ അതിലെ വിശദാംശങ്ങളെക്കുറിച്ചു ചർച്ചചെയ്യുന്നതിനവസരം ലഭിച്ചില്ല; അതുകൊണ്ടു് അങ്ങിനെയുള്ള നടപടിമൂലം തൊഴിലാളികൾക്കുപദ്രവം ഉണ്ടാകരുതെന്നുകരുതി, ഒരു നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചതാണു്.

Written answers

12 Noon]

*212 [41] **Dr. M. Sivaraman Nair:** Will the Minister for Public Works be pleased to state :

(*a*) Whether the amounts allotted to Public Works Department during the Budget years 1950-51 and 1951-52 were wholly utilised during the respective years ; and

(*b*) If not, the percentage utilised and the reason for such part utilisation.

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) The allotment for 1950-51 was not fully utilised during the year.

A portion of the grant for 1951-52 is also likely to lapse at the end of the year.

(*b*) (1) The percentage of grant actually utilised during 1950-51 was 81·52%. The corresponding figure for 1951-52 cannot be known before the accounts of the year are closed.

(2) The grant could not be utilised in full due to the non-availability of the required machinery and materials to the extent required, in respect of works under "Capital Outlay" *viz*., Reorganisation of P. W. D. Workshops Water Works, Drainage Capital, etc.

SLUICE

***213 [42] Shri Ravindran :** Will the Minister for Food and Agriculture be pleased to state :

Whether the Government have any scheme to construct a sluice for improving the paddy cultivation in the Ithikkara fields?

Minister for Works and Transport **(Shri Kalathil Velayudhan Nayar)**

Yes; the work is being investigated.

പുതിയ ബസ്സ് റൂട്ടുകൾ

*൨൧൪. (൪൪) ശ്രീ. പി. കെ. രാമചന്ദ്രദാസ്:—താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) ഗവൺമെന്റിൽനിന്നും കൂടുതൽ ബസ്സ്റൂട്ടുകൾ എടുക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി

ശ്രീ. കളത്തിൽ (വേലായുധൻ നായർ):—

(എ) ഇപ്പോൾ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നേഴ്സുകളുടെ വിവാഹം.

*൨൧൫ (൪൫) ശ്രീ. പി. കെ. രാമചന്ദ്രദാസ്.

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിലുള്ള നേഴ്സുമാർ വിവാഹം കഴിക്കുന്നതിനനുവദിക്കണമെന്നപേക്ഷിച്ചു ഒരു മെമ്മോറാണ്ടം ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) നേഴ്സ്മാർ വിവാഹം കഴിക്കാൻ പാടില്ലെന്നു വെച്ചിരിക്കുന്നതു് എന്തുകൊണ്ടാണ്:

(സി) ഡോക്ടർമാർക്കും മിഡ്വൈഫ്മാർക്കും വിവാഹം കഴിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ:

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ട്.

(ബി) നേഴ്സ്മാർ അവരുടെ സർവീസിൽ ആദ്യത്തെ രണ്ടു കൊല്ലം മാത്രം വിവാഹം കഴിക്കാൻ പാടില്ലെന്നേ നിയമമുള്ളു. അതു കാര്യക്ഷമതയെ ഉദ്ദേശിച്ചാണ്.

(സി) ഡാക്ടർമാരുടേയും മിഡ്‌വൈഫ്കളുടേയും വിവാഹം നിരോധിച്ചിട്ടില്ല.

പുരുഷനേഴ്സുകൾ.

*[illegible] ശ്രീ. പി. കെ. രാമചന്ദ്രദാസ്:— താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

ഇപ്പോൾ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു എത്ര പുരുഷനേഴ്സുകൾ ഉണ്ട്:

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ): നന്നു.

പുരുഷനേഴ്സുമാരും വിവാഹവും

*[illegible] ശ്രീ. പി. കെ. രാമചന്ദ്രദാസ്.

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരുഷനേഴ്സുമാർക്ക് വിവാഹം അനുവദിച്ചിട്ടുണ്ടോ:

(ബി) അതുകൊണ്ട് കാര്യക്ഷമതയ്ക്ക് ഹാനി സംഭവിച്ചിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പ്മന്ത്രി (ശ്രീ: വി. മാധവൻ):

(എ) പുരുഷനഴ്സ്മാർ വിവാഹം ചെയ്തുകൂടാ എന്നു നിബന്ധനയില്ല.

(ബി) ഇവർ വിവാഹം ചെയ്തതുകൊണ്ട് കാര്യക്ഷമതയ്ക്ക് ഹാനി സംഭവിച്ചതായി അറിവായിട്ടില്ല:

പിന്നോക്കസമുദായങ്ങളുടെ ഉന്നമനം

*[illegible] ശ്രീ. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

പിന്നോക്കസമുദായങ്ങളുടെ ഉന്നമനത്തിനു മുൻകൊല്ലങ്ങളെ അപേക്ഷിച്ച് പ്രത്യേകമായി [illegible]–ൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ).

പിന്നോക്കസമുദായങ്ങളുടെ ഉന്നമനത്തിന് മുൻകൊല്ലങ്ങളെ അപേക്ഷിച്ച് [illegible]–ൽ പ്രത്യേകമായി എടുത്തിട്ടുള്ള നടപടികളുടെ ഒരു പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.‡

Unstarred Questions

പ്രൈവററ് ആശുപത്രികൾ

[illegible]. (൩) ശ്രീ. വാസുദേവൻ പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവൺമെന്റ് പ്രൈവററ് ആശുപത്രികൾക്ക് ഗ്രാൻറ് നൽകുന്നുണ്ടോ;

---

‡ See Appendix B.

(ബി) ഉണ്ടെങ്കിൽ ൧൯൫൧-ലെ ഗ്രാന്റ് നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ പേരും, ഗ്രാന്റ് തുകയും കാണിക്കുന്ന ഒരു പട്ടിക മേശമേൽ വയ്ക്കുമോ?

ഉത്തരം.

എ. ഉണ്ട്.

ബി. പട്ടിക മേശമേൽ വച്ചിട്ടുണ്ട്. *

ADJOURNMENT MOTION REGARDING
DISCHARGE OF WORKERS FROM THE ALAGAPPA TEXTILES

Mr. Speaker: I have received an adjournment motion from Shri K. Balakrishna Menon to discuss the situation arising from the discharge of 950 workers from 27-2-1952 from the Alagappa Textiles, Pudukad. May I know whether the Minister in charge has any information to convey to the House?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇങ്ങനെ ഒരു പരാതി എനിക്ക് രണ്ടു ദിവസത്തിനുമുൻപു ബഹുമാനപ്പെട്ട വിയ്യൂർ മെമ്പർ ശ്രീ. കരുണാകരനും തൃശ്ശിവപേരൂർ മെമ്പർ ശ്രീ. അച്ചുതമേനോനും അയച്ചു. ഉടൻ തന്നെ ഇതു് ഒരു ഗൗരവമുള്ള സംഗതിയാണെന്നു വിചാരിച്ചു് ഞാൻ മാനേജുമെന്റുമായി ഫോൺ മുഖേനയും അല്ലാതെയും സമ്പർക്കത്തിലേർപ്പെട്ടു. അവരെ വിവരം അറിയിച്ചതിൽ അവർ എനിക്കു മറുപടി തന്നു. ഇങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ലെന്നാണ് അവരുടെ മറുപടി. ഏതായാലും ഇങ്ങനെയുള്ള കാര്യങ്ങൾ ഗവൺമെന്റിനോട് ആലോചിക്കാതെ തീർച്ചപ്പെടുത്തരുതെന്നു് ഞാൻ അവരെ അറിയിച്ചിട്ടുണ്ട്. അതുകൊണ്ടു് ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള വസ്തുതയെ ഞാൻ സമ്മതിക്കുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ: അവക്ക് റേഷൻ കൊടുക്കുന്നില്ലെന്നുള്ള വിവരം അറിയാമോ?

Mr. Speaker: This is not the time for interpellation.

The facts stated in the motion are not correct. On that ground the motion is inadmissible *prima facie.*

Point of order re. Division List

ശ്രീ. ടി. വി. തോമസ്സ്: സർ ഞാൻ അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ലാ, എന്നാൽ ഒരു കാര്യം പറയുവാനുണ്ട്. കഴിഞ്ഞ ദിവസം വോട്ടു എടുത്തസമയത്തിൽ ഞങ്ങൾ ൩൦ പേർ ഉണ്ടായിരുന്നതിൽ ൨൮ പേരെന്നു് കണക്കാക്കി—

Mr. Speaker: Anyhow, the Opposition has not been in any way prejudiced by the Division. Two members were occupying seats not assigned to them and they were not, rightly, counted. The Speaker must think twice to change the result of a division already announced on the floor of the House.

Message from H. H. the Rajprumnkh re. Motion of thanks on the Address

മിസ്റ്റർ സ്പീക്കർ: ഈ സഭ പാസ്സാക്കിയിട്ടുള്ള കൃതജ്ഞതാപ്രമേയം, നിയമസഭാ ചട്ടങ്ങളിലെ ൧൪-ാം വകുപ്പ് ൧-ാം ഉപവകുപ്പ് അ

* See Appendix C.

നുസരിച്ച്, സ്പീക്കർ രാജപ്രമുഖൻ തിരുമനസ്സിലേക്ക് സമർപ്പിച്ചതിന്മേൽ ലഭിച്ചിട്ടുള്ള മറുപടി വ്യ-ാം ഉപവകുപ്പനുസരിച്ച് സഭയിൽ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. മറുപടി ഇപ്രകാരമാണ്.

"I have great satisfaction for the resolution of thanks for the address with which I opened the present session of the Legislature on the 24th March 1952."

Ruling on the point of order raised by Shri P. S. Nataraja Pillai regarding the non-distribution of the copies of the Appropriation (Vote on Account) Bill 1952

Mr. Speaker: In regard to the point raised by Shri Nataraja Pillai the previous day I wish to state as follows.—

As hon. Members are aware, the motion on Vote on Account was adopted by the House at 5 o'clock last Saturday and copies of the bill were immediately distributed to the members in the House. In accordance with the practice now obtaining in the Parliament of India, the hon. Finance Minister was allowed to introduce the Appropriation Bill, the introduction being only a formal matter. There was no intention to proceed with the further stages of the bill that day. I presume, hon. Member Shri. Nataraja Pillai's objection to the introduction of the bill was under the proviso to Standing Order 30. Under that proviso, objection may be taken by any Member only if a motion is sought to be moved for consideration of the bill or for reference to the Select Committee. Such a stage was not reached in the case of this bill that day. Therefore I think that the question covered by the point of order did not really arise. The ruling given by me the previous day will stand subject to this alteration.

Inadmissible Adjournment Motions

ശ്രീ. കുമാരപിള്ള: സർ, എ. ഡി. കോട്ടൺ മില്ലിലെ ലോക്കൗട്ട് സംബന്ധിച്ച് ഞാൻ ഒരു അടിയന്തിരപ്രമേയം അയച്ചിരുന്നു. അത് എന്തായി എന്നറിഞ്ഞാൽ കൊള്ളാം?

Mr. Speaker: I have received 3 more adjournment motions. But as I told you the other day, the adjournment motions do not satisfy the provisions of the rules and standing orders, and as they appear to be *prima facie* inadmissible, there is no need for the Speaker to mention them in the House.

Appropriation (Vote on Account) Bill, 1952

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):** Sir, I move that the Travancore-Cochin Appropriation (Vote on Account) Bill, 1952 be taken into consideration at once.

Chief Minisier **(Shri A. J. John):** I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ മുൻപു ദിവസത്തിൽ പറഞ്ഞമാതിരി ഈ അപ്രോപ്രിയേഷൻ ബിൽ ഇവിടെ അവതരിപ്പിച്ചതു് സാങ്കേതികമായ ചില കാരണങ്ങളാൽ മാത്രമാണ്. മിനിഞ്ഞാന്ന്, 'Vote on account' അനുസരിച്ച് ഒരു അഡ്വാൻസ് ഗ്രാൻറ വേണമെന്നുള്ള എന്റെ അഭ്യർത്ഥന ഈ സഭ ഭൂരിപക്ഷത്തോടുകൂടി പാ

സ്സാക്കുകയുണ്ടായി. ഭരണഘടന അനുസരിച്ച് ഇങ്ങനെ ഗ്രാൻറ് നേടി അതു ഒരു ലജിസ്ലേഷൻ മൂലം ഒരു അപ്രോപ്രിയേഷൻ ആക്ടായി ഉറപ്പിക്കണം എന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതു്. ഈ സാമ്പത്തിക വർഷത്തിന്റെ അവസാനദിവസമാണ് ഇന്നു എന്നു എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് ഈ ബിൽ ഇന്നു തന്നെ അവതരിപ്പിക്കുകയും പാസാക്കുകയും ചെയ്യേണ്ടതു് ഗവർമ്മെൻറിന്റെ നിത്യകാര്യങ്ങൾ നടത്തുന്നതിനു ആവശ്യമാണ്. അതുകൊണ്ട് ഞാൻ ഈ ബിൽ പാസാക്കിത്തരുവാൻ ഈ സഭയോടു അപേക്ഷിക്കുന്നു.

The question that the Travancore-Cochin Appropriation (Vote on Account) Bill, 1952, be taken into consideration at once was put and carried.

There were no amendments to the Bill

The question that Clauses 1, 2 and 3 of the Bill stand part of the Bill was put and carried.

The Clauses were added to the Bill.

The question that the schedule stand part of the Bill was put and carried.

The schedule was added to the Bill.

The question that the Preamble stand part of the Bill was put and carried.

The Preamble was added to the Bill.

The question that the Title stand part of the Bill was put and carried.

The Title was added to the Bill.

Shri Panampilli Govinda Menon: Sir, I move that the Bill be finally passed now.

Shri A. J. John: I second the motion.

The question that the Bill be passed was put and carried.

The Bill was passed.

The Holdings (Stay of Execution Proceedings) Act (Amendment) Bill

Chief Minister **(Shri A. J. John):** Sir, I move that the Holdings (Stay of Execution Proceedings) Act (Amendment) Bill be taken up for consideration at once.

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):** I second it.

ശ്രീ. എ. ജെ. ജോൺ: സർ, ൧൧൨൭-ൽ ആദ്യമായി ഈ ആക്ട് ഇവിടെ പാസാക്കിയിട്ടുള്ളതാണ്. ഇതിൽ നാലാം വകുപ്പനുസരിച്ച് ഇതിന്റെ പ്രവർത്തനപരിധി ഒരു കൊല്ലത്തേക്കാണ് വച്ചിരിക്കുന്നതു്. എന്നാൽ ൧൧൨൮ മാർച്ച് മാസം ആകുന്നതുവരെ ഭൂനയം സംബന്ധിച്ചുള്ള അവസാന നടപടികൾ നടത്തുവാൻ സാദ്ധ്യമാകാത്തതുകൊണ്ട് ഈ ആക്ടിന്റെ കാലാവധി ഒരു കൊല്ലത്തേക്കുകൂടി നീട്ടിവെയ്ക്കേണ്ടതായിട്ടുവന്നു. അതനുസരിച്ച് രണ്ടാമതു് ഈ ആക്ട് ൧൧൨൮-ൽ പാസ്സാക്കിയിട്ടുള്ളതാണ്. എന്നാൽ ഇപ്പോഴും ഗവർമ്മെൻറിന്റെ ഭൂനയം ഇന്നതാണെന്ന് അവസാനമായി തീരുമാനിച്ചിട്ടില്ലാത്തതുകൊണ്ട് ബില്ലിന്റെ കാലാവധി ഒരു കൊല്ലത്തേക്കുകൂടി നീട്ടണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നതു്. സെക്ഷൻ നാലിൽ കാണുന്ന രണ്ട് എന്നുള്ളതു മൂന്ന് എന്നാക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

Shri A. Thanu Pillai: Sir, I wish to speak a few words in connection with the Bill.

Sir, it is in a very difficult position that the Government have placed this House. This is not the first time that they come forward with a motion of this kind. The history of this matter is revealing and it illustrates the way in which the Congress Ministries have been functioning in this State, and the present Ministry also promises to function. Sir, I want to speak a few words to strike a note of warning to the Ministers. We have very often heard, Sir, that love of country is not the monopoly of the Opposition, that the Congress Ministers have been doing all that they can for the good of the country, that the Congress Ministry has fallen into disrepute, if the Government of India find it necessary to interfere with the local Ministry, all that is due not to the weakness, not to the corruption and communalism, nepotism and favouritism, inefficiency and other weaknesses of the Ministers, but all that is due more to those who oppose the Ministry and point out the defects of the Ministry. All that we can easily indulge in. Of course, I don't want to say that love of country is the monopoly of anybody. But we must face facts and the Ministers are expected to answer the points raised and not to indulge in this kind of criticism and in this kind of debate. I wish to be excused when I say that.

I want to go back into the history of this matter. When was this matter taken up? It was in March 1949, full three years ago, that this Congress Ministry brought in a Bill for providing for stay of execution of decrees in regard to certain matters relating to landed property. That Bill clearly provided that that would be a temporary measure to be in force for 6 months and before the end of 6 months they would introduce legislation dealing with land as a whole. Well, that Bill was passed. Six months elapsed. Nothing was done. And a few days after the law ceased to be in force, they introduced an Ordinance. That was six months after March 1949, *i.e.*, in September 1949. That Ordinance was in force for 6 months. That also expired. Then in March 1950 they brought in the Bill. That provided that that would be in force for one year and before the expiry of one year they will bring in legislation regarding the much-needed reform of the land law. That expired. In March 1951 they brought another Bill extending the term by one year. Before that the Committee that they appointed, had submitted their report. That report is dated 25th October 1950. Naturally we thought that they would deal with this matter without delay. But they have very carefully avoided doing anything. It is only the continuance of the party in power that they cared for. They found it a ticklish problem, a difficult problem. The vested interests on whom they depended would not like that matter to be dealt with. So they shelved it. From 25th September 1950, *i.e.*, the date of the report, nearly 1½ years have elapsed and they have not been able to do anything on the report. Now they come forward and say "you extend the life of this Act by one more year". For that purpose they have brought forward an amending Bill. Sir, nobody can object to that because certain provisions of that measure are necessary provisions though there are very many defects so far as that measure is concerned. Because there are some good provisions in that Act one cannot oppose it. If you oppose this, the law goes. There will be evictions, hundreds and thousands, tomorrow. That is why I say that we are placed in a very awkward situation as in supporting this we have to agree to the inefficiency and carelessness of the Congress Ministry. My Hon. Friend Sri Panampilli Govinda Menon may say that we

have been only here for fourteen days. But I must answer, "You represent the Congress and you have been occupying those benches ever since the first Bill was introduced in 1949".

Shri Panampilli Govinda Menon : We are your 'ananthiravans'.

Shri A. Thanu Pillai : But the 'Karanavan' did not do anything like this. He introduced this measure. And, if he had been given six months' time he would have taken care to see that a permanent legislation was passed on this question. The 'ananthiravans' were careless and indifferent. They have been asking us again and again for time. I don't think even lawyers would have dared to go to a court and ask for time like this.

Sir, I can't object to this bill for the reasons I have stated already. I may ask the Government not to sleep over this matter any longer. They should be on the alert. They must deal with this matter forthwith. The report which is now in my hands has not satisfactorily dealt with the problem. The matter has to be dealt with very carefully with due deliberation and with courage and with sympathy; courage, so far as vested interests are concerned and, sympathy, so far as the landless are concerned. They will see that no time is lost. This is not a light matter, Sir, and they will have to work hard at it. If they sleep over the thing and wake up after ten or eleven months they will have to come again with a similar request. I will ask them to set themselves moving this very moment. I hope this matter will be receiving the anxious and earnest consideration not only of the Ministers but of this House as well. With these words I support the motion before the House.

ശ്രീമതി കെ. ആർ. ഗൌരി: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. പക്ഷെ, അതേസമയം ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന സംഗതികൾ കൊണ്ടു ഞങ്ങൾ തൃപ്തിപ്പെടുന്നില്ലെന്നുകൂടി പ്രസ്താവിച്ചുകൊള്ളുന്നു. കോൺഗ്രസ്സ് പാർട്ടി ഗവമ്മെൻറിൽനിന്നു ഈ ബിൽ അവതരിപ്പിച്ച സമയം തന്നെ പറയുകയുണ്ടായി, ഈ നയം സംബന്ധിച്ചു ഒരവസാനതീരുമാനത്തിൽ ഗവമ്മെൻറ് എത്തിയിട്ടില്ലാത്തതുകൊണ്ടാണ് അവർ ഈ ബിൽ അവതരിപ്പിക്കാൻ പ്രേരിതരായതെന്നു. ഒരു കാര്യം ഈ സഭ മുമ്പാകെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കോൺഗ്രസ്സ് ഗവമ്മെൻറ് ഇതിനു മുമ്പുണ്ടായിരുന്ന സഭയിൽ ഈ ബിൽ കൊണ്ടുവന്ന അവസരം മുതൽ തന്നെ ഉന്നയിച്ച ഒരു വാദമാണ് ഇതു്. എന്നാൽ ഇതുവരെയും ഗവമ്മെൻറ് ഒരു അവസാനതീരുമാനം എടുത്തിട്ടില്ല. കോൺഗ്രസ്സ് പാർട്ടി അധികാരത്തിൽ വരുന്നതിനുമുമ്പ് അവരുടെ മാനിഫെസ്റ്റോവിൽ പറഞ്ഞിരുന്ന ഒരു കാര്യമാണ് ഈ നാട്ടിലെ ജന്മിത്വം അവസാനിപ്പിച്ചു ഭൂമി കൃഷിക്കാർക്കു കൊടുക്കുമെന്നു്. പക്ഷെ കോൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം ഈ നാട്ടിൽ ജന്മിത്വം അവസാനിപ്പിച്ചിട്ടില്ലെന്നുമാത്രമല്ല ജന്മിത്വം ഈ നാട്ടിൽ അരക്കിട്ടുറപ്പിക്കുന്നതിനുവേണ്ട എല്ലാ നടപടികളും എടുത്തുവരികയാണ്. ഏററവും വലിയ ജന്മിയെ ഇവിടത്തെ നാടുവാഴിയായി വാഴിച്ചുകൊണ്ട് അദ്ദേഹത്തിൻെറ എല്ലാ അവകാശാധികാരങ്ങളും നിലനിർത്തുന്നതിനുവേണ്ട എല്ലാ സൌകര്യങ്ങളും ചെയ്തുകൊടുത്തിരിക്കയാണ്. അവർ അധികാരത്തിലിരിക്കുന്നതു തന്നെ ഈ ജന്മിത്വവ്യവസ്ഥയുടെ താങ്ങോടുകൂടിയാണ്. അതേസമയംതന്നെ കൃഷിക്കാർക്കു ഭൂമിയുടെ സ്ഥിരാവകാശം കിട്ടണമെന്നു

[Sry. K. R. Gouri]

ള്ള ന്യായമായ അവകാശം ഉന്നയിച്ചവരെ അടിച്ചമർത്തുകയും ചെയ്തിട്ടുണ്ട്. ഈ ബില്ലിന്റെ പ്രവർത്തനത്തിൽ ഈ പാർട്ടിക്ക് എന്തെങ്കിലും ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ ഈ ബില്ലിൽ ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുള്ള തെറ്റുകൾ പരിഹരിക്കുന്നതിന് അമൻഡ്മെന്റ് കൊണ്ടുവരാമായിരുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തെറ്റുകൾ എന്തായിരുന്നു?

ശ്രീ. കെ. ആർ. ഗൌരി: ഈ ആക്ടിൽ പാട്ടവും കാണപ്പാട്ടവും വസ്തുക്കളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നു പറയുന്നത്. ഹൈക്കോടതിയിലെ റൂളിംഗ് പ്രകാരം കാണപ്പാട്ടമായി വസ്തു അനുഭവിച്ചുകൊണ്ടിരിക്കുന്ന ആളുകളിൽനിന്നു തുടരെത്തുടരെ വസ്തുക്കൾ ഒഴിപ്പിച്ചുകൊണ്ടു പോകുന്നുണ്ടെന്നുള്ള സംഗതി മറച്ചുകൊണ്ട് ഇന്നും അതേ തരത്തിൽ ഒഴിപ്പിക്കൽ നടത്തുന്നതിനുള്ള സൌകര്യമാണ് ഈ ആക്ട് കൊണ്ട് കൊടുത്തിരിക്കുന്നത്. ഹൈക്കോടതി ചൂണ്ടിക്കാണിച്ചതിനുശേഷവും ഗവന്മെന്റ് അതു പരിഹരിക്കുന്നതിന് യാതൊരു നടപടിയും എടുത്തിട്ടില്ല. ഈ നിയമം പാസ്സാക്കിക്കഴിഞ്ഞശേഷം വാരവും പാതിവാരവും ഇതിൽ ഉൾക്കൊള്ളുന്നതല്ലെന്നു പറഞ്ഞിരിക്കുന്നതിനാൽ വെൺപാട്ട വസ്തുക്കൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആളുകളുടെ കയ്യിൽനിന്നു വസ്തുക്കൾ ഒഴിപ്പിക്കുന്നതിനുള്ള ഒരു സൌകര്യവും പ്രേരണയും ഈ ആക്ട് കൊടുത്തിട്ടുണ്ടെന്നുള്ള സംഗതി ഈ സഭയുടെ മുമ്പിൽ പ്രസ്താവിച്ചുകൊള്ളുന്നു. എന്റെ സ്ഥലത്തു കൊച്ചു എന്നൊരു വലിയ ജന്മിയുണ്ട്. ആ ജന്മി പത്തും എൺപത്തും വർഷമായി പാട്ടത്തിനു വസ്തുക്കൾ അനുഭവിച്ചുകൊണ്ടിരുന്ന എല്ലാ കുടിയാന്മാരുടെ കയ്യിൽനിന്നും വസ്തു ഒഴിപ്പിച്ച് ഇന്നു വാരമെന്നുള്ള നിലയിൽ മാറ്റി ഈ ആക്ടിന്റെ അടിസ്ഥാനത്തിൽ അവർക്ക് കിട്ടുമായിരുന്ന അവകാശം നഷ്ടപ്പെടുത്തുന്നതിനുള്ള നടപടികൾ നടത്തിയിട്ടുണ്ടെന്നുള്ള വസ്തുത കൂടി ഈ സഭയെ അറിയിച്ചുകൊള്ളുന്നു. ഏതെങ്കിലും വിധത്തിൽ പാട്ടക്കുടിശിക വരുത്തുകയാണെങ്കിൽ വസ്തു ഒഴിപ്പിക്കാമെന്ന് ഈ ആക്ടിൽ വ്യവസ്ഥയുണ്ട്. ഈ പാട്ടമെന്നുള്ളത് ആണ്ടിൽ ഇത്ര പാട്ടം കൊടുക്കണമെന്നുള്ളതല്ല. പാട്ടവ്യവസ്ഥയിൽ തന്നെ എത്രയോ പുറവകഭോഗങ്ങൾ ഉൾപ്പെടുന്നുണ്ട്. അതിലൊന്നായ ഓണക്കാഴ്ച കൊടുത്തില്ലെന്ന പേരിൽ വസ്തു ഒഴിപ്പിക്കാൻ ഈ നിയമത്തിൽ നിബന്ധനയുണ്ട്. ഓണക്കാഴ്ചപോലെതന്നെ പുറവക ഭോഗങ്ങൾ ധാരാളമുണ്ട്. നമ്മുടെ നാട്ടിലെ ജന്മിമാർ എതെങ്കിലും ഭോഗം കൊടുത്താൽ രസീതു കൊടുക്കുക പതിവില്ല. അങ്ങനെ ഏതെങ്കിലും ഒരു ഭോഗം കൊടുക്കാത്തവരുടെ കയ്യിലുള്ള വസ്തുക്കൾ ധാരാളമായി ഒഴിപ്പിക്കുന്നുണ്ടെന്നുള്ള സംഗതി ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ അറിയിച്ചുകൊള്ളുന്നു. അദ്ദേഹം പറയുകയുണ്ടായി, ഈ നാട്ടിൽ വസ്തു ഒഴിപ്പിക്കുന്നില്ലെന്ന്. അങ്ങനെയല്ലെന്ന് ഞാൻ അദ്ദേഹത്തെ അറിയിക്കാൻ ആഗ്രഹിക്കുന്നു. മറ്റൊന്നു ഗവന്മെന്റുവക വസ്തുക്കൾ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളതാണ്. വസ്തു ഇല്ലാത്തവർ ജീവിക്കാൻവേണ്ടി എതെങ്കിലും സ്ഥലത്തു കുടിയേറിപ്പാർത്തു മലയും മറവും വെട്ടിത്തെളിച്ചു കൃഷി ചെയ്യുമ്പോൾ ഗവന്മെന്റിനു ഇഷ്ടമുള്ള ആളുകൾക്കു കൊടുക്കുന്നതിനുവേണ്ടി അവരെ ഇറക്കിവിടുന്നുണ്ട്. ഇന്നുവരേയും കോൺഗ്രസ്സുകാർക്കു മാത്രമേ സ്ഥലം കൊടു

ത്തിട്ടുള്ള. ചെത്തലനിന്നും വണ്ടൻമേട്ടുവരെ പോയി കൃഷി ചെയ്തിട്ടുള്ള ആളുകളുടെ കയ്യിൽനിന്ന് സ്ഥലമൊഴിപ്പിച്ചിട്ടുണ്ടെന്നുള്ള സംഗതി ഞാൻ ഈ സഭ മുമ്പാകെ അറിയിച്ചുകൊള്ളുന്നു. ഈ കുറവുകളെല്ലാം പരിഹരിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഈവക ഭോഗങ്ങളെല്ലാം കുടിശിക വരുത്താത്തവർക്കെങ്കിലും ഒരു ചെറിയ ആശ്വാസം കിട്ടുമല്ലൊ എന്നു വിചാരിച്ചാണ് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നതു്.

ശ്രീ. എം. ഗോപാലൻ നായർ: സർ, ബില്ലിനെ ഞാനും അനുകൂലിക്കയാണ്. എങ്കിലും ഇതു് ഒരു പാർഷ്യൽ ലജിസ്ലേഷനാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഉദ്ദേശിച്ചിടത്തോളം സമാധാനം തൊഴിലാളികൾക്ക് ഇതു നൽകുന്നില്ലെന്നാണ് എന്റെ പരാതി. കാണപ്പാട്ടം ഈ ബില്ലിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് ഹൈക്കോടതിയിൽ അനേകം വിധികൾ ഉണ്ടായിട്ടുണ്ട്. എന്റെ നാട്ടിൽ ജന്മികൾ സ്ഥലം കൊടുത്തിട്ടുള്ളതു് പാട്ടവും കുഴിക്കാണവുമായിട്ടാണ്. പാട്ടവാരവും ഇതിന്റെ പരിധിയിൽ ഉൾപ്പെടുന്നതല്ലെന്നു കോടതിയിൽ വിധിയുണ്ടായിട്ടുണ്ട്. ഒററി ഒഴിപ്പിക്കുന്നതിനും യാതൊരു തടസ്സവും ഇല്ലാതിരിക്കുകയാണ്. അതുകൊണ്ട് പാട്ടത്തിന് വസ്തുക്കൾ കിട്ടിയിട്ടുള്ളവരെ മാത്രം ഒഴിപ്പിക്കാതിരിക്കാനുള്ള സൌകര്യം ചെയ്തുകൊടുക്കുന്ന ഒരു ബിൽ ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്നതിൽ ഒരർത്ഥവുമില്ല. ഈ ബിൽകൊണ്ടു സാധാരണക്കാർക്കു ഉണ്ടായിട്ടുള്ള പരാതികളെ പററി കൂടി പറയാതിരിക്കാൻ നിവൃത്തിയില്ല. വസ്തുക്കൾ പാട്ടത്തിനു കൊടുത്തിട്ടുള്ളതു ജന്മിമാർ മാത്രമല്ല. ഇടനിലക്കാരും കൊടുത്തിട്ടുണ്ട്. ഈ രാജ്യത്തെ ഗവർമെൻറ ഉദ്യോഗസ്ഥന്മാരും മററും അന്യസ്ഥലങ്ങളിൽ ജോലിക്കുപോകുമ്പോൾ വസ്തു പാട്ടത്തിനു കൊടുത്തിട്ടുപോകുകയും തിരിയെ വരുമ്പോൾ വസ്തുക്കൾ ഒഴിപ്പിച്ചെടുത്തു താമസിക്കുന്നതിനൊ എന്തെങ്കിലും കൃഷിചെയ്യുന്നതിനൊ നിവൃത്തിയില്ലാതെ വിഷമിച്ചുവരുന്നതായും എനിക്കറിയാം. ഞാൻ കൃഷിക്കാർക്കു വസ്തുവിൽ സ്ഥിരാവകാശം കൊടുക്കുന്നതിന് എതിരല്ല. ആ രീതിയിൽ സമഗ്രമായ ഒരു ബിൽ ഗവർമെൻറ കൊണ്ടുവരുന്നതിന് ഞാൻ അനുകൂലിയാണ്. പക്ഷെ ഇങ്ങനെയുള്ള പാർഷ്യൽ ലജിസ്ലേഷൻകൊണ്ട് ഏതാനും ആളുകൾക്ക് ഒരു സൌകര്യം ചെയ്തുകൊടുക്കുക എന്നതു ശരിയല്ല. അതിനെ ഞാൻ എതിർക്കുകയാണ്. ഇതിനെപ്പററി പല പരാതികളും ലഭിച്ചിട്ടുണ്ട്. ഇതു നിലവിൽ വന്നിട്ടു മൂന്നുകൊല്ലത്തോളമായി. ഇതിന്റെ ന്യൂനതകളെപ്പററി പല ലേഖനങ്ങളും പ്രസിദ്ധം ചെയ്തിട്ടുണ്ട്.

ഇതൊന്നും ഗവർമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നു പറയുന്നതു് ഒരിക്കലും ഞങ്ങൾക്കു വിശ്വസിക്കാൻ സാധിക്കുന്നില്ല. ലാൻഡ് പോളിസി കമ്മററിയുടെ റിപ്പോർട്ട് ഗവർമെൻറിനു കിട്ടിയിട്ട് ഏകദേശം രണ്ടുകൊല്ലത്തിൽ കൂടുതലായി. അതു പ്രസിദ്ധപ്പെടുത്തുന്നതിന് ഗവർമെൻറിന് ഇതുവരെ സന്മനസ്സുണ്ടായില്ല. ആ റിപ്പോർട്ട് അത്ര പുരോഗമനപരമായ ഒരു റിപ്പോർട്ടാണെന്നു ഞങ്ങൾ ആരും വിശ്വസിക്കുന്നില്ല. ഈ ബിൽ ഇങ്ങനെ എത്രകാലം നീട്ടിക്കൊണ്ടുപോകാനാണ് ഗവർമെൻറ് ഉദ്ദേശിക്കുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഞങ്ങൾ ഈ ബില്ലിനെ എതിർക്കുകയാണ് വേണ്ടതു്. പക്ഷെ അങ്ങനെ ചെയ്താൽ ഞങ്ങൾ പൊതുജനങ്ങളുടെ മുമ്പിൽ കുററക്കാരായിത്തീരും. അതുകൊ

[Shri M. Gopalan Nayar]

ണ്ട്. അടുത്ത ഭാവിയിൽത്തന്നെ ഇവിടത്തെ ലാൻഡ് പോളിസിയെ സംബന്ധിക്കുന്ന ഒരു ബിൽ, കൃഷിക്കാർക്ക് ഭൂമി ലഭിക്കുന്നതിനുള്ള വ്യവസ്ഥകളോടുകൂടി ഹാജരാക്കണമെന്ന് ഗവർമെന്റിനോട് അപേക്ഷിക്കുകമാത്രമാണ് ഞാൻ ഇപ്പോൾ ചെയ്യുന്നതു്.

ശ്രീ. കുമാരപിള്ള: ഈ നിയമനിർമ്മാണം ഇന്നും ഇഴഞ്ഞു നീങ്ങിക്കൊണ്ടിരിക്കയാണ്. ഈ ഗവർമെന്റിന്റെ ഭൂനയം എന്താണെന്നുള്ളതു ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഇവിടെ ഭൂനയം സംബന്ധിച്ചു കാര്യങ്ങൾ തീരുമാനിക്കുന്നതിനായി ഒരു കമ്മിററിയെ നിയമിക്കയും അവർ ഒരു റിപ്പോർട്ട് ഗവർമെന്റിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ കമ്മിററിയുടെ റിപ്പോർട്ട് ഒരു ഏകകണ്ഠമായ റിപ്പോർട്ടായിരുന്നില്ല. ആ കമ്മിററിയുടെ റിപ്പോർട്ട് ഭൂനയത്തെ സംബന്ധിച്ചിടത്തോളം വിവിധതാല്പര്യങ്ങളെ ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു റിപ്പോർട്ടാണ്. ആ റിപ്പോർട്ടിൽ തന്നെ രണ്ടഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് ഞങ്ങൾ അറിഞ്ഞിരിക്കുന്നതു്. അതിൽ ഏററവും കൂടുതൽ എതിർപ്പുള്ളതു് ഈ നാട്ടിലെ സ്ഥാപിതതാല്പര്യക്കാരായ ആളുകൾക്കാണ്. അതിനെ പരിഗണിക്കാതെ സാധാരണജനങ്ങൾക്കുപകാരപ്രദമായ ഒരു ഭൂനയം ഇവിടെ ഉണ്ടാക്കുന്നതിനുള്ള ചങ്കൂററവും ഈ സർക്കാരിനില്ല. ഇന്ന് ജന്മിത്വത്തിന്റെയും നാടുവാഴിത്വത്തിന്റെയും സഹായത്തോടുകൂടി അധികാരത്തിൽ വന്ന കോൺഗ്രസ്സ് ഗവർമെന്റ്, അധികാരത്തിൽ വന്നതിനുശേഷവും, അവരുടെ സഹായങ്ങളും സഹകരണങ്ങളും പ്രതീക്ഷിച്ചുകൊണ്ടു കഴിഞ്ഞുകൂടുന്ന ഒരു രീതിയാണ് ഗവർമെന്റ് സ്വീകരിച്ചിരിക്കുന്നതു്. ഈ ഭൂനയക്കമ്മിററിയുടെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള ധൈര്യംപോലും ഈ ഗവർമെന്റിനുണ്ടായിരുന്നില്ല. ഈ രീതിയിലുള്ള പ്രവർത്തനങ്ങൾമൂലം സാധാരണക്കാരായ ജനങ്ങൾ ഇന്നു വളരെ കഷ്ടപ്പെടുന്നുണ്ട്. ഇതിനു ഒരു പരിഹാരമുണ്ടാക്കുന്നതിലേയ്ക്കായി ഈ അസംബ്ലിയിലെ എല്ലാ അംഗങ്ങളും കൂടിയിരുന്നാലോചിച്ച് വ്യക്തമായ ഒരു ഭൂനയം ഉണ്ടാക്കണമെന്നുള്ള ആത്മാർത്ഥമായ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ ഉടമസ്ഥാവകാശം കൃഷിക്കാരനു ലഭിക്കത്തക്കവിധത്തിൽ, വളരെ തൃപ്തികരമായ ഒരു തീരുമാനമെടുക്കണമെന്നാണ് ഞാൻ ഈ അവസരത്തിൽ ഗവർമെന്റിനോടപേക്ഷിക്കുന്നതു്. ഇങ്ങനെ അപേക്ഷിക്കുന്നതിനിടയിൽ തന്നെ ഒരാശങ്കയുണ്ട്. ഇന്നത്തെ സർക്കാർ സാമ്പത്തികമായ താല്പര്യങ്ങളെ പരിരക്ഷിക്കുന്ന രീതിയിൽ അല്ലാതെ നിയമനിർമ്മാണത്തിനു തയ്യാറാവുകയില്ല. ഈ കോൺഗ്രസ് സർക്കാർ ഇതിനു മുമ്പും പല വാഗ്ദത്തങ്ങളും ചെയ്തിട്ടുണ്ട്. അവ ഇന്നും നിറവേററാതെ കിടക്കുകയാണ്. എന്നാൽ എനിക്കു പറയുവാനുള്ളതു് ഇന്നത്തെ സർക്കാർ ഈ രീതിയിലുള്ള ഒരു നിയമനിർമ്മാണം എത്രയും വേഗത്തിൽ നടത്തണമെന്നാണ്.

ശ്രീ. രവീന്ദ്രൻ: സർ, ഈ ബില്ലുകൊണ്ടു്

Mr. Speaker: I have been very kind and sometimes blind to the speeches delivered in this House on this amendment Bill. But hon. Members will kindly understand that, when they speak on the amendment Bill, the speeches should be within the scope of the amendment.

ശ്രീ. രവീന്ദ്രൻ: സർ, ഈ ബില്ലുകൊണ്ടു സാധാരണക്കാരായ കർഷകർക്കു യാതൊരു പ്രയോജനവുമില്ല. ഈ ബില്ലിൽ പാട്ടവസ്തുക്കൾ കോ

ടതി മുഖാന്തിരം ഒഴിവാക്കുന്നതു് തടയുന്നതിനുള്ള വ്യവസ്ഥയാണു ചെയ്തിരിക്കുന്നതു്. സ്ഥിരമായും വ്യക്തമായും ഉള്ള ഒരു ഭൂനയം ഗവൺമെൻറു രൂപീകരിക്കുന്നതുവരെ കർഷകർക്കു് ആശ്വാസം നൽകുവാൻവേണ്ടിയാണു് ഈ ബിൽ ഉണ്ടാക്കിയിരിക്കുന്നതെന്നാണു് കേട്ടിട്ടുള്ളതു്. പക്ഷെ ഈ ബില്ലിൻെറ പുറകിൽ നിന്നുകൊണ്ടു് ഇപ്പോൾ ധാരാളം വസ്തു ഒഴിപ്പിക്കൽ നടക്കുന്നുണ്ടു്. ഇതെല്ലാം ഗവൺമെൻറു് അറിഞ്ഞിട്ടും അറിയുന്നില്ലെന്നു ഭാവിക്കുകയാണു്. ഇന്നു ഗവൺമെൻറിൽനിന്നും വസ്തു ഒഴിപ്പിക്കൽ നിറുത്തിവച്ചിട്ടുണ്ടെങ്കിലും ഈ ആക്ടിലെ ചില വ്യവസ്ഥകൾ വച്ചുകൊണ്ടു് വസ്തു ഉടമസ്ഥന്മാർ പാവപ്പെട്ട കർഷകരെ ഭൂമിയിൽനിന്നും ഒഴിപ്പിച്ചുവരുന്നുണ്ടെന്നുള്ള സംഗതി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണു് ഞാനുദ്ദേശിക്കുന്നതു്. അതായതു് വസ്തു കൈവശം വച്ചിരിക്കുന്ന ആൾ ഇൻറൻഷണൽ വേസ്റ്റ് അല്ലെങ്കിൽ വിൽഫുൾ വേസ്റ്റ് ചെയ്തു എന്നു തെളിയുകയാണെങ്കിൽ കോടതിയിൽനിന്നും വസ്തു ഒഴിപ്പിച്ചു കൊടുക്കണമെന്നാണു വ്യവസ്ഥ. ഈ വകുപ്പു് എന്തെല്ലാം വിധത്തിലാണു് കർഷകരുടെ താല്പര്യത്തിനെതിരായി പോകുന്നതു് എന്നു് ഈ സഭയെ അറിയിക്കേണ്ടതു് എൻെറ കടമയാണെന്നു ഞാൻ വിചാരിക്കുന്നു. അതായതു പാട്ടവസ്തുവിൽ ഉണങ്ങി നിൽക്കുന്ന ഒരു പറങ്കിമാവിൻെറ കൊമ്പു് ഒന്നൊടിച്ചാൽ, ചോരുന്ന പുര ഒന്നു മേയുന്നതിനു് രണ്ടു മടൽ ഉണങ്ങിയ ഓല വെട്ടിയാൽ, അല്പം എണ്ണ കാച്ചുന്നതിനു ഉണങ്ങിയ രണ്ടു കൊതുമ്പു വെട്ടിയാൽ, അതു മനഃപൂർവ്വമായ വസ്തു നശിപ്പിക്കലായി പരിഗണിച്ചു് വസ്തുക്കൾ നാശപ്പെടുത്തിയെന്നു പറഞ്ഞു് വസ്തു ഒഴിപ്പിക്കൽ നടത്തുന്നുണ്ടു്. ഈമാതിരിയുള്ള കാരണങ്ങൾ പറഞ്ഞു് ചേർത്തല താലൂക്കിൽ കോടതിയുടെ സഹായത്തോടുകൂടി ധാരാളം എവിക്ഷൻ നടത്തുന്നുണ്ടു്. അതുപോലെതന്നെ ജന്മിക്കു് എന്തെങ്കിലും പുറവക ഭോഗം കൊടുക്കേണ്ടതു് കുറച്ചു താമസിച്ചുപോയാൽ അതിൻെറ പേരിലും വസ്തു ഒഴിപ്പിക്കുന്നതിനുള്ള വ്യവസ്ഥ ഇതിൽ ഉണ്ടു്. ഉദാഹരണമായി ൩൦ രൂപാ പാട്ടത്തിനു കൊടുത്തിരിക്കുന്ന ഒരു വസ്തുവിനു, കൈവശക്കാരൻ ൭ ൫ രൂപാവീതം നാലു പ്രാവശ്യമായി പാട്ടം കൊടുത്തുകൊള്ളാമെന്നു് കരാർചെയ്തിരിക്കെ, ഓണക്കാഴ്ചയായ ഏഴു ചക്രം കൊടുക്കാൻ താമസിച്ചു എന്ന ഒററക്കാരണത്താൽ വസ്തു ഒഴിപ്പിച്ചെടുത്തിട്ടുണ്ടു്. ഓണക്കാഴ്ച, മററു പുറവകഭോഗങ്ങൾ ഇവ കൊടുക്കാൻ താമസിച്ചുപോയാലും വസ്തു കൈവശക്കാരനിൽനിന്നും ഒഴിപ്പിച്ചെടുക്കാമെന്നു വ്യവസ്ഥയുണ്ടു്. ഓണക്കാഴ്ച ഒരുപക്ഷെ അമാന്തിച്ചുപോയാൽ വസ്തു കൈവശക്കാരനിൽനിന്നും ഒഴിപ്പിക്കാവുന്നതാണു്. അങ്ങനെ വലതുകൈകൊണ്ടു കൊടുക്കുന്നതു ഇടതുകൈകൊണ്ടു തട്ടിക്കൊണ്ടുപോവുകയാണു ചെയ്യുന്നതു് എന്ന ഒരു ന്യൂനത ഈ ബില്ലിൽ ഉണ്ടു്. അതിനു പരിഹാരമുണ്ടാക്കാതിരിക്കുന്നതു ശരിയല്ല. സാധാരണക്കാരായ ജനങ്ങൾക്കു് ഒരു താൽക്കാലികമായ ആശ്വാസം നൽകുന്നതിനുള്ള ഈ ബില്ലിൽ ഞാൻ പറഞ്ഞമാതിരിയുള്ള ഭേദഗതികൾകൂടി ഉണ്ടാകണമെന്നാണെൻെറ അഭിപ്രായം. കർഷകർക്കു ശാശ്വതമായ ആശ്വാസം നൽകുന്നതിനുള്ള ഒരു ഭൂനയം ഇന്നത്തെ ഭരണകക്ഷിയിൽനിന്നും ഉണ്ടാകുമെന്നു ഞങ്ങൾക്കു തീരെ പ്രതീക്ഷയില്ല. ഇന്നധികാരത്തിലിരിക്കുന്ന കക്ഷി, അവർ അധികാരത്തിൽ വരുന്നതിനുമുമ്പു്, ഇക്കാര്യങ്ങൾ എല്ലാം ചെയ്യുന്നതാണെന്നു അവരുടെ പ്രകടനപത്രികയിൽ പറഞ്ഞിരുന്നതാണു്. അവർ കമ്മിററികൾ ഉണ്ടാക്കി, റിപ്പോർട്ടുകൾ വരുത്തി. പക്ഷെ ഭൂനയം

[Shri Ravindran]

ഇതുവരെ രൂപീകരിച്ചില്ല. ഇതെല്ലാം അവരുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുപോകാനുള്ള അടവുകളാണ്. അതിനാണവർ ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ഇതു തീർച്ചയായും പാവപ്പെട്ടവരോടു കാണിക്കുന്ന ഒരു കടുംകൈയാണ്. വസ്തു കൈവശക്കാരായ പാവപ്പെട്ട കർഷകർ അവരുടെ കൈവശമുള്ള വസ്തുവിൽ എന്തെങ്കിലും സ്ഥിരമായ അവകാശം ലഭിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടിയാണ് കഴിഞ്ഞിരുന്നതു്. ഇന്നു അവരുടെ ആ പ്രതീക്ഷകൾ മറ്റെല്ലാപ്രതീക്ഷകളുംപോലെ തകർന്നുപൊയ്പ്പോയിരിക്കുകയാണ്. ഇതേക്കുറിച്ചു് ഞങ്ങൾക്കു പറയുവാനുള്ളതു് ഇത്രമാത്രമേയുള്ളു. ഈ ഗവണ്മെന്റിൽനിന്നും പാവപ്പെട്ട കർഷകനു യാതൊരാശ്വാസവും ഉണ്ടാകാൻ പോകുന്നില്ല. വ്യക്തമായ ഒരു ഭൂനയം രൂപീകരിക്കുന്നകാര്യത്തിൽ ഇന്നത്തെ ഗവണ്മെന്റ് പരിപൂർണ്ണപരാജയമടഞ്ഞിരിക്കുകയാണ് എന്നാണെനിക്കു പറയാനുള്ളതു്. താൽക്കാലികമായി ആശ്വാസം നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയുള്ള ഈ ബില്ലിൽ ഞാൻ സൂചിപ്പിച്ച ന്യൂനതകളുള്ള വ്യവസ്ഥ എടുത്തുകളഞ്ഞിട്ടു അൽപമെങ്കിലും ആശ്വാസം നൽകുന്നതിനുള്ള ഒരു വ്യവസ്ഥകൂടി ചേർക്കണമെന്നാണ് എന്റെ അഭിപ്രായം.

Shri M. M. Abdul Khader: Sir, while supporting this Bill, I wish to make some observations as to certain loopholes that have come before the Courts in actual operation of the Act during these three years. The purpose of the Bill, namely, to afford protection to the tenants from the execution of eviction decrees, has in many cases been defeated by the land lord. It is very easy for the land lord to make an allegation of waste, to get an emergent *exparte* commission taken out, to get a suitable report submitted by an obliging pleader or clerk and thus prove active waste which deprives the land holder the protection of the Act.

Secondly, if the pattom that has accrued due, for instance, on the 31st January 1951 and the poor, honest tenant tenders it to the landlord on that day and if the landlord does not accept the payment or does not issue a receipt, the poor tenant is left completely in the lurch; because default is proved, and the tenent becomes liable for eviction. If it is the purpose of this Government to afford any protection to the tenent pending more comprehensive land reform of the Ramaraj pattern which they promise, it would be imperatively necessary that this Government declare that the landlord, in the event of waste, has only the right to get compensation in money and that, secondly, in case of defaults, or arrears accruing due after the commencement of the original Act, it would be sufficient if the holder deposits pattom in court at any time before delivery actually takes place upon the orders of the court'

Thirdly, I would also request Government atleast to bring within the purview of this Act what has actually been within the first Holdings Stay of Eviction Act of 1124. Under this Act were included *Otti* and *Panayams* other than those which come under the Jenmi Kudiyan Act. And, with the progress of time under this congress regime, which swears by progressive land reform, what is given by this Act is taken away by Ordinance II of 1125 and Act VIII of 1950; these *Ottis* and *Panayams*, have been taken even beyond the pale of this present Act. So, Sir, when the people have been clamouring for land reforms, when everybody has been marching forward, not only has this Party been halting, but actually hopping backward.

In this connection, I would also state before the House that this Holdings (Stay of Execution Proceeding) Act would appear to us to be a clever deception played upon the people because the people think that their holdings are safe, that they cannot be evicted, that there is the protection of this Act until more exhaustive land reforms are enacted. On that impression the tenents become less vigilant. The people divert their attention from agitations for urgent land reforms while the landlord is able to rule the roost and the Government is able to stave off popular agitation for land reforms by standing behind the cover of this so-called Stay of Holdings Act.

It is our definite opinion, Sir, that the protection sought to be accorded under this Act is actually in many cases illusory and unreal. It is high time that this Government put an end to this sort of diplomatic stunts to stave off popular agitation on urgent land reform measures and such like.

I support the Bill.

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി ബിൽ നാലാമത്തെ വകുപ്പിൽ രണ്ടുകൊല്ലം എന്നു ചേർത്തിരിക്കുന്നതു മൂന്നുകൊല്ലമാക്കണം എന്നു മാത്രമേ ആവശ്യപ്പെടുന്നുള്ളു. ഈ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ചു ഇവിടെ പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പറന്മാർ എല്ലാവരും യോജിക്കുകയാണുണ്ടായതു്. എന്നാൽ ഈ ബില്ലുമായി യാതൊരു ബന്ധവുമില്ലാത്ത പല സംഗതികളെപ്പറ്റിയും ബഹു. മെമ്പറന്മാർ ഇവിടെ പ്രസംഗിക്കുകയുണ്ടായി. ആദ്യമായി പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പട്ടം താണുപിള്ളതന്നെ, ബില്ലിനെ സംബന്ധിച്ചല്ല, ബില്ലിന്റെ ഒബ്ജക്ട്സ് ആൻഡ് റീസൺസ് എന്നു പറഞ്ഞിരിക്കുന്ന ഭാഗത്തെപ്പറ്റിയാണു് പ്രസംഗിച്ചതു്. ഈ മന്ത്രിമാർ വന്നതിനുശേഷം ഭൂനയത്തെ സംബന്ധിച്ചു ശരിയായും ആത്മാർത്ഥമായും യാതൊരു നടപടികളും എടുത്തിട്ടില്ലെന്നു അദ്ദേഹം പറഞ്ഞു. അദ്ദേഹം ഇവിടെ മുഖ്യമന്ത്രിയായിരുന്ന കാലത്തു് ഇതുപോലെയുള്ള ഒരു ബില്ലുപോലും ഇവിടെ അവതരിപ്പിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചില്ല. അദ്ദേഹത്തിന്റെ അനന്തിരവന്മാർ വന്നതിനുശേഷമാണു് ഇത്രയെങ്കിലും ചെയ്തിട്ടുള്ളതു്.

ഭൂനയത്തെ സംബന്ധിച്ചു ഇതു വളരെ നിസ്സാരമായ സംഗതിയാണെന്നു പല മെമ്പറന്മാരും അഭിപ്രായപ്പെട്ടതായി തോന്നുന്നുണ്ടു്. ഇതു അത്ര നിസ്സാരമായ ഒരു സംഗതിയല്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. കാശ്മീർ ഒഴിച്ചാൽ ഇൻഡ്യയിലുള്ള യാതൊരു സ്റ്റേറ്റിലും ഭൂനയത്തെ സംബന്ധിച്ചു ക്ലിപ്തമായ യാതൊരു പരിപാടിയും ഇതുവരെ നടപ്പിൽ വരുത്തിയിട്ടില്ല. ചില സ്റ്റേറ്റുകളിൽ സെമീന്ദാരി സമ്പ്രദായം നിറുത്തൽചെയ്തിട്ടുള്ള വിവരം ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ അതുപോലെയുള്ള ഒരു സമ്പ്രദായം തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് നാമമാത്രമായേ നിലനിൽക്കുന്നുള്ളു. ഇതു സംബന്ധിച്ചു ഇൻഡ്യാഗവൺമെന്റിൽനിന്നും നിയമിച്ചിട്ടുള്ള പ്ലാനിംഗ് കമ്മീഷൻ അവരുടെ അടുത്ത കാലത്തു സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ ചില അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടു്. ആ പ്ലാനിങ്ങ് കമ്മീഷന്റെ "ഫൈവ് ഇയർ പ്ലാൻ" എന്ന ഗ്രന്ഥത്തിൽ ൯൯-ാമത്തെ പേജിൽ 'സീലിംഗ് ഓൺ എക്സിസ്റ്റിംഗ് ഹോൾഡിംഗ്സ്' എന്ന ഭാഗത്തു ഇങ്ങനെ പറഞ്ഞിരിക്കുന്നു.

Ceiling on Existing Holdings

The second course is sometimes advocated and its implications need to be analysed. The proposal to limit existing holdings raises important

[Shri A. J. John]

problems of finance, administration and management. Whether the State gives compensation, or under another name, rehabilitation grants, the task is likely to be far beyond its resources. The available administrative machinery is in no position to cope in any systematic manner with the problems of acquisition on the vast scale which appears to be contemplated. The distribution of the land acquired from individual owners among various classes of claimants—small owners, tenants and landless labourers—will present numerous practical problems involving basic social conflicts".

അതുകൊണ്ട് ഇപ്പോഴുള്ള ഹോൾഡിംഗ്സ് ചെറുതാക്കുകയോ, അതു തന്നെ വിട്ടുതുകയൊ ഏതാണ് വേണ്ടതെന്നു ആലോചിച്ച് തീരുമാനിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഞാൻ ഇത്രയും ഇവിടെ പ്രസ്താവിച്ചതു് ഇതു അത്ര നിസ്സാരമായ ഒരു സംഗതിയല്ലെന്നും ഗാഢമായി ആലോചിച്ചു തീരുമാനിക്കേണ്ട ഒരു കാര്യമാണെന്നും കാണിക്കുവാൻവേണ്ടിയാണു്. ഈ സ്റ്റേററുമാത്രമെ ഈ വിഷയത്തിൽ ഇത്രയുമെങ്കിലും മുൻപോട്ടു പോയിട്ടുള്ളു.

ലാൻറ പോളിസിയെ സംബന്ധിച്ചു ഇവിടെ പല ബഹു. മെമ്പറന്മാരും അഭിപ്രായപ്പെടുകയുണ്ടായി. ആ കമ്മിററിയിലെ അംഗങ്ങളെല്ലാവരും പിൻതിരിപ്പന്മാരായിരുന്നവെന്നു ഒന്നു രണ്ടു മെമ്പറന്മാർ അഭിപ്രായപ്പെട്ടു. ആ അഭിപ്രായത്തോടു് ഞാൻ അശേഷം യോജിക്കുന്നില്ല. അങ്ങനെ അഭിപ്രായപ്പെട്ടവരുടെ അഭിപ്രായത്തിൽ അവർ ഒരുപക്ഷേ പിൻതിരിപ്പന്മാരായിരിക്കാം. എന്നാൽ ഗവമ്മെൻറിനു് ആ അഭിപ്രായമില്ല. ശ്രീ. അബ്ദുൽഖാദറിൻെറ പ്രസംഗത്തിൽനിന്നും ഒരു എക്സിക്യൂട്ടീവു ആർഡർ മുഖേനയാണു് Holdings (Stay of Execution Proceedings) Act നടപ്പിൽ വരുത്തിയതായി അദ്ദേഹം ധരിച്ചതുപോലെ തോന്നി. ൧൧൨൫-ലെ ആക്ടു് നിയമസഭയിൽ പാസ്സാക്കിയ ആക്ടുതന്നെയാണു്. ഗവമ്മെൻറിൻെറ അഭിപ്രായമല്ല, നിയമസഭയുടെ അഭിപ്രായമാണു് ആ ആക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നതു്. ഹോൾഡിംഗ്സിൽ ഏതെങ്കിലും വെസ്ററ വരുത്തുകയാണെങ്കിൽ അതിനു് നഷ്ടപരിഹാരം കൊടുത്താൽ മാത്രം മതി. ആരോ ഒരാൾ ഏഴ് ചക്രം ഓണക്കാഴ്ച കൊടുക്കാത്തതുകൊണ്ടു് വസ്തു ഒഴിപ്പിച്ചു എന്നു പറഞ്ഞു. ഏഴ് ചക്രം ഓണക്കാഴ്ച കൊടുത്തിരുന്നവെങ്കിൽ അങ്ങനെയൊരു കേസുതന്നെ ഉണ്ടാകുകയില്ലായിരുന്നു. ആ ആക്ടിൽതന്നെ ഇന്നയിന്ന കാരണങ്ങൾകൊണ്ടുമാത്രമെ വസ്തു ഒഴിപ്പിക്കുകയുള്ളു എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ആ വ്യവസ്ഥകൾ മലയാളത്തിലും തമിഴിലും പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ടു്. ആ വ്യവസ്ഥകൾ എല്ലാവരും മനസ്സിലാക്കിയിരിക്കേണ്ടതുമാണു്.

ശ്രീ. ടി. വി. തോമസ്: ഓണക്കാഴ്ച പാട്ടത്തിൽ പെടുമോ?

ശ്രീ. എ. ജെ. ജോൺ: അതു പാട്ടത്തിൻെറ വ്യവസ്ഥ അനുസരിച്ചിരിക്കും. ഇതു സംബന്ധിച്ചു് ഏതെങ്കിലും മുൻസിഫ് കോടതിയിൽ വിധിയുണ്ടായാൽ അപ്പീൽ കൊടുക്കുന്നതിനു് വ്യവസ്ഥയുണ്ടു്. അങ്ങനെ അപ്പീൽ കൊടുക്കാവുന്നതുമാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: ഇതു സംബന്ധിച്ചു് തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള നിയമങ്ങൾക്കുതമ്മിൽ വ്യത്യാസമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: കുറെ വ്യത്യാസമുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: കൊച്ചിയിലുള്ളതുപോലെ എങ്കിലും തിരുവിതാംകൂർ ഭാഗത്തു നിയമം നടപ്പാക്കാതിരിക്കുവാൻ വല്ല കാരണവുമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: വിശേഷാൽ കാരണമൊന്നുമില്ല. ഈ ആക്ടിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നതിന് ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും അവകാശമുള്ളതാണ്.

ശ്രീ. പി. ചാക്കോ: നാലുമാസങ്ങൾക്കുമുൻപ് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതിനുവേണ്ടി ഗസററിൽ പരസ്യം ചെയ്തിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: എനിക്കു നിശ്ചയമില്ല.

ശ്രീ. ആർ. കേശവപിള്ള: മാണക്കാട്ടു ഇപ്പോൾ ഇല്ലെന്നും ജന്മികുടിയാൻ ആക്ട് പാസാക്കിയതോടുകൂടി അതു നിറുത്തൽ ചെയ്തുവെന്നും അറിയാമോ?

ശ്രീ. എ. ജെ. ജോൺ: ജന്മികുടിയാൻ ആക്ടിന്റെ പരിധിയിൽ വരുന്ന മാണക്കാട്ടുയെമാത്രമെ അതു ബാധിക്കൂ. അല്ലാത്ത മാണക്കാട്ടുകൾ ഇപ്പോഴും കൊടുക്കേണ്ടതുണ്ട്.

ജന്മിത്വം അവസാനിപ്പിക്കുവാൻ കാൺഗ്രസ് നിശ്ചയിച്ചിരിക്കുകയാണെന്ന് കാൺഗ്രസ് പ്രകടനപത്രികയിൽ പറഞ്ഞിട്ടുണ്ടെന്ന് ശ്രീമതി ഗൗരി പ്രസ്താവിച്ചതായി കേട്ടു. ഇവിടത്തെ കാൺഗ്രസ് പ്രകടനപത്രികയിൽ അങ്ങനെ പറഞ്ഞിട്ടുള്ളതായി എനിക്കറിവില്ല. വസ്തു ഉടമയെ സംബന്ധിച്ചുള്ള പരിധി നിർണ്ണയിക്കുന്നതാണെന്ന് പറഞ്ഞിരുന്നതായി അറിയാം.

ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ഈ ഭേദഗതി ബില്ലിന് ഞാൻ മാത്രമെ ഭേദഗതി അയച്ചിട്ടുള്ളു. വേറെ ആരും ഭേദഗതി അയച്ചിട്ടില്ല. ഇവിടെ പ്രസംഗിച്ചവരാരുംതന്നെ ബില്ലിനെ എതിർത്തിട്ടില്ല. അതുകൊണ്ട് ഈ ബില്ല് പാസ്സാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

The question that the Holdings (Stay of Execution Proceedings) Act (Amendment) Bill be taken into consideration was put and carried.

The Bill was taken into consideration.

The question that clauses 1 and 2 stand part of the Bill was put and carried.

The clauses were added to the Bill.

Shri A. J. John: I move: After clause 2 add the following clause:—

"3. The Holdings (Stay of Execution Proceedings) (Amendment) Ordinance, 1952, (II of 1952) is hereby repealed."

Shri Panampilli Govinda Menon: I second it.

ശ്രീ എ. ജെ. ജോൺ: ഈ ബില്ലിന്റെ കാലാവധി മാർച്ച് ൨൮-ാംനു അവസാനിക്കുമായിരുന്നു. ആദ്യത്തെ നോട്ടീസനുസരിച്ച് നിയമസഭ ഫെ–൧൯-ാംനു കൂടും എന്നായിരുന്നു. അതുകൊണ്ട് ൨൮-ാംനു-ക്കുമുൻപുതന്നെ ഈ ബിൽ ആക്ട് ആക്കാമെന്നാണ് പ്രതീക്ഷിച്ചിരുന്നതു്. എന്നാൽ നിയമസഭ തുടങ്ങുന്നതിനുള്ള തീയതി നീട്ടിയതുകൊണ്ട് ൨൮-ാംനു-ക മുൻപായി

[Shri A. J. John]

ആക്ട് പാസ്സാക്കാൻ സാധിച്ചില്ല. അതുകൊണ്ട് ൧൯൫൨ മാർച്ച് ൨൫-ാംനു ഇതിനുവേണ്ടി ഒരു ആർഡിനൻസുതന്നെ പുറപ്പെടുവിച്ചു. ആ ആർഡിനൻസ് അസ്ഥിരപ്പെടുത്തണമെന്നാണ് എന്റെ ഈ ഭേദഗതികൊണ്ടു ദ്ദേശിക്കുന്നതു്.

The amendment was put and carried.

Clause 3 was added to the Bill.

The question that the Preamble stand part of the Bill was put and carried.

The Preamble was added to the Bill.

The question that the Title stand part of the Bill was put and carried.

The Title was added to the Bill.

Shri A. J. John: Sir, I move that the Bill be passed.

Shri Panampilli Govinda Menon: I second it.

The question that the Bill be passed was put and carried.

The Bill was passed.

The Travancore Nurses, Midwives and Dhais Act (Amendment) Bill

Minister for Medicine and Public Health **(Shri V. Madhavan):** I move that the Travancore Nurses, Midwives and Dhais Act (Amendment) Bill be taken into consideration at once.

Minister for Works and Communications **(Shri Kalathil Velayudhan Nair):** I second it.

Shri E. P. Varghese: I oppose the introduction.

Mr. Speaker: Now we are proceeding with the consideration of the Bill. Of course, it is open to the Member to oppose.

ശ്രീ. വി. മാധവൻ: സർ, ഈ ബില്ല് തിരുവിതാംകൂർ വിഭാഗത്തെമാത്രം ബാധിക്കുന്ന ഒരു ബില്ലായിട്ടാണ് ഇവിടെ പാസ്സാക്കിയിട്ടുള്ളതു്. എന്നാൽ സംയോജനത്തിനുശേഷം കൊച്ചിവിഭാഗത്തെക്കൂടി ബാധിക്കത്തക്കവണ്ണം ഈ ബിൽ എഴുതിയുണ്ടാക്കണമെന്നു ഗവൺമെന്റു് ഉദ്ദേശിച്ചിരുന്നു. അങ്ങനെയൊരു ബില്ല് അവതരിപ്പിക്കുന്നതിന് ഇതുവരെ ഗവൺമെന്റിന് സാധിച്ചില്ല. തിരുവിതാംകൂർ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന ഈ ആക്ട്, ആക്ടിന്റെ ൨൭-ാം വകുപ്പനുസരിച്ച് ൧൯൫൨ മാർച്ച് ൩൧-ാംനു വരെ മാത്രമെ പ്രാബല്യത്തിലിരിക്കുന്നുള്ളു. ആദ്യത്തെ കൗൺസിൽ കൂടിയതിനുശേഷം, അഞ്ചു വർഷത്തിനകമാണ് ഇതിനു പ്രാബല്യമുള്ളതു്. ആദ്യത്തെ കൗൺസിൽ അവസാനിക്കുന്നതോടുകൂടി വേറൊരു കൗൺസിൽ തെരഞ്ഞെടുക്കുന്നതിന് ഇടയായിട്ടില്ല. അതുകൊണ്ടു് തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളമാണെങ്കിലും ഈ ആക്ട് പ്രാബല്യത്തിൽ വരുത്തുന്നതിന് രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് ഒരു ആർഡിനൻസ് പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. ഇപ്പോൾ ആ ആർഡിനൻസ് നിയമമാക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളതു്. ഈ ബില്ല് പാസ്സാക്കിത്തരണമെന്നു ഞാൻ സഭയോട് അപേക്ഷിച്ചുകൊള്ളുന്നു.

The House rose for lunch at 1-0 p.m. and reassembled at 2-0 p.m.
[2 p.m.] *with Mr. Speaker in the Chair*

Shri E. P. Varghese: The amending Bill proposes to extend the period of the Council under Section 8 of the Act. Section 8 fixes the period of the first Council at five years, and the subsequent Councils at three years. The Council is composed of 17 members according to Section 3 of the Act. It is said that the purpose of this amendment Bill is to take time till an Act that becomes applicable to both the States is enacted. I do not see what the difficulty is or why so much time is necessary to have an enactment applied to both the States. The Act has been in force in Travancore since 1121, and the integration took place long ago and if only the Act were to be applied to Cochin State also, addition of the word Cochin to the preamble of the First Section of the Act above is necessary and some consequential amendments. Is it the purpose that this Act has to be amended—many provisions of the Act have to be amended—so as to be applicable to Cochin State? I do not think there is any reason for that, because this Act has been existing already in this State for the last six years, and for five years the Council too has been working without any difficulty. Why should the period of the Council be extended to one year more? It consists of 17 members. I do not know whether there is any necessity for such a big Council. Anyhow, that is not the purpose now. The purpose is to extend the period for one year. My submission is that all this could have been avoided by simply making an amendment to the first section and the preamble. If this is done, the whole thing could have been easily managed without waste of time. On the other hand, the Government seem to have taken it very slowly. Law has its delays, but if the law-maker too becomes lax and lazy, where is the limit? My submission is that the Government should not take so much time. I do not find any necessity to have taken so much of time to make this simple Act applicable to Cochin. Suppose this Bill is thrown out, what is the effect? There will be no Council according to the Act here. In Cochin area, it was going on without any Act and there has been nothing wrong. If the only intention is to make this applicable to Cochin State also, the easiest thing would have been to amend the first section and the Preamble and make it applicable to Cochin. My submission is that I mainly object to the snail's pace in which things are being done. The Bill could have been brought in, instead of an Ordinance, as then the necessity of that ordinance being sought to be passed into an Act would not have arisen. I think the period of the Council consisting of 17 members has to be extended to one year more. But these thing could have been done expeditiously. There is a tendency to do things very slowly here and take things very easily. The law maker especially must be very vigilant in such matters. It is only to point out this that I oppose this Bill.

<u>ശ്രീ. വി. മാധവൻ:</u> എന്റെ മാന്യ സ്നേഹിതൻ ശ്രീ. ഇ. പി. വർഗീസ് 'ധായി' ബില്ലിനെപ്പറ്റി ഇവിടെ ഉന്നയിച്ച വാദമുഖങ്ങളെ സംബന്ധിച്ചിടത്തോളം എനിക്കു പറയുവാനുള്ളത്, ഈ ബില്ല് ഇവിടെ അവതരിപ്പിച്ചപ്പോൾ പറഞ്ഞ കാരണങ്ങൾതന്നെ ധാരാളം മതിയാകുന്നതാണെന്നാണ്. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട വാദതടസ്സം, ഈ ബില്ലിന്റെ അവതരണത്തിന് കുറെ കാലതാമസം നേരിട്ടുപോയി എന്നാണ്. അങ്ങിനെയുണ്ടായിരുന്നാൽത്തന്നെയും അവയെ പരിഹരിക്കുന്നതിനുവേണ്ടി ഒരു ഓർഡിനൻസ് പാസ്സാക്കിയിട്ടുമുണ്ട്. എന്നിരുന്നാലും ബിൽ ഒരു നിയമമാക്കാതിരിക്കാൻ സാദ്ധ്യമല്ല. അതനുസരിച്ചാണ് ഇ

[Shri V. Madhavan]

വിടെ അവതരിപ്പിച്ചിരിക്കുന്നതു്. പുതിയ കൗൺസിൽ ഇലക്ഷനെ സംബന്ധിച്ചിടത്തോളം ധാരാളം ജോലിത്തിരക്കുകൾ ഉണ്ടായതുകൊണ്ടാണു് ഇങ്ങനെ കാലതാമസം നേരിട്ടുപോയതു്. അതല്ലാതെ മററു കാരണങ്ങളൊന്നും ഞാൻ കാണുന്നില്ല. മററുതരത്തിലുള്ള ആക്ഷേപങ്ങളുമൊന്നുമില്ല. അതുകൊണ്ടു് ഈ ബിൽ പാസാക്കണമെന്നപേക്ഷിക്കുന്നു.

The question that the Bill be taken into consideration was put and carried.

Mr. Speaker: There is no amendment given notice of to the Bill.

The question that clauses 1 to 3 stand part of the Bill was put and carried.

Clauses 1 to 3 were added to the Bill.

The question that the preamble stand part of the Bill was put and carried.

The preamble was added to the Bill.

The question that the title stand part of the Bill was put and carried.

The title was added to the Bill.

Shri V. Madhavnn: I move that the Bill be passed.

Shri A. J. John: I second it.

The question that the Bill be passed was put and carried.

The Bill was passed.

The Travancore-Cochin Public Safety Measures Act (Amendment) Bill

Minister for Home Affairs **(Shri T. M. Varghese):** I move that the Public Safety Measures Act (Amendment) Bill be taken into consideration at once.

Chief Minister **(Shri A. J. John):** I second the motion.

Shri N. Raghava Kurup: I oppose the motion.

Mr. Speaker: The mover will explain the motion to the House. Then the Member will get an opportunity to make a speech.

ശ്രീ. ടി. എം. വർഗീസ്: സർ, പൊതുരക്ഷാനടപടി ആക്ടു് ഭേദഗതിചെയ്തുകൊണ്ടുള്ള ഒരു ആർഡിനൻസ് ആണു് ഇപ്പോൾ നിലവിലിരിക്കുന്നതു്. ഈ ആർഡിനൻസിനെ നീക്കംചെയ്യുന്നതിനുള്ള ഒരു ബില്ലാണു് സഭയിൽ അവതരിപ്പിച്ചിരിക്കുന്നതു്. കാരണം, ആക്ടിലെ വ്യവസ്ഥകൾ നീതീകരിക്കത്തക്കതല്ലെന്നും അവ മൗലികാവകാശധ്വംസനമാണെന്നും മററും മദ്രാസ് ഹൈക്കോടതിയിൽ ഒരു വിധിയുണ്ടായിട്ടുണ്ടു്. ആ വിധിയിലെ സാരാംശമനുസരിച്ചു് ആക്ടു് ഭേദഗതി ചെയ്യണമെന്നു് കരുതിയാണു് തല്ക്കാലത്തേക്കു ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നതു്. എന്നാൽ നിലവിലിരിക്കുന്ന ഓർഡിനൻസിനെ പിൻവലിക്കുകയും അനുയോജ്യമായ ഏതാനും ചില ഭേദഗതികൾ ഉൾക്കൊള്ളിക്കയും ചെയ്തിട്ടാണു ഇപ്പോൾ ബില്ല് അവതരിപ്പിച്ചിരിക്കുന്നതു്. ഈ ഭേദഗതികൾ ഒരു പ്രകാരത്തിലും അസ്വീകാര്യമോ ആക്ഷേപാർഹമോ അല്ലെന്നു പ്രത്യക്ഷത്തിൽ

തന്നെ കാണാവുന്നതാണ്. തികച്ചും ജനകീയ അടിസ്ഥാനത്തിൽ ആവശ്യമെന്നു വരാവുന്ന രക്ഷാവ്യവസ്ഥകളാണ് ഭേദഗതികൾവഴി ബില്ലിൽ കൊള്ളിച്ചിരിക്കുന്നതു്. ഈ സ്റ്റേററിനെ സംബന്ധിച്ചിടത്തോളം ഈ ആക്ടിന്റെ ൧൬ മുതൽ ൨൬ വരെയുള്ള വകുപ്പുകൾ ഇൻഡ്യാഗവമെന്റിന്റെ ആക്ടിനോടു യോജിച്ചവയാണ്. എന്നാൽ മദ്രാസിലാകട്ടെ സാരമായ ന്യൂനതകൾ ആക്ടിൽ നിലവിലുള്ളതായി കണ്ടു് അവിടെ ഭേദഗതികൾ വരുത്തുകയുണ്ടായി. ഭേദഗതി ചെയ്തശേഷവും ആ വ്യവസ്ഥകൾ നീതീകരിക്കത്തക്കതല്ലെന്നാണ് ഹൈക്കോടതി വിധിച്ചതു്. ആ വിധിയുടെ വെളിച്ചത്തിൽ ഇവിടേയും നിയമത്തിൽ ഭേദഗതികൾ വരുത്തുന്നതു ആവശ്യമെന്നു കണ്ടതുകൊണ്ടാണ് അതിലേക്കു തൽക്കാലത്തേക്കു് ഒരു ഓർഡിനൻസു പുറപ്പെടുവിച്ചിട്ടുള്ളതു്. മദ്രാസ് ഹൈക്കോടതിയുടെ വിധിസാരാംശമനുസരിച്ചു് ചൂണ്ടിക്കാണിച്ചിട്ടുള്ള ദൂഷ്യങ്ങളൊക്കെ പരിഹരിക്കത്തക്കവിധത്തിലുള്ള വ്യവസ്ഥകളാണ് ഓർഡിനൻസിലും ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ഓർഡിനൻസിൽ കൊള്ളിച്ചിട്ടുള്ളിടത്തോളം ആ വ്യവസ്ഥകൾ എല്ലാംതന്നെ സ്വീകാര്യമാണെന്നു കാണാവുന്നതാണ്. ഭേദപ്പെടുത്തപ്പെട്ട ഈ ആക്ടിലെ ൧൬ (എ), ൧൬ (ബി) ഈ വകുപ്പുകൾ സംബന്ധിച്ചു ന്യായമായ യാതൊരാക്ഷേപവും പുറപ്പെടുവിക്കത്തക്കതായി കാണുന്നില്ല. അതുപോലെതന്നെ ൧൬-ാംവകുപ്പു ൨-ാം ഉപവകുപ്പനുസരിച്ചും ഒരു പ്രാക്ഷേപത്തിനും വകയില്ല. പുറപ്പെടുവിക്കുന്നതായികാണുന്ന വേറൊരു ആക്ഷേപം ഡിക്ലറേഷനെ സംബന്ധിച്ചിടത്തോളമാണ്. ഏതെങ്കിലും ഒരു അസോസിയേഷൻ നിയമവിരുദ്ധമാണെന്നു ഗവമെന്റു തീരുമാനിച്ചാൽ അതു് ഒരു നോട്ടീസുമൂലം പ്രസിദ്ധപ്പെടുത്തുകയും വല്ല ആക്ഷേപവും ഉണ്ടെങ്കിൽ ൩൦ ദിവസത്തിനകം ബോധിപ്പിക്കുകയും ചെയ്യണമെന്നാണ് വ്യവസ്ഥ. ൩൦ ദിവസമെന്നു് ക്ലിപ്തപ്പെടുത്താതെ നും ഏതവസരത്തിലും ആക്ഷേപം പുറപ്പെടുവിക്കാമെന്നു് ആക്കണമെന്നുള്ള ഭേദഗതി കാര്യവശാൽ ആവശ്യമോ പ്രായോഗികമോ ആണെന്നു് തോന്നുന്നില്ല.

കാര്യക്ഷമതക്കും സമാധാനസംരക്ഷണത്തിനും ഒരു കരുതൽ നടപടി ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. അതിലേക്കാണ് ഈ നിയമം. ഈ ഭേദഗതി ഈ നിയമത്തിന്റെ സാരാംശത്തെ ബാധിക്കുന്നതോ ഗുണത്തെ ബാധിക്കുന്നതോ ആണെന്നു എനിക്കു വിശ്വാസമില്ല. ഇപ്പോൾ ഉള്ള എല്ലാ ന്യൂനതകളും പരിഹരിക്കുവാൻ വേണ്ടിയുള്ളതാണ് ഈ ഭേദഗതി ബിൽ. നിലവിലിരിക്കുന്ന നിയമത്തിന്റെ കാലാവധി ഇന്നു് തീരുന്നതാണ്. ഈ ഭേദഗതിബിൽ ഇന്നു പാസ്സായില്ലെങ്കിൽ നാളെ യാതൊരു നിയമവും അതിനെസംബന്ധിച്ചു ഉണ്ടായിരിക്കയില്ല. അതുകൊണ്ടു് ഈ ബിൽ എല്ലാവരും സ്വീകരിച്ചു് പാസ്സാക്കിത്തരണമെന്നു് അപേക്ഷിക്കുന്നു.

<u>ശ്രീ. എൻ. രാഘവക്കുറുപ്പു്</u>: സർ, ഞാൻ ഈ ബില്ലിനെ എതിക്കുന്നു. പല കാരണങ്ങളാലാണു് ഞാൻ ഇതിനെ എതിക്കുന്നതു്. എന്റെ അറിവു് ശരിയാണെങ്കിൽ ഇതു് ഇവിടത്തെ പൊതുരക്ഷാനിയമത്തിലെ ൧൬-ാം വകുപ്പിന്റെ സ്ഥാനത്തുള്ള ഒരു ഭേദഗതിയാണ്. ഈ ൧൬-ാംവകുപ്പുപ്രകാരം ഗവമെന്റ് ഉദ്ദേശിക്കുന്നതു് ഇവിടെ പ്രവർത്തനംനടത്തുന്ന ഏതെങ്കിലും അസോസിയേഷനെ നിയമവിരുദ്ധമായി പ്രഖ്യാപിക്കുന്ന

[Shri N. Raghava Kurup]

തിനു എക്സിക്യൂട്ടീവിനു അധികാരം കിട്ടണം എന്നാണ്. ഇങ്ങനെ ഒരു നിയമം തിരുവിതാംകൂറിലെ ചരിത്രത്തിൽ ആദ്യമുണ്ടായത് ൧൧൨൪-ലാണ്. ൧൧൨൪-ലെ മൂന്നാം ആക്ട് കുപ്രസിദ്ധിനേടിയ ഒരു ആക്ടാണ്. ആ ആക്ടിന്റെ പിൻഗാമിയായിട്ടാണ് പൊതുരക്ഷാനിയമത്തിൽ ൨൬-ാം വകുപ്പു ചേർത്തിരിക്കുന്നത്. ഭരണംനടത്തുന്ന കക്ഷിയുടെ നേതാവ് ശ്രീ. ഏ. ജെ. ജോൺ അവർകളും ടി. എം. വർഗ്ഗീസ് അവർകളും ൧൧൨൪-ൽ ഇങ്ങിനെ എക്സിക്യൂട്ടീവിന് അധികാരം കൊടുക്കുന്നതിനെ അങ്ങേ അററം അധിക്ഷേപിച്ചിട്ടുണ്ടെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അങ്ങനെ അവർതന്നെ അധിക്ഷേപിച്ചിട്ടുള്ള, അന്ന് വിദ്യാർത്ഥികളായിരുന്ന ഞങ്ങൾക്ക് എതിർക്കുന്നതിന് ആഹ്വാനംതന്നിട്ടുള്ള, ഒരു നിയമം ശ്രീ. ജോണിന്റേയും, വർഗ്ഗീസിന്റേയും നേതൃത്വത്തിലുള്ള ഒരു ഗവമ്മെന്റ് ഞങ്ങളുടെ മേലിൽ അടിച്ചേല്പിക്കുവാൻ കൊണ്ടുവന്നിട്ടുള്ളതിൽ ഞാൻ ഖേദിക്കുന്നു. എന്റെ അഭിപ്രായം ഈ നിയമം പാസ്സാക്കുന്നതിന് ഈ നിയമസഭയ്ക്കു് അധികാരമില്ലെന്നാണ്. ഈ സഭ എന്തെങ്കിലും കാരണവശാൽ ഇതു പാസ്സാക്കിയാൽ നാളെ ഇവിടത്തെ ഹൈക്കോടതി ഈ നിയമം പാസ്സാക്കുവാൻ ഈ സഭയ്ക്കു് അധികാരമില്ലെന്നും പറഞ്ഞ് ഈ നിയമം റദ്ദാക്കി തിരിയെ അയക്കുമെന്നാണ് എനിക്കു പറയുവാനുള്ളത്. അതായത്, ഈ നിയമത്തെ സംബന്ധിച്ച് ബഹു: ഹൈക്കോടതിയിലെ വിധിപ്രഖ്യാപനം, മദ്രാസ് ഹൈക്കോടതിയിലേയും ഇൻഡ്യയിലെ മററു പല ഹൈക്കോടതികളിലേയും വിധി പ്രഖ്യാപനം നാം കണ്ടുകഴിഞ്ഞു. ഹൈക്കോടതി വിധിമൂലം ഈ വകുപ്പു ഇപ്പോൾ നിലവിലില്ല. ആദ്യം അച്ചടിച്ചിരുന്ന ൨൬-ാംവകുപ്പു അസാധുവാണ്. അതു് നിയമവിരുദ്ധമാണെന്നു ഹൈക്കോടതി വിധിച്ചു. അതായതു് ജനനത്തിൽതന്നെ മരിച്ചു ഒരു ശിശുവിനെപ്പോലെയാണ് ഇതു്. പ്രസവിച്ചപ്പോൾ ജീവനില്ലാത്ത കുട്ടിയ്ക്കു ചികിത്സചെയ്യുവാനുള്ള സംരംഭംപോലെയുള്ള ഒരു വകുപ്പാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. നിയമപ്രാബല്യമില്ലെന്നു ഹൈക്കോടതി പറഞ്ഞ ഒരു വകുപ്പിന് ഭേദഗതി കൊണ്ടുവരിക എന്നു പറഞ്ഞാൽ അതു് മരിച്ച കുട്ടിയ്ക്കു് ചികിത്സചെയ്യുക എന്നതുപോലെയാണ്. നമ്മുടെ അജ്ഞത വീണ്ടും ബഹു: ഹൈക്കോടതിയുടെ മുമ്പിൽ വയ്ക്കുകയായിരിക്കും ഇതു് പാസ്സാക്കുകയാണെങ്കിൽ നാം ചെയ്യുന്നതു്. അതുകൊണ്ടു് ഈ വക കാര്യങ്ങൾ പരിശോധിച്ചു് ഈ നിയമം പിൻവലിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ നിയമം നമ്മുടെ അധികാരപരിധിയിൽ പെട്ടതല്ലെന്നും നിയമവിരുദ്ധമാണെന്നും ഉള്ള ഹൈക്കോടതി വിധിയുടെ ഒരു ഭാഗമാണ്, സർ, അങ്ങയുടെ അനുവാദത്തോടുകൂടി ഞാൻ ഇവിടെ വായിക്കുവാൻ പോകുന്നതു്. അതായതു് ഈ നിയമം തെററാണെന്നു തിരു—കൊച്ചി ഹൈക്കോടതി വിധിച്ചിട്ടുള്ള വിധിയുടെ അവസാനഭാഗമാണ്.

I read from page 193 of KLT 1952:

> "As a result of the conclusion we have arr ved at in the foregoing paragraphs we hold that Section 3 Cochin Criminal Law Amendment Act of 1124 became void on 26th January 1950."

കൊച്ചിൻ ക്രിമിനൽലാ അമൻഡ്മെന്റ് ആക്ട് ൧൯൫൦ ജനുവരി ൨൬-ാംതീയതി മരിച്ചുപോയിട്ടുണ്ട്. പൊതുരക്ഷാനിയമത്തിലെ ൨൬-ാം വകുപ്പും ൧൯൫൨ മാർച്ച് ൩൧-ാംതീയതി അതായതു്, ജനിച്ച തീയതി

തന്നെ മരിച്ചു. അങ്ങനെയുള്ള ഒരു നിയമത്തിനു് ഒരു അമൻഡ്മെൻറ് കൊണ്ടുവരുന്നതു് നമ്മുടെ നിയമസംബന്ധമായ അജ്ഞതയുടെ ലക്ഷണമാണു്. ഗവമ്മെൻറിനു് ആ നിയമം ആവശ്യമുണ്ടെങ്കിൽ അതിനു ഒരു പുതിയ നിയമം ഉണ്ടാക്കുകയല്ലാതെ നിയമവിരുദ്ധമാണെന്നു പറഞ്ഞു് ഹൈക്കോടതി തള്ളിയ ഒരു നിയമം അമൻഡുചെയ്യുകയല്ലാ വേണ്ടതു്. ഈ കാരണത്താൽ ഈ അമൻഡ്മെൻറ് പാസ്സാക്കുവാൻ നമുക്കു് അധികാരമുള്ളതല്ല എന്നാണു് എനിക്കു ഈ സഭയെ അറിയിക്കുവാനുള്ളതു്.

ശ്രീ. ഒ. സി. നൈനാൻ: കോടതി പറയുന്ന കാര്യത്തെപ്പററി ബഹു. മെമ്പർ നോക്കിയിട്ടുണ്ടോ?

Shri N. Raghava Kurup: I have once said that I am not yielding.

രണ്ടാമതായി ഈ നിയമത്തിന്റെ തത്വത്തിൽതന്നെ ഞാൻ എതിർക്കുന്നു. അതായതു് ബഹു. മന്ത്രിമാരും മററംഗങ്ങളും പറയുന്നു ഇതൊരു ജനാധിപത്യ രാജ്യമാണെന്നും ഈ ഭാഗത്തിരിക്കുന്ന ഞങ്ങളിൽ ചിലർ മാത്രമെ ജനാധിപത്യത്തിൽ വിശ്വസിക്കാത്തവരായുള്ളുവെന്നും. എന്നാൽ ഞാൻ പറയുന്നു ഈ ബിൽ ജനാധിപത്യത്തിനു് വിരുദ്ധമാണെന്നു്. ൧൧൧൪-ൽ മാത്രമെ ഇങ്ങനെയുള്ള ഒരു ദുർഭരണത്തിന്റെ ആവശ്യമുണ്ടായിരുന്നുള്ളു. ൧൧൧൪ വരെ ഇങ്ങനെയുള്ള ഒരു നിയമം ഇല്ലാതെ ഭരിക്കാമെങ്കിൽ, ഇവിടത്തെ ബഹുജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി ഭരിക്കുന്നവരാണു് നിങ്ങൾ എങ്കിൽ ആ ബഹുജനങ്ങളുടെ അഭിപ്രായം അനുസരിച്ചു് ഈ നിയമം പിൻവലിച്ചു ഇവിടെ ഉള്ള നിയമംകൊണ്ടു് ഭരിച്ചുകൂടേ എന്നു ഞാൻ ചോദിക്കുന്നു. എന്റെ അറിവു് ശരിയാണെങ്കിൽ ഈ ൨൩-ാംവകുപ്പിൽ പറയുന്ന ഏതു് കുററംചെയ്താലും ശിക്ഷിക്കുന്നതിനുള്ള അധികാരം—അതിനുവേണ്ട—വകുപ്പുകൾ ഇന്നത്തെ പീനൽകോടിൽ ഉണ്ടു്. പിന്നെ എന്തിനാണു് ജനാധിപത്യത്തിൽ വിശ്വസിക്കുന്നു എന്നു പറയുന്ന ഒരു ഗവമ്മെൻറ് കുറുക്കുവഴിയിൽക്കൂടെ ഇങ്ങനെയുള്ള കുഴപ്പങ്ങൾ കണ്ടുപിടിക്കുവാൻ പോകുന്നതു്. അക്രമപരമായ പ്രവൃത്തികൾ ചെയ്താൽ അതിനെ ശിക്ഷിക്കുവാൻ വേറെ നിയമമുണ്ടു്. കൊലക്കുററം ചെയ്താൽ അതിനു് ശിക്ഷിക്കുവാൻ വേറെ നിയമം ഉണ്ടു്. സംഘടിതമായി നിന്നു് ഈ രാജ്യത്തെ നിയമങ്ങളെ എതിർത്താൽ അതിനു് ഇന്നത്തെ പീനൽകോഡിൽ പ്രതിവിധികൾ ഉണ്ടു്. ഇങ്ങനെയിരിക്കുമ്പോൾ ഇതുപോലെയുള്ള ഒരസാധാരണനിയമം ഈ നാട്ടിലെ ജനങ്ങളുടെ തലയിൽ കെട്ടിവെയ്ക്കുന്നതു് എന്തൊരു അസമാധാനം ഉണ്ടായിട്ടാണു് എന്നാണു് എനിക്കു ചോദിക്കുവാനുള്ളതു്. മനുഷ്യരുടെ എല്ലാ അവകാശങ്ങളേയും ചവിട്ടിമെതിച്ചുകൊണ്ടു് അവർക്കെതിരായി അസാധാരണമായ ആയുധങ്ങൾ പ്രയോഗിച്ചുകൊണ്ടു് ഈ രാജ്യം ഭരിക്കുന്നതിനു് ജനങ്ങളുടെ പ്രാതിനിധ്യമുള്ള ഒരു ഗവമ്മെൻറ് ഒരിക്കലും ആശപ്പെടുകയില്ല. ഈ അമെൻഡ്മെൻറ് ബില്ലിന്റെ തത്വത്തിനു് വിരുദ്ധമാകയാലും നിങ്ങൾ അംഗീകരിക്കുന്നു എന്നു പറയുന്നതും, മറെറാരു വിഭാഗം അംഗീകരിക്കുന്നില്ലെന്നു പറയുന്നതുമായ ആ ജനകീയ സിദ്ധാന്തത്തിന്റെ പേരിലും ഞാൻ പറയുന്നു നിങ്ങൾ ഈ ബില്ലു് ഇവിടെ പാസ്സാക്കരുതു്; പാസ്സാക്കുവാൻ ഉദ്യമിക്കരുതു്; പാസ്സാക്കുവാൻ ആവശ്യപ്പെടരുതു്, എന്നു്. അതുകൊണ്ടു് ബഹു. മെമ്പർമാരെല്ലാം ഒന്നുചേർന്നു ഈ ബില്ലു് തള്ളിക്കളയണമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

[Shri N. Raghava Kurup]

മൂന്നാമത്തു്, മററൊരു കാരണംകൊണ്ടും ഞാൻ ഇതിനെ എതിർക്കുന്നു. അതായത്തു് കഴിഞ്ഞ നാലു നാലര വർഷത്തിനിടയ്ക്കു് ഇവിടെയുണ്ടായ ഒരു നിയമത്തിൽ ഈ വകുപ്പു അടങ്ങിയിരുന്നു. ക്രിമിനൽ ലാ അമെൻഡ്മെൻറു് ആക്ടു് ഇവിടെ പാസ്സാക്കിയതുമൂലം എന്തെല്ലാം കുഴപ്പങ്ങളാണു് നാട്ടിൽ ഉണ്ടായതെന്നു ഈ ഭാഗത്തിരിക്കുന്ന ഞങ്ങൾക്കറിയാം. പക്ഷെ ട്രഷറി ബഞ്ചിലിരിക്കുന്ന ബഹു. മന്ത്രിമാർ അതു് മറന്നുപോയിരിക്കാം. അതിൻെറ കഠോരമായ പല ഉപദ്രവങ്ങളും ഇന്നും നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. അതുകൊണ്ടു് എനിക്കു ഈ സഭയോടു് അഭ്യർത്ഥിക്കുവാനുള്ളതു് ഈ നിയമം ആക്ടായി ഇവിടെ നടപ്പിൽ വരികയാണെങ്കിൽ കുറേക്കാലത്തേക്കുകൂടി നാട്ടിലെ ജനങ്ങളുടെമേൽ മർദ്ദനം അടിച്ചേൽപ്പിക്കുവാൻ ഇടയാകുന്നതുകൊണ്ടു് ഈ ബില്ലു് സ്വീകരിക്കരുതെന്നാണു്.

നാലാമതായി, ഇതു് ക്രിമിനൽ ലായുടെ പ്രാഥമിക തത്വത്തിനു തന്നെ വിരുദ്ധമാണു്. ഒരാൾ കുററവാളിയാണെന്നു കണ്ടു അയാളുടെമേൽ കോടതിയിൽ കേസു് എടുത്തുകഴിഞ്ഞാൽ അയാൾ കുററവാളിയല്ലെന്നു തെളിവുകൊടുക്കുന്നപക്ഷം അയാളെ വിടുതൽ ചെയ്യുന്നതിനുള്ള അധികാരം കോടതിക്കുണ്ടു്. ഫണ്ടമെൻറൽസ് ആഫ് ക്രിമിനൽ ജൂറിസ്പ്രൂഡൻസ് തത്വമനുസരിച്ചു് ഒരാൾ കുററക്കാരനല്ലെന്നു തെളിവു കൊടുത്താൽ അയാളെ കുററക്കാരനല്ലെന്നു സ്ഥാപിച്ചു വിട്ടയക്കാൻ കോടതിയ്ക്കു് അധികാരമുണ്ടു്. പോലീസിൻെറ റിപ്പോർട്ടു് വച്ചുകൊണ്ടു ഇവിടെയിരിക്കുന്ന മന്ത്രി ഏതെങ്കിലും ഒരു പാർട്ടി നിയമവിരുദ്ധമാണെന്നു നിശ്ചയിക്കുന്നതായാൽ അതു് ഹൈക്കോടതിയിലുള്ള നിയമവിദഗ്ദ്ധന്മാർ ശരിയാണെന്നു പറയുന്നതുവരെ നിയമവിരുദ്ധമാകയില്ല. ഈ നിയമപ്രകാരം എക്സിക്യൂട്ടീവിനു് എപ്പോൾ തോന്നുന്നുവോ അപ്പോൾ മുതൽ ഇന്ന പാർട്ടി അല്ലെങ്കിൽ ഇന്ന അസോസ്യേഷൻ നിയമവിരുദ്ധമാണെന്നു പ്രഖ്യാപിക്കുവാൻ കഴിയും. അതു് ക്രിമിനൽ ജൂറിസ്പ്രൂഡൻസിൻെറ പ്രാഥമിക തത്വത്തിനുതന്നെ വിരുദ്ധമാണു്. കോടതി തെളിവു് എടുത്തു കുററക്കാരനല്ലെന്നു പറയുന്നതുവരെ അയാൾ കുററക്കാരനാണെന്നുള്ള നില എടുക്കുന്നതു് നിങ്ങൾ പ്രഖ്യാപിക്കുന്ന ജനാധിപത്യനിയമത്തിൻെറ ഫണ്ടമെൻറൽ തത്വത്തിനു് എതിരാണു്. ഈ കാരണത്താലും ഈ നിയമം തള്ളിക്കളയണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ബഹു. നിയമവകുപ്പു മന്ത്രി പറഞ്ഞതു് ഇവിടെ ഉണ്ടായിട്ടുള്ള ഹൈക്കോടതി വിധികൾക്കെല്ലാംകൂടി ഒരു പരിഹാരമായിട്ടു് ഈ ബില്ലുകൊണ്ടുവന്നിരിക്കയാണെന്നാണു്. ഹൈക്കോടതി വിധികളിൽ പൊതുവെ പറയുന്ന കാരണം എക്സിക്യൂട്ടീവിനു് അധികാരം കൊടുക്കുന്ന ഈ നിയമം തെററാണു്, ഗവമെൻറു് നോട്ടിഫിക്കേഷൻ തെററാണു് എന്നാണു്. അതു് ശരിക്കു വായിച്ചുനോക്കിയാൽ ബഹു. എല്ലാ മെമ്പറന്മാക്കും അറിയുവാൻ സാധിക്കും.

൧൬–(എ) ൧-ാം ഉപവകുപ്പിലേയ്ക്കു് ഞാൻ ഈ ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. നമ്മുടെ രാജ്യരക്ഷയ്ക്കു് ആവശ്യമെന്നു തോന്നി വ. ൧൬-(എ) ഉപവകുപ്പുപ്രകാരം ഒരു സംഘടനയെ നിയമവിരുദ്ധമാണെന്നു പ്രഖ്യാപനം ചെയ്താൽ അതിനു് ഗവമെൻറിനു് പ്രചോദനം കൊടുത്തിട്ടുള്ള കാര്യങ്ങൾ ഇന്നതൊക്കെയാണെന്നു ആ അസോ

സിയേഷൻ സെക്രട്ടറിയെ അറിയിക്കണമെന്നുണ്ട്. അതിനെ പാടെ നിഷേധിക്കുന്ന ഒന്നാണ് ൨൩-(എ) ൨-ാം ഉപവകുപ്പ്. അതിൽ പറയുന്നതു് ഇങ്ങനെയാണ്.

"Nothing in sub-section (1) shall require the Government to disclose any facts which they consider to be against public interest to disclose."

അതായത്തു് പൊതുതാല്പര്യത്തിനു് എതിരാണെന്നു തോന്നുന്ന ഏതൊരു കാര്യവും നിയമവിരുദ്ധമാക്കപ്പെടുന്ന സംഘടനയിലെ ആളുകളിൽ നിന്നു മറച്ചുവയ്ക്കുവാൻ സക്കാരിനു് അവകാശമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട സഭയോട് ഞാൻ അഭ്യർത്ഥിക്കുന്നു—ഇതു് ഹൈക്കോടതിവിധികളിൽ പറയുന്ന താല്പര്യത്തിനു് വിരുദ്ധമാണു്; സ്വേച്ഛാധിപത്യവും കൊള്ളരുതായ്മയും നടത്തുന്നതിനുള്ള മറെറാരുപായമാണു്; ഡെമോക്രസിയുടെ കഴുത്തിൽ കത്തിവയ്ക്കുന്ന ഒരു ഏപ്പാടാണു്; ഈ കാരണങ്ങളാൽ ഇവിടെയുള്ള ഓരോരുത്തരും ഇതിനെ എതിക്കണമെന്നു്.

കഴിഞ്ഞ ദിവസമാണെന്നു തോന്നുന്നു, ബഹു. മന്ത്രി പറഞ്ഞു ഈ ഭാഗത്തിരിക്കുന്ന ആളുകൾ ആരും ജനാധിപത്യത്തിൽ വിശ്വസിക്കുന്നില്ലാ എന്നു്. ഞാൻ അതു കേട്ടപ്പോൾ അത്ഭുതപ്പെട്ടുപോയി. അദ്ദേഹം പറഞ്ഞു ഇവിടെ ജനാധിപത്യത്തിൽ വിശ്വസിക്കാത്ത ഒരു വിഭാഗം ആളുകൾ ഉണ്ട്. അവരിൽ ആരും അധികാരത്തിൽ വന്നു ചേരാതിരിക്കുവാൻ വേണ്ടിയാണു് കാൺഗ്രസ് ഇത്രവളരെ ത്യാഗങ്ങൾ ഒക്കെ സഹിച്ചു് കയ്പേറിയ ഈ ഭാരം ഏറെറടുത്തതു് എന്നു്. അതുകേട്ടപ്പോൾ എനിക്കു് ഒരു കഥയാണു് ഓമ്മവരുന്നതു്. കൊച്ചുനാരായണൻ എന്നു പേരുള്ള ഒരു വിദ്യാത്ഥിയുണ്ടായിരുന്നു. അവൻ ഒരു ദിവസം സ്കൂളിൽനിന്നു് താമസിച്ചു വീട്ടിൽവന്നു. അപ്പോൾ അച്ഛൻ ചോദിച്ചു, "പാതിരാ ആയല്ലോ എന്താണു് ഇത്ര താമസിച്ചതു്." അതുകേട്ടു് അവൻ അടുക്കളയിൽ പോയി അമ്മയോട് അത്താഴം തരണമെന്നു ആവശ്യപ്പെട്ടു. അമ്മ പറഞ്ഞു "എന്താണു് നീ ഈ ഉച്ചസമയത്തു് അത്താഴം തരണമെന്നു പറയുന്നതു്". ഉടനെ അവൻ വെളിയിൽപോയി. അപ്പോൾ അച്ഛൻ ചോദിച്ചു, "ഈ പാതിരാസമയത്തു് എവിടെയാണു് നീ പോകുന്നതു്". അതുകേട്ടിട്ടു അവൻ പറഞ്ഞു "അമ്മ പറഞ്ഞു ഇപ്പോൾ ഉച്ചയാണു് എന്നു". ഉടനെ അച്ഛൻ പറഞ്ഞു "അല്ലാ ഇപ്പോൾ പാതിരാ ആണു് എന്നു". ഈ കഥയാണു് എനിക്കു ഓമ്മവരുന്നതു്. ഇതിൽ പറഞ്ഞതുപോലെ കുറച്ചുനാൾമുമ്പു് ഞങ്ങൾ അക്രമം പ്രവത്തിക്കുന്നവരാണെന്ന ആരോപണം ഉണ്ടായിരുന്നു. ഞങ്ങൾ ജനാധിപത്യത്തിൽ വിശ്വസിച്ചു് അക്രമം ഉപേക്ഷിച്ചു. അപ്പോൾ പറഞ്ഞു, ഞങ്ങൾ ജനാധിപത്യത്തിൽ വിശ്വസിക്കുന്നില്ലാ, വിശ്വസിക്കുന്നുവെങ്കിൽ ജനങ്ങളുടെ വോട്ടു വാങ്ങിച്ചു് അസംബ്ലിയിൽ വരട്ടെ എന്നുപറഞ്ഞു. ഞങ്ങൾ ജനാധിപത്യത്തിൽ വിശ്വസിച്ചു; തെരഞ്ഞെടുപ്പിൽനിന്നു, ജയിച്ചു ഇവിടെ വന്നു. ഇപ്പോൾ പറയുന്നു ഞങ്ങൾ ഡെമോക്രസിയിൽ വിശ്വസിക്കുന്നില്ലാ എന്നു്. ഇതിനു് എന്താണു് മറുപടി പറയേണ്ടതു്. അതുകൊണ്ടു് ഞാൻ പറയുന്നു ജനാധിപത്യത്തിൽ വിശ്വസിക്കുന്നു എന്നു പറയുന്ന ആളുകൾ പൗരസ്വാതന്ത്ര്യവിധ്വംസകമായ ഈ നിയമത്തെ പാടെ പിഴുതെറിയാതെ നമുക്കു് യാതൊരു രക്ഷയുമില്ലാ എന്നു്. അതിനാൽ ഈ സഭ ഈ ഭേദഗതി ബില്ലിനെ തള്ളിക്കളയണമെന്ന അപേക്ഷയോടുകൂടി ഞാൻ വിരമിക്കുന്നു.

ശ്രീ. എം. ഗോപാലൻനായർ: സർ, ഞാൻ ഈ അമെൻഡ്മെൻറ് ബില്ലിനെ എതിർക്കുന്നു. ക്രിമിനൽ ലാ അമെൻഡ്മെൻറ് ആക്ടിൽ അടങ്ങിയിരുന്ന ഹൈക്കോടതി നിയമവിരുദ്ധമാണെന്നു പറഞ്ഞ ഒരു വകുപ്പ് ഒരു അമെൻഡ്മെൻറ് എന്നവ്യാജേന വീണ്ടും ഈ നിയമസഭയിൽ കൊണ്ടുവന്നു നിയമത്തിൽ പുനഃസൃഷ്ടിക്കുവാനാണ് ഗവമ്മെൻറ് വിചാരിക്കുന്നതു്. ആദ്യമായി ജനകീയഭരണം നിലവിലിരിക്കുന്ന ഈ കാലത്തു് ഇങ്ങനെയുള്ള ഒരു നിയമം ആവശ്യമുണ്ടോ എന്നാണ് ആലോചിക്കേണ്ടതു്. ബ്രിട്ടീഷ് ഇൻഡ്യയിൽ ൧൯൦൮-ൽ ഈ ക്രിമിനൽ ലാ അമെൻഡ്മെൻറ് ആക്ട് നടപ്പിൽ വരുത്തിയതു് നമ്മെ അന്നു ഭരിച്ചുകൊണ്ടിരുന്നതായ ബ്രിട്ടീഷ്കാരാണ്. ഇൻഡ്യയിലെ ദേശീയ പ്രസ്ഥാനത്തിൽ കാൺഗ്രസിൻെറ ശക്തിയെ ക്ഷയിപ്പിക്കുന്നതിനാണ് അതിൽ ചില സെക്ഷൻസ് ഉണ്ടാക്കിയതു്. ആ നിയമത്തിലെ ചില വകുപ്പുകൾ തിരുവിതാംകൂറിൽ സർ സി. പി. എടുത്തുപ്രയോഗിച്ചു. ആ മാതിരിയുള്ള ചില വകുപ്പുകൾ ഇന്നും ഇവിടെ നിലവിലിരിക്കുന്നതു് ജനകീയഭരണമുണ്ടെന്നു അഭിമാനിക്കുന്ന നമുക്കു് ആക്ഷേപകരമാണ്. ഈ മാതിരിയുള്ള നിയമങ്ങൾ നമ്മുടെ രാജ്യത്തു് നിലവിലിരിക്കുമ്പോഴാണ് ഭാഗ്യവശാൽ പുതിയ ഒരു ഭരണഘടന നമുക്കു് ലഭിച്ചതു്. ഈ മാതിരിയുള്ള മൗലികാവകാശത്തെ ധ്വംസിക്കുന്ന നിയമങ്ങൾ പരിശോധിക്കുവാനുള്ള അധികാരം ഭരണഘടനാപ്രകാരം ഹൈക്കോടതിക്കുണ്ടു്. അങ്ങനെ ഒരധികാരമുള്ളതുകൊണ്ടു് ഈ മാതിരി നിയമം ജനദ്രോഹകരമാണെന്നു കണ്ടാൽ അതിനെ നമുക്കെതിർക്കാം. ഈ വിധത്തിലുള്ള ഒരു നിയമത്തിൻെറ ആവശ്യം ഇപ്പോൾ ഇവിടെ ഉണ്ടോയെന്നുള്ള കാര്യം നിയമമന്ത്രി ഇവിടെ വ്യക്തമാക്കിയിട്ടില്ല. ഇങ്ങനെയുള്ള ഒരു നിയമത്തിനു് ഒരു യുദ്ധകാലപരിതഃസ്ഥിതി ഇവിടെ ഉണ്ടോയെന്നു എനിക്കറിവില്ല. ഈ വിധത്തിലുള്ള ഒരു പരിപാടി സ്വീകരിക്കുന്നതിനു് ഒരു അടിയന്തിരസ്ഥിതി ആവിർഭവിച്ചിരിക്കുന്നതായി രാജ്യത്തിൻെറ ഏതെങ്കിലും ഭാഗത്തുനിന്നു ഏതെങ്കിലും ഒരു പാർട്ടിയുടെ ആഹ്വാനവും ഉണ്ടായിട്ടുള്ളതായി എനിക്കറിഞ്ഞുകൂടാ. ൧൫-ാം വകുപ്പു ഇപ്രകാരമാണ്.

"Interference with the administration of law, danger to public law' resistance or encouragement to resistance to law" എന്നാണ്. ഈ നിയമം പ്രയോഗിക്കുന്നതിനു ഏതു സംഘടനയാണ് തിരു-കൊച്ചിയിൽ മുന്നോട്ടുവന്നിരിക്കുന്നതു്? നിശ്ചയമായും ഈ മാതിരിയുള്ള ഒരു നിയമം, പൗരസ്വാതന്ത്ര്യത്തെ നിഹനിക്കുന്ന ഒരു നിയമം, നമ്മുടെ നിയമസംഹിതയിൽ ഇരിക്കുന്നതു് ജനകീയമന്ത്രിമാക്കു് ഭൂഷണമല്ലായെന്നാണ് ഞാൻ പറയുന്നതു്. ഈ നിയമം ഇത്ര തിടുക്കത്തിൽ പാസ്സാക്കിയെടുക്കുന്നതു് എന്തിനാണെന്നു എനിക്കു ഇതേവരെ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഒരു സംഗതി തീർച്ചയാണ്. അതായതു് ഇന്നത്തെ ഗവമ്മെൻറ് ഇതുപോലെയുള്ള അസാധാരണ നിയമങ്ങൾകൊണ്ടു മാത്രമേ രാജ്യംഭരിക്കുവാൻ കഴിയുകയുള്ളു എന്നു വിചാരിക്കുന്നുണ്ടു് എന്നുള്ളതു് തീർച്ചയാണ്. അവരോടു എനിക്കു പറയുവാനുള്ളതു് ഇതുമാതിരിയുള്ള ഒരു അസാധാരണ നിയമത്തിൻെറ ആവശ്യം ഇവിടെ ഇല്ലായെന്നാണ്. ഏതെങ്കിലും ഒരു സംഘടന നാട്ടിൽ അക്രമങ്ങൾക്കും അസമാധാനങ്ങൾക്കും മർദ്ദനങ്ങൾക്കും പ്രേരണ ചെലുത്തുന്നുണ്ടെങ്കിൽ അവരെ ശിക്ഷിക്കുവാനുള്ള

വ്യവസ്ഥ ഇവിടത്തെ പീനൽക്കോടിലുണ്ട്. ഏകാധിപത്യത്തിലേക്ക് കോൺഗ്രസ്സ് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇവിടത്തെ ജനകീയ ഗവമെന്റ് ഒരു ഫാസിസ്റ്റ് ഗവമെന്റായി രൂപാന്തരപ്പെടുന്നതിന്റെ നാന്ദിയാണ് ഈ നിയമം. ഈ നിയമസഭയിൽതന്നെ ജനകീയ മര്യാദകൾക്കു വിപരീതമായി പല കാര്യങ്ങളും നിങ്ങൾ ചെയ്തിട്ടുണ്ട്. ഈ മാതിരിയുള്ള നിയമം നിലനിറുത്തുവാൻ യാതൊരു കാരണവശാലും അനുവദിക്കുവാൻ പാടില്ല. ഏൻ വൻ-ൽ കറാച്ചിയിൽ വച്ചാണ് കോൺഗ്രസ്സ് മൗലികാവകാശപ്രഖ്യാപനം ചെയ്തതു്. അതു നോക്കിയാൽ ഇന്നത്തെ കോൺഗ്രസ്സ് സർക്കാർ ഈ തരത്തിലുള്ള മൗലികാവകാശ വിധ്വംസകങ്ങളായ നിയമങ്ങളെ എന്തുകൊണ്ടാണ് ന്യായീകരിക്കുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല. പൗരാവകാശത്തെ കരണ്ടുതിന്നുന്ന ഈ വ്യവസ്ഥ ഒരു തരത്തിലും ഇവിടെ പാസ്സാക്കുവാൻ പാടില്ല. വീണ്ടും ഇതിനു നിയമസംഹിതയിൽ ഒരു സ്ഥാനം കല്പിക്കുവാൻ മുതിരുന്നതു ഏററവും പരിതാപകരമാണ്. അസാധാരണ അധികാരങ്ങൾക്കുവേണ്ടി നിങ്ങൾ വെമ്പൽകൊള്ളേണ്ട ആവശ്യമില്ല. നിങ്ങൾ ഈ രാജ്യത്തെ ജനങ്ങളുടെ രക്ഷയെ മുൻനിറുത്തി ഭരിക്കുവാൻ തയ്യാറാകുകയാണെങ്കിൽ ഇങ്ങനെയുള്ള അസാധാരണ നിയമങ്ങളുടെ ആവശ്യമില്ല. ഈ നിയമംകൊണ്ടു് ഒരു ഫലമേയുള്ളൂ. അതായതു് ഈ രാജ്യത്തെ തൊഴിലാളി സംഘടനകളുടെ നട്ടെല്ലു പൊടിക്കുവാൻ ഗവമെന്റിന് ഈ നിയമംകൊണ്ടു സാധിച്ചേക്കാം. ഇവിടത്തെ തൊഴിലാളി യൂണിയനുകളുടെ ഇടയിൽ ചില കരിങ്കാലി യൂണിയനുകൾ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. മുതലാളികളും തൊഴിലാളികളും തമ്മിൽ തൊഴിൽതർക്കമുണ്ടാകുമ്പോൾ അതു് സമാധാനപരമായി തീർത്തിരിക്കുന്നതിന് ഈ കരിങ്കാലി യൂണിയനുകൾ ചിലപ്പോൾ അക്രമവും അസമാധാനവും ഉണ്ടാക്കാറുണ്ട്.

ഇങ്ങനെയുള്ള അവസ്ഥ സംജാതമാകുമ്പോൾ തൊഴിലാളി സംഘടനകളെ നിരോധിക്കേണ്ടതായി വന്നേക്കും. ഇപ്പോൾ അങ്ങനെ യാതൊരു അവസ്ഥയും ഉണ്ടായിട്ടില്ല. ഞാൻ പറയുന്നതു ഈ കരിങ്കാലി സംഘടന......

ശ്രീ. പി. വി. അവിരാത്തരകൻ: ഈ സംഘടനകൾ രജിസ്റ്റേർഡാണോ?

ശ്രീ. എം. ഗോപാലൻനായർ: എനിക്കറിഞ്ഞുകൂടാ.

ശ്രീ. പി. ഗോവിന്ദപ്പിള്ള: അവയ്ക്ക് ഈ നിയമസഭയിൽ പ്രാതിനിധ്യമുണ്ടോ?

ശ്രീ. എം. ഗോപാലൻനായർ: ഉണ്ടോയെന്നറിഞ്ഞുകൂടാ. ഏതായാലും ഗവമെന്റ് മാനേജുമെന്റ് യൂണിയനോട് അനുകൂലമനോഭാവവും തൊഴിലാളി യൂണിയനോട് മർദ്ദനമനോഭാവവുമാണ് പ്രദർശിപ്പിക്കാറുള്ളതു്.

Shri Nedumangad R. Kesavan Nair: Sir, on a point of order. Is it in order for the hon. Members to speak to each other?

Mr. Speaker: It is not permitted to the members to carry on conversations. Every question is expected to be put through the Speaker to the Member who is in possession of the House. If the Member who is speaking

[Mr. Speaker]

wants to answer any question he should yield first by sitting down and then hear the question. Then he should stand up and answer while the questioner should sit down and hear the answer. This is the proper procedure.

ശ്രീ. എം. ഗോപാലൻ നായർ: ഞാൻ പറയുന്നതു് ഇങ്ങനെയുള്ള യൂണിയനുകൾ ധാരാളമുണ്ടു്. കരിങ്കാലി യൂണിയൻ ഉണ്ടു്. കോൺഗ്രസ്സുകാരും ഇങ്ങനെയുള്ള യൂണിയനുകൾ ചേർക്കുന്നുണ്ടു്. അവക്കു് അനുകൂലമായി കാര്യങ്ങൾ നടത്തുന്നതിനു യൂണിയനുകളെ സംഘടിപ്പിക്കുന്നുണ്ടു്. ഇങ്ങനെയുള്ള യൂണിയനുകൾ സംഘടിപ്പിച്ചു മററു തൊഴിലാളി യൂണിയനുകളെ ഉപദ്രവിക്കുവാൻവേണ്ടി ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ-അവർ നടത്തുന്നുണ്ടു്. ഏതായാലും ഈ പരിതഃസ്ഥിതിക്കു് ഒരു മാററംവരുന്നതൊന്നുമില്ല. ഈ നിയമം വച്ചുകൊണ്ടു ആരെ വേണമെങ്കിലും ഉപദ്രവിക്കാം. ഇതു് ഒരു വലിയ ഭാരമാണു്. ഏതായാലും ഈ അമെൻറുമെൻറു് എതിർക്കേണ്ട ഒന്നാണു്. അതിനാൽ ഞാൻ ഇതിനെ എതിർക്കുന്നു.

Shri R. Ponnappa Nadar: Sir, I rise to oppose this Bill. My first submission is that this bill is opposed to the principle embodied in Article 90, clause (c) of the Indian Constitution. I may, with your permission, read the clause.

"All citizens shall have the right to form associations or unions".

My submission is that this is an inroad into the fundamental rights that have been conferred to all the citizens as per the Constitution. And, as has been urged on the floor of this House, this is a legislation that is calculated to impugn the rights of the public. It not only affects the right of the people but seeks to give the executive the right to say arbitrarily 'such and such associations are unlawful'. In Section 3, as clause (2) it is provided that "Nothing in sub-section (1) shall require the Government to disclose any facts which they consider to be against public interest to disclose." Under this clause arbitrary powers are conferred on the executive and the reasons for such decisions, it is provided, need not be disclosed even to a tribunal or to an advisory body. My submission is that this is against the principles embodied in the Constitution and this legislation is brought forward only to penalise certain trade unions and other associations.

It has been said in the Objects and Reasons attached to this Bill, that, because of the fact that the ruling reported in A.I.R. 1951, Madras, 147 which showed that several observations were brought to notice in that ruling these observations have been given as clauses 1 to 5 in the Objects and Reasons. Sir, it is a clever ruse to circumvent the observations made in that ruling.

Shri A. J. John rose.

Mr. Speaker: Is the hon. Member yielding?

Shri R. Ponnappa Nadar: No, Sir, I am not yielding. So, this legislation is only a clever ruse for the executive to impugn the right conferred by the Constitution and it is ultra vires of the powers of this Legislature to have brought forward an amendment to Section 23. Sections 23 to 30 give power to Government to declare unlawful certain associations. But this is not contemplated by this Act. So, my submission is that this legislation would adversely affect the public, and as such it should not be made into law. I request the Members of this House to reject this amendment.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ചില വസ്തുതകൾ ഈ സഭ മുമ്പാകെ കൊണ്ടുവരുന്നതിനു വേണ്ടിയാണ് ഞാൻ ഇതിനെ എതിർക്കുന്നതു്. സർ, ഈ ഭേദഗതി ബില്ല് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു് ഈ നാട്ടുകാരെല്ലാം കരിനിയമം എന്നു വിളിച്ചിട്ടുള്ള ഒരു നിയമത്തിനു വേറൊരു കരിംഭേദഗതി കൊണ്ടുവരുവാൻവേണ്ടിയാണ്. അതിനുള്ള കാരണം ഇതാണ്. ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുള്ള മന്ത്രി പറഞ്ഞു, മദ്രാസിലെ ചില ഹൈക്കോട്ടുവിധികളൊക്കെ അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ടു്; അതുംകൂടി ആദരിച്ചുകൊണ്ടാണ് ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്ന്. എന്നാൽ ൧൯൫൦ സെപ്റ്റംബറിലാണ് അവിടെ ഇതിനെസംബന്ധിച്ചുള്ള ഹൈക്കോട്ടു വിധിയുണ്ടായതു്. എന്നാൽ ഇവിടെ ഈ ബിൽകൊണ്ടുവന്നതു് അഞ്ചുമാസത്തിനു മുമ്പാണ്. ഈ ഭേദഗതികൊണ്ടു് പൊതുരക്ഷാനിയമത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നതല്ലാതെ കുറയുന്നില്ല. മിസ്റ്റർ വി. ജി. റാവുവിന്റെ കേസിൽ ഇങ്ങനെ തീരുമാനിച്ചു, അതുകൊണ്ടു് ഇപ്പോൾ ഈ ഭേദഗതി നിയമം കൊണ്ടുവരുന്നുവെന്നാണ് അദ്ദേഹം പറയുന്നതു്. വി. ജി. റാവുവിന്റെ കേസ്സ് വിധി ൧൯൫൦ സെപ്റ്റംബറിലായിരിക്കെ ൧൯൫൦ ജാനുവരിയിലാണ് സംഘടനകളെ ഇവിടെ ആദ്യം നിരോധിച്ചതു്. ൧൯൫൦ ജനുവരി ൨-ാം തീയതി മുതൽ ഈ ഭേദഗതി ബിൽ വരുന്നതുവരെഅതായതു് രണ്ടു കൊല്ലക്കാലമായി ഇവിടെ പലതും നടന്നിട്ടുണ്ടു്. അനേകം അനേകം ആളുകളെ ജയിലിൽ ആക്കുകയും പലരേയും മർദ്ദിക്കുകയും കൊല്ലുകയും ചെയ്തിട്ടുണ്ടു്. മാതാവിനെ പുത്രനെതിരായി സാക്ഷി കൊടുപ്പിക്കുക, സഹോദരിയെ സഹോദരനെതിരായി മൊഴികൊടുപ്പിക്കുക, ഇങ്ങനെ മാതൃപുത്രബന്ധമോ സഹോദരസ്നേഹമോപോലും അവരിൽ നശിപ്പിച്ചു പല അക്രമങ്ങളും ഈ നാട്ടിൽ ഈ കോൺഗ്രസ്സ് ഭരണകാലത്തു് ഉണ്ടായിട്ടുണ്ടു്. യാതൊരു പരിഷ്കൃത ഗവമ്മെന്റും ചെയ്യുവാൻ ഒരുങ്ങാത്ത പല നീചകൃത്യങ്ങളും പല സംഭവങ്ങളും ഈ നാട്ടിൽ കോൺഗ്രസ്സിന്റെ ഭരണകാലത്തു് ഉണ്ടായിട്ടുണ്ടു്. അവയെ എല്ലാം മൂടിവച്ചുകൊണ്ടു ഒരു പുതിയ ഭേദഗതികൊണ്ടു അവയ്ക്കു് നിയമസമ്മതി വാങ്ങിക്കുവാനാണ് സർ, ഈ ഗവമ്മെന്റു പണിപ്പെടുന്നതു്. രണ്ടുകൊല്ലക്കാലം ഈ കരിനിയമംകൊണ്ടു് ആളുകളെ ഉപദ്രവിച്ചു്, ഭരണഘടനക്കു് വിരുദ്ധമായ രീതിയിൽ, നിയമവിരുദ്ധമായ രീതിയിൽ അവർ പ്രവൎത്തിച്ചു—

ശ്രീ. ടി. എം. വർഗ്ഗീസ്: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. അമൻറ്മെന്റു ബില്ല് ചർച്ചക്കു വിഷയമാകുമ്പോൾ ഒറിജിനൽ ബില്ലിനെപ്പററി വാദപ്രതിവാദം നടത്താമോ?

Mr. Speaker: When the previous bill was under consideration I had given a ruling on that point Now, when this amending bill is discussed in this House, the discussion should be confined to the scope of the amendment. So far, I have understood that the hon. Members were confining themselves to the scope of the amendment. We need not go into discussion on the fundamental principles on which this Bill was drafted and brought into force.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: ഞാൻ നിലവിലുള്ള നിയമത്തിന്റെ ഭേദഗതിയെ കരിനിയമത്തിനു ഒരു കരിംഭേദഗതി കൊണ്ടുവന്നിരിക്കുന്നു എന്നു പറയാനാണ് ഉദ്ദേശിക്കുന്നതു്. ഈ ഭേദഗതികൊണ്ടു്

[Shri K. V. Krishnankutty Warrier]

മുമ്പത്തെ നിയമത്തിൽനിന്നും ഇതു് കൂടുതൽ രൂക്ഷതരമാക്കുകയാണു് എന്നാണു് ഞാൻ പറഞ്ഞുകൊണ്ടുവന്നതു്. സർ, എന്താണു് ഈ ഭേദഗതി? സംഘടനകളെ നിരോധിച്ചു കഴിഞ്ഞിട്ടു ഉണ്ടാകുന്ന മർദ്ദനവിളയാട്ടത്തിനിടക്കു വേണമെങ്കിൽ ഒരു ഹൈക്കോർട്ടു് വിധി സമ്പാദിക്കുവാനുള്ള ഒരു ഭേദഗതിയാണു് ഇതിലുള്ളതു്. അതായതു് രണ്ടുമാസത്തിനുള്ളിൽ നിരോധിക്കപ്പെട്ട പാർട്ടി ഹൈക്കോർട്ടിൽനിന്നും ഒരു വിധി സമ്പാദിക്കുകയാണെങ്കിൽ നടപടി പിൻവലിക്കുമെന്നുള്ളതാണു്. സർ, ഇതു് നടപ്പുവരാത്ത ഒരു കാര്യമാണു്. പ്രായോഗികമായി എന്തെല്ലാം ബുദ്ധിമുട്ടുകൾ ഇതിലുണ്ടെന്നു് ഞാൻ പ്രത്യേകിച്ചു് പറയേണ്ടതില്ലല്ലൊ. ആളുകളെ ജയിലിൽ ആക്കിക്കഴിഞ്ഞു അവരെ ലാക്കപ്പുകളിൽ ആക്കികഴിഞ്ഞിട്ടു് അവർക്കു് ഹൈക്കോടതിയിൽനിന്നും വിധി സമ്പാദിക്കാമെന്നു പറഞ്ഞാൽ എങ്ങനെയാണു് സാധിക്കുക? മാത്രമല്ല അവർക്കു് ആരെങ്കിലും സഹായങ്ങൾ ചെയ്തുകൊടുക്കുന്നതായാൽ അവരേയും ഈ നിയമം വച്ചുകൊണ്ടു് ജയിലിൽ ആക്കാവുന്നതാണു്. അവർക്കു് ഒരു നേരത്തെ ഭക്ഷണമൊ ഒരു കപ്പു ചായയോ വാങ്ങിച്ചുകൊടുത്താൽ അവരേയും ഈ നിയമംവച്ചുകൊണ്ടു് ജയിലിൽ ആക്കാവുന്നതാണു്. പ്രതികളോടു് ആരെങ്കിലും എന്തെങ്കിലും സംസാരിച്ചുപോയാൽ അവരേയും ഈ നിയമം ബാധിക്കും. അമ്മ മകനു ഭക്ഷണം കൊടുത്താൽ അവരേയും വേണമെങ്കിൽ ഈ നിയമംവച്ചുകൊണ്ടു പിടിക്കാം. അങ്ങനെയിരിക്കെ ആരുമുഖാന്തിരം വിധിസമ്പാദിക്കുവാൻ സാധിക്കും? അതും ഇങ്ങനെയുള്ള കർശന നിയന്ത്രണങ്ങൾ ഇരിക്കുമ്പോൾ രണ്ടുമാസത്തിനുള്ളിൽ എങ്ങനെ വിധി സമ്പാദിക്കും? ഇവിടത്തെ കോടതികളുടെ രീതിയിലാണെങ്കിൽ ഒരു കൊല്ലത്തിനകമെങ്കിലും ഇതിനൊരു വിധി സമ്പാദിക്കുവാൻ സാധിക്കുമോ എന്നു് സംശയമാണു്. രണ്ടുമാസത്തിനുള്ളിൽ വിധി സമ്പാദിച്ചില്ലെങ്കിൽ നിരോധിച്ചതു്, ജയിലിലാക്കിയതു് ഇവയെല്ലാം ശരിയാണെന്നു് നിയമംകൊണ്ടു് വരുത്താവുന്നതുമാണു്. സർ, അതിനാണു് ഇവിടെ ഈ ഭേദഗതികൊണ്ടുവന്നിരിക്കുന്നതു്. ശ്രീ. ടി. വി. തോമസ് അവർകൾ ഒരു ഹേബിയസ് കാർപ്പസ് പെററീഷൻ കൊടുത്തിട്ടു പത്തുമാസത്തിലധികം കാലമായി വിചാരണതന്നെ നടത്തിയില്ല.

ഇംഗ്ലണ്ടിലാണെങ്കിൽ ൨൪ മണിക്കൂറിനുള്ളിൽവിധി പറയേണ്ടതാണു്. ഈ നിലയിൽ രണ്ടു മാസത്തിനുള്ളിൽ കൊടുക്കാമെന്നു പറയുന്നതു് പ്രായോഗികമായിട്ടു് അഗ്രീവിഡ് ആയിട്ടുള്ള ആളുകൾക്കു് സാദ്ധ്യമല്ല. രണ്ടു മാസത്തിനകം വിധി സമ്പാദിച്ചില്ലെങ്കിൽ പിന്നെ യാതൊന്നും പ്രവർത്തിക്കാനും നിവർത്തിയില്ല. ഇതു് വ്യാജമാണു്. രണ്ടു മാസമെന്നു പറയുന്നതു് ഇല്ല്യൂസറിയായ ഒരവകാശമാണു്. ഭരണഘടനയിലെ ൨൪-ാം വകുപ്പാണു് ഈ വിഷയത്തെപ്പററി പ്രതിപാദിക്കുന്നതു്. ആ ഭരണഘടനയിൽതന്നെ മനുഷ്യരെല്ലാം നിയമത്തിൻെറ മുമ്പിൽ സമന്മാരാണെന്നു പറഞ്ഞിട്ടുണ്ടു്. മനുഷ്യരെല്ലാം തുല്യാവകാശമുള്ളവരാണെങ്കിൽ നിയമവിരുദ്ധമായ ഒരു സംഘടനയിലെ അംഗമെന്ന നിലയിൽ ഒരാളെ അറസ്ററ് ചെയ്യുമ്പോൾ ആ ആൾക്കു് അയാളുടെ നിലയെപ്പററി പറയാനുള്ള അവകാശമുണ്ടായിരിക്കണം. തൻെറ സംഘടനക്കു് നിയമവിരുദ്ധമായ ലക്ഷ്യമൊന്നുമില്ലെന്നു കോടതിയിൽ അറിയിക്കാനുള്ള അവകാശം അയാൾക്കുണ്ടായിരിക്കണം. ഏതെങ്കിലും നിസ്സാരകാരണത്തിനു

3 P. M.]

വേണ്ടി ഒരാളെ പിടിക്കുമ്പോൾ അയാൾക്ക് പറയാനുള്ളത് അറിയിക്കാനുള്ള സ്വാതന്ത്ര്യം കൊടുക്കാതിരിക്കുന്നത് ഒരു പൗരന്റെ പ്രാഥമികമായ പൗരസ്വാതന്ത്ര്യത്തെ നിഷേധിക്കലാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് നിയമവിരുദ്ധമായിട്ടുള്ള ഒരു സംഘടനയിലെ ആളുകൾക്ക് ആ സംഘടന നിയമവിരുദ്ധമല്ല എന്നു തക്കിക്കാൻ അവകാശമുണ്ടെന്ന്. പക്ഷെ ഗവമ്മെന്റ് എല്ലാ അവകാശങ്ങളും അടക്കിവച്ചിരിക്കുകയാണ്. ഗവമ്മെന്റ് നിയമവിരുദ്ധമായി പ്രഖ്യാപിച്ചു കഴിഞ്ഞാൽ ചോദ്യം ചെയ്യാൻ നിവൃത്തിയില്ല. അത് equality before law അല്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മദ്രാസിൽ വി. ജി. റാവുവിന്റെ കേസിൽ വിധി പുറപ്പെട്ടു രണ്ടാഴ്ചക്കുള്ളിൽ നിയമം പിൻവലിച്ചു. ഇവിടെ പിന്നേയും നിരോധനം നീട്ടിക്കൊണ്ടുപോവുകയാണ് ചെയ്തിട്ടുള്ളത്. പാർലമെന്റിലേക്ക് തിരഞ്ഞെടുപ്പിനുനിന്ന അംഗങ്ങളെപ്പോലും നിയമവിരുദ്ധമായ സംഘടനയിലെ അംഗമെന്ന നിലയിൽ തടങ്കലിൽ വച്ചു. ഇത്തരം അന്യായങ്ങൾ ജനങ്ങളുടെ നേരേ കാണിച്ചതുകൊണ്ട് കോൺഗ്രസ്സിന്റെ ൧൪൪ ഇപ്പോൾ ൪൪ ആയി ശോഷിച്ചുപോയിരിക്കുകയാണ്. എന്നിട്ടും അഭിമാനത്തോടുകൂടി ഭരിക്കാൻ പോകുന്നു എന്നാണ് പറയുന്നത്. അഭിമാനം ലവലേശമെങ്കിലുമുണ്ടെങ്കിൽ ഭരണഘടനയെ മാനിച്ചുകൊണ്ട് മദ്രാസ് ഹൈക്കോടതിയും കൽക്കട്ടാ ഹൈക്കോടതിയും സുപ്രീം കോടതിപോലും പറഞ്ഞിട്ടുള്ളതിന് എതിരായി പ്രവർത്തിക്കുന്നതു ശരിയല്ല. അങ്ങനെ ചെയ്യുന്നത് ഒരു ധിക്കാരമാണെന്നാണ് ഞാൻ പറയുന്നത്. സുപ്രീം കോടതിയിൽ കേസ് ഇപ്പോൾ ഇരിക്കുകയാണെന്നറിയാം. അവിടത്തെ വിധി വരുന്നതുവരെ ഇവർക്കു കാത്തിരിക്കാനുള്ള ക്ഷമ എന്തുകൊണ്ടാണ് ഇല്ലാതെ പോയത്. എന്തുകൊണ്ട് ഇവർ ഹൈക്കോടതിവിധിയെ മാനിച്ചുകൊണ്ട് നിരോധനങ്ങളെല്ലാം പിൻവലിച്ച് സ്വതന്ത്രവും നീതിപൂർവ്വകവുമായ തെരഞ്ഞെടുപ്പിനുള്ള അവകാശം നൽകിയില്ല. വാസ്തവത്തിൽ ഈ അമന്റ്മെന്റുകൊണ്ട് കൂടുതൽ ദ്രോഹമാണുണ്ടാകുന്നത്. ഇത് സദസ്സിന് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ഈ നിയമം ഈ അസംബ്ലിയിൽ പാസാക്കി അച്ചടിക്കുകയാണെങ്കിൽ ആ കടലാസിനുള്ള വിലപോലും അതിനുണ്ടാകയില്ല. അതിലുള്ള എല്ലാ നിയമവശങ്ങളും ഈ നാട്ടിലെ ബുദ്ധിയുള്ള ആളുകൾ മനസ്സിലാക്കിയിട്ടുണ്ട്. ഈ ൨൩-ാം വകുപ്പ് എന്നെന്നേക്കുമായി ഇല്ലാതായിക്കഴിഞ്ഞു. ഇതിന് ഒരു ഭേദഗതി കൊണ്ടുവരുന്നത് അജ്ഞതയോ ധിക്കാരമോ എന്താണെന്നു ഞാൻ പറയുന്നില്ല. രണ്ടും കാണും. രണ്ടുരണ്ടരക്കൊല്ലമായി നിയമവിരുദ്ധമായി ഈ രാജ്യത്ത്—

Mr. Speaker: The hon. Member has been repeating the very same point over and over again.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: ഞാൻ അവസാനിപ്പിക്കുകയാണ്. രണ്ടുരണ്ടരക്കൊല്ലമായി ഈ ഗവമ്മെന്റിന്റെ കീഴിൽ ഭരണഘടനയെ അവഗണിച്ചുകൊണ്ടും മൗലികാവകാശങ്ങളെ അവഗണിച്ചുകൊണ്ടും പല സംഗതികളും നടന്നിട്ടുണ്ട്. കമ്മ്യൂണിസ്റ്റുകാരോട് ചെറിയ ബന്ധം പുലത്തി എന്നുള്ളതുകൊണ്ട് പല ഉദ്യോഗസ്ഥന്മാരേയും സവ്വീസിൽനിന്നു പിരിച്ചുവിട്ടിട്ടുണ്ട്. ആ കാലത്തുതന്നെ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നിരോധനം നിലനിൽക്കത്തക്കതല്ലെന്നു വിധിയുണ്ടായിട്ടുണ്ട്. എന്നിട്ടും നിയമവിരുദ്ധമായ സംഘടനയിൽ പ്രവർത്തിച്ചു എന്നുള്ള പേ

[Shri K. V. Krishnankutty Warrier]

രിൽ വളരെ വളരെ കഷ്ടപ്പാടുകൾ സഹിക്കേണ്ടിവന്ന മർദ്ദിതരായ ആളുകൾക്ക് എന്തൊരു പരിഹാരമാണ് ഈ ഗവൺമെന്റ് കൊടുക്കാനുദ്ദേശിക്കുന്നതെന്നാണ് എനിക്കു ചോദിക്കുവാനുള്ളതു്. ഈ നാട്ടിലെ അനേകം പൗരന്മാരോടു ചെയ്തിട്ടുള്ള ദുഷ്ചെയ്തികൾക്ക് ഇന്നു് പരിഹാരം ഉണ്ടാക്കേണ്ടതാണ്. അതിനുപകരം കൂടുതൽ രൂക്ഷതരമായ നിലയിൽ കർക്കശമായ ഒരു നിയമം ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിരിക്കുകയാണ്. ഈ ഭേദഗതി എന്താണെന്നുള്ളതിനെപ്പററി അറിഞ്ഞാൽ ഈ ബിൽ സഭ തള്ളിക്കളയുമെന്ന് എനിക്ക് ഉറപ്പുണ്ട്. അല്ലാത്തപക്ഷം ഭേദഗതിയെപ്പററി വിശദമായി ചർച്ച ചെയ്യേണ്ടിവരും. എനിക്ക് ഈ സഭയിൽ പറയാനുള്ളതു് ഇന്നു് ഈ ഭേദഗതിയുടെ യാതൊരു ആവശ്യവുമില്ലെന്നാണ്. ഇതു് ഒരു പരിഷ്കൃത ഭേദഗതിയല്ല. ഒരു പരിഷ്കൃത ഗവൺമെന്റിന്റെ നിയമസംഹിതയിൽ സ്ഥലം പിടിക്കാൻ പററുന്ന ഒരു നിയമമല്ല ഇതു്. ഇംഗ്ലണ്ടിൽ ഇങ്ങനെയൊരു നിയമം കൊണ്ടു് വന്നാൽ ൨൪ മണിക്കൂർ ഗവൺമെന്റിനു് നിലനിൽക്കാൻ സാധിക്കുന്നതല്ല. ആസ്ട്രേലിയായിൽ ഇങ്ങനെയൊരു നിയമം കൊണ്ടുവന്നപ്പോൾ അവിടെ റഫറണ്ടം എടുത്ത കഥ നമുക്കറിയാം. ബ്രിട്ടീഷ് ഡെമോക്രസിയുടെ മാതൃകയാണല്ലോ നാം സ്വീകരിച്ചിട്ടുള്ളതു്. അവിടത്തെ ആ ഗവൺമെന്റ് ഇങ്ങനെയൊരു നിയമം കൊണ്ടുവന്നാൽ ൨൪ മണിക്കൂറിൽ കൂടുതൽ നിലനിൽക്കുകയില്ല. ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്നതു് ധിക്കാരമാണ്. കരിനിയമത്തിനു കൊണ്ടുവന്നിരിക്കുന്ന രൂക്ഷമായ ഈ കരിംഭേദഗതിയെ എതിർക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

<u>ശ്രീ. ടി. കെ. ദിവാകരൻ:</u> ഈ ഭേദഗതി ബില്ലിനെ ഞാൻ എതിർക്കുന്നു. ഈ അവസരത്തിൽ എന്റെ ഓർമ്മ ൧൧൧൪ ചിങ്ങം ൧൦-ാം തീയതിയിലേക്കാണ് പോകുന്നതു്. സ്റ്റേറ്റ് കോൺഗ്രസിനെ നിയമവിരുദ്ധമാക്കിക്കൊണ്ടു് ൧൧൧൪-ലെ ൧-ാം റെഗുലേഷനായി പുറപ്പെടുവിച്ച ഗസററ നോട്ടിഫിക്കേഷൻ ലക്ഷക്കണക്കിനുള്ള ആളുകളുടെ മദ്ധ്യേവച്ചു് പരസ്യമായി വലിച്ചുകീറിക്കൊണ്ടു് ആഹ്വാനം നൽകിയ ഒരു കക്ഷിയിലെ ആളുകളാണ് ഇന്നിവിടെ ഈ നിയമം കൊണ്ടുവന്നിരിക്കുന്നതു്. അതിനുശേഷം ഈ രാജ്യത്തു് മറെറാരു അടിയന്തിരാധികാരനിയമം സർ സി. പി. രാമസ്വാമി അയ്യർ നടപ്പിലാക്കിയ അവസരത്തിൽ ആ നിയമത്തിന്റെ കീഴിൽ ശ്വാസോച്ഛ്വാസം ചെയ്യുന്നതിനോ വെള്ളം കുടിക്കുന്നതിനുപോലുമോ നിവൃത്തിയില്ലെന്നു ഈ കക്ഷിയിലെ ഉന്നതന്മാരായ നേതാക്കന്മാർ അന്നു പറഞ്ഞിട്ടുള്ളതാണ്. സർ, ജനാധിപത്യഭരണത്തിന്റെ കീഴിൽ ഏതെങ്കിലുമൊരു കരിനിയമത്തിന്റെ ആവശ്യം കൂടാതെ ഭരിക്കണം. അതാണ് ജനാധിപത്യത്തിന്റെ പരിപൂർണ്ണമായ വിജയത്തെ കാണിക്കുന്നതു്. ഈ നിയമത്തിലെ നിയമപരമായ എല്ലാ തടസ്സങ്ങളെപ്പററിയും ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാർ പറഞ്ഞുകഴിഞ്ഞു. എനിക്ക് ഈ അവസരത്തിന്റെ പ്രത്യേകതയെപ്പററിയാണ് ഈ സഭയിലെ അംഗങ്ങളെ പ്രത്യേകമായി ഓർമ്മിപ്പിക്കാനുള്ളതു്. കോൺഗ്രസ് പാർട്ടി ൪൪ ആളുകളുടെ ശക്തിയിൽ ഒരു ഭീഗീയമായ ഭൂരിപക്ഷമായിട്ടു് സകല പ്രതി പക്ഷാഭിപ്രായങ്ങളേയും നിഷേധിച്ചു നാലുകൊല്ല

ക്കാലം ഈ രാജ്യത്തുഭരണം നടത്തി ചുമതലക്കണ്ണീർ പൊഴിച്ചതിന്റെ ശേഷം ആ കണ്ണീർ പൊഴിച്ച് വളരെ വളരെ ശുഷ്കിച്ച് ഇന്ന് ൪൪ ആളുകളായി തീന്നിരിക്കുകയാണ്. ഇന്ന്. ഏതാനും സ്വതന്ത്രന്മാരുടെ സഹായത്തോടു കൂടിയാണ് ഈ മന്ത്രിസഭ ഭരണം നടത്തിക്കൊണ്ടു പോകുന്നതു്.

Mr. Speaker: What has the Member to say to the amendment proposed?

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഈ അവസരം പ്രാധാന്യമർഹിക്കുന്നതാണ്. വളരെ ശക്തിയേറിയ ഒരു പ്രതിപക്ഷം ഇവിടെ പ്രവത്തിക്കുന്നുണ്ടു്. അധികാരത്തിലിരിക്കുന്ന കക്ഷിക്ക് ഈയവസരത്തിൽ ഈ നിയമം അനുവദിച്ചുകൊടുക്കുകയാണെങ്കിൽ വളരെ നിസ്സാരമായ കാര്യങ്ങൾക്കുവേണ്ടി ഏതെങ്കിലും ഒരു സംഘടനയെ നിരോധിച്ചശേഷം പ്രതിപക്ഷത്തിരിക്കുന്ന ഒന്നോ രണ്ടോ ആളുകളെ അകത്തു വക്കുന്നതിനു് സൗകര്യം നൽകുന്നതാണ്. പ്രത്യേകിച്ചും ശക്തിയേറിയ ഒരു പ്രതിപക്ഷത്തിന്റെ കൈകരുത്തിൽപ്പെട്ടു കണ്ണു തെള്ളുന്ന ഒരു മന്ത്രിസഭ അങ്ങനെയുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്നു കഴിഞ്ഞകാലത്തെ അനുഭവങ്ങൾവച്ചു കൊണ്ടു് എനിക്കു പറയാൻ സാധിക്കും. ശൂരനാട്ടു് ഒരു പോലീസ് ഇൻസ്പെക്ടർ മീൻപിടിത്തം സംബന്ധിച്ചുണ്ടായ ഒരു ലഹളയിൽ കൊല്ലപ്പെട്ടു എന്നുള്ള കാരണത്താൽ ഈ രാജ്യത്തെ വളരെ ശക്തിയേറിയ തൊഴിലാളി സംഘടനകളേയും രാഷ്ട്രീയകക്ഷികളേയും നിരോധിച്ച ഒരു കക്ഷിക്കു് ഇങ്ങനെയുള്ള സ്വാതന്ത്ര്യംകൂടി അനുവദിക്കണമെന്നുള്ളതാണ് അധികാരത്തിലിരിക്കുന്ന കക്ഷി ഈ ഭേദഗതിമൂലം ആവശ്യപ്പെടുന്നതു്. ഇതിൽ പറഞ്ഞിരിക്കുന്ന രണ്ടുമാസത്തിനകം ഹൈക്കോടതിയിൽ ഒരു ഹർജ്ജി കൊടുക്കാൻ കഴിയുമോ? എറണാകുളത്തു് ഹൈക്കോടതിയുടെ വാതുക്കൽവച്ചുപോലും ഹർജി കൊണ്ടുപോകുന്ന ഒരാളിനെ നിയമവിരുദ്ധമായ സംഘടനയിലെ ആളാണെന്നു പറഞ്ഞു് അറസ്റ്റു് ചെയ്യാനുള്ള സൗകര്യമുണ്ടു്. അങ്ങനെയിരിക്കെ നിരോധിക്കപ്പെട്ട ഒരു സംഘടനയിലെ അംഗത്തിനു് എങ്ങനെയാണ് കോടതിയുടെ മുമ്പിൽപോയി ഒരു വിധി സമ്പാദിക്കാൻ സാധിക്കുക. കോടതിയിൽ പോകണമെങ്കിൽ തീർച്ചയായിട്ടും റോഡിൽക്കൂടിതന്നെ പോകണം. ഒരു പോലീസ്കാരനു് അങ്ങനെ പോകുന്ന ഒരാളെ അറസ്റ്റു് ചെയ്യാനുള്ള അധികാരമുണ്ടു്. ഈ രണ്ടു മാസത്തിനിടയിൽ എങ്ങനെയാണ് ഇതിനൊരു പരിഹാരമുണ്ടാക്കാൻ ഈ നിലയിൽ ഒരു നിരോധിക്കപ്പെട്ട കക്ഷിയിലെ അംഗത്തിനു കഴിയുക. അതു മാത്രവുമല്ല ഈ നിരോധനം പ്രതിപക്ഷത്തെ അടിച്ചമത്തുന്നതിനായിട്ടാണ് ഉപയോഗിച്ചിട്ടുള്ളതെന്നു പറയാൻ കഴിയും. ഈ രാജ്യത്തെ പ്രതിപക്ഷകക്ഷികളെയാണ് ഇതു വളരെ ബാധിക്കുന്നതു്. ഒരു ചെറിയ ന്യൂനപക്ഷത്തോടുകൂടിയിരിക്കുന്ന മന്ത്രിസഭ പ്രതിപക്ഷത്തെ അമർച്ച ചെയ്യുന്നതിനു് എല്ലാ ഹീനമാർഗ്ഗങ്ങളും ഉപയോഗിക്കുമെന്നാണ് കഴിഞ്ഞ കാലത്തെ അനുഭവങ്ങളിൽനിന്നും ഞങ്ങൾക്കു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. ഈ പശ്ചാത്തലത്തിൽ ഈ ഭേദഗതി പാസാകുന്നതുമൂലം ഈ രാജ്യത്തെ പ്രതിപക്ഷകക്ഷികൾക്കു് പല ഉപദ്രവങ്ങളും നേരിടേണ്ടിവരും. ഇപ്പോഴത്തെ മന്ത്രിസഭ അധികാരത്തിൽ വന്നതിനു ശേഷം ഈ പോലീസുകാരുടെ ഇടപെടൽ നാടുമുഴുവൻ നടന്നുകൊണ്ടിരിക്കുകയാണ്. ഞാൻ ഈ നിയമസഭയിൽ ഇരിക്കുമ്പോൾതന്നെ കായംകു

[Shri T. K. Divakaran]

ഉത്തു അൻപതോളം തൊഴിലാളികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുള്ളതായി എനിക്കു ഒരുകമ്പി കിട്ടിയിട്ടുണ്ടു്. തൊഴിലാളിസംഘടനകളെ നിയമവിരുദ്ധമായി പ്രസ്താവിക്കുന്നതിനുള്ള ഒരധികാരമാണ് ഈ ഭേദഗതി ഈ ബില്ലിൽ ചേർക്കുന്നതുമൂലം ഇന്നത്തെ ഭരണത്തിലിരിക്കുന്ന കക്ഷിക്കു കിട്ടുന്നതു്.

സർ, എപ്പോഴും നിയമങ്ങൾ പ്രയോഗിക്കുന്നതു് നീക്കിബാക്കിയില്ലാത്തവന്റെ അടുക്കലവരെ കയറിയാണ്. അങ്ങനെ പോലീസുകാർ നിയമങ്ങൾ കൈകാര്യം ചെയ്തിട്ടുള്ളതായി പല അവസരങ്ങളും ഞങ്ങളുടെ അനുഭവത്തിൽപ്പെട്ടിട്ടുണ്ടു്. ഈ രാജ്യത്തു സമാധാനം പാലിക്കുന്നതു് തൊഴിലാളികളേയും അവരുടെ സംഘടനകളേയും മർദ്ദനത്തിനു വിധേയരാക്കിക്കൊണ്ടാണ്. ഈ രാജ്യത്തെ ഒരു മുതലാളിയുടെ പേരിലെങ്കിലും വ്യാവസായികമായ അസമാധാനത്തിനിടയാക്കി എന്നുള്ളതിലേയ്ക്കു്, ഒരു കേസ് എടുത്തിട്ടുള്ളതായും ഒരു ദിവസത്തേയ്ക്കെങ്കിലും തടങ്കലിൽ വെച്ചിട്ടുള്ളതായും ഒരാരോപണംപോലും ഉള്ളതായി അറിയാൻ പ്രയാസമാണ്. നേരെമറിച്ചു് ഈ രാജ്യത്തെ തൊഴിലാളിപ്രവർത്തകന്മാരെ ഈ നാട്ടിൽ നിലവിലിരിക്കുന്ന അധികാരങ്ങൾ ഉപയോഗിച്ചു് ഈ കോൺഗ്രസ്സ് സർക്കാർ തടവിൽ വച്ചിട്ടുള്ളതായി അനേകം കേസുകൾ ഉണ്ടു്.

സർ, ട്രാൻസ്പോർട്ടുബസ്സ് തീവച്ചു എന്ന കുറ്റത്തിനു ശിക്ഷിച്ചിട്ടുള്ള ആളുകൾ അതിന്റെ ശിക്ഷ കാലാവധി കഴിയുന്നതിനുമുൻപ് മോചിതരായി ഈ ട്രഷറി ബെഞ്ചുകളിൽ വന്നിരിക്കുന്നകാലത്താണ് ചവറ മണൽപ്പുറത്തുവച്ചു് ഒരു പോലീസ്ഇൻസ്പെക്ടരെ മണൽവാരി എറിഞ്ഞു എന്നു പറഞ്ഞു് ഈ രാജ്യത്തെ രണ്ടു നിയമസഭാംഗങ്ങളെ ഇപ്പോഴും ജയിലിൽ കിടത്തി നരകിപ്പിക്കുന്നതു്. ഇങ്ങനെ നിസ്സാരമായ കാര്യങ്ങൾക്കുപോലും ജനപ്രതിനിധികളായിട്ടും അവരോടു കാരുണ്യം കാണിക്കാതിരിക്കുന്നതു് പഴയകാലത്തെ രാഷ്ട്രീയപാരമ്പര്യം ഒന്നുകൊണ്ടുമാത്രമാണ്. ഇതിലേയ്ക്കു ചില വിട്ടുവീഴ്ചകളെല്ലാം ഇന്നത്തെ ഗവൺമെന്റിനു ചെയ്യാൻ സാധിക്കുന്നതാണ്.

ഇത്രമാത്രം ശക്തിയേറിയ ഒരു പ്രതിപക്ഷം ഇവിടെ ഇരിക്കുമ്പോൾ അവരുടെ കൈകളിൽ ഇരുന്നു ഞെരുങ്ങുന്ന ഈ കോൺഗ്രസ്സ് സർക്കാരിനു് ഈ അധികാരം ഉപയോഗിക്കേണ്ടിവരുന്നതു് ഏററവും ആവശ്യമായിത്തീർന്നിരിക്കുന്നു. ഈ ഭേദഗതി പാസ്സാക്കിക്കഴിഞ്ഞാൽ ഈ തിരുവനന്തപുരംവിട്ടു ഞങ്ങൾക്കു് ഞങ്ങളുടെ നാട്ടുകളിൽ എത്താൻ സാധിക്കുന്നതല്ല എന്നാണു മിക്കവാറും പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങൾ കരുതുന്നതു്. അത്രമാത്രം കർശനമായ വ്യവസ്ഥകൾ ഈ ബില്ലിൽ ഉണ്ടെന്നാണു ഞങ്ങൾ കരുതുന്നതു്. അതുകൊണ്ടു് ഈ ഭേദഗതിയെ അങ്ങേഅററം എതിർക്കേണ്ടതു് ആവശ്യമായിരിക്കുന്നു. അതുമൂലം അധികാരത്തിലിരിക്കുന്ന കക്ഷിക്കു് കൂടുതൽ ശക്തി നൽകുകയായിരിക്കും ചെയ്യുന്നതെന്നാണു ഞാൻ മനസ്സിലാക്കുന്നതു്. ഈ ബില്ലിനെ ഈ സഭയിലുള്ള എല്ലാ അംഗങ്ങളും എതിർക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

Shri M. M. Abdul Khader: I oppose this amendment Bill. In the first place Sir, there is no such situation in this State today for an amendment of this type. There was no justification for the original Act slaughtering the liberties of the people. Today there is much less justification for an amendment like this which would enable the party in power to circumvent certain

judicial pronouncements. We on this side thought that in the light of the judicial pronouncement this Government would have the political wisdom, the sense of justice to abrogate those encroachments on civil liberties. But Sir, we find that by means of this amendment the party in power is going to devise ways to make further onslaughts on the liberties of the people. Sir, I said we do not find any justification; we do not find any subversion in the State today. On the other hand we do find that the State, after four and a half years of Congress regime is fast advancing towards an economic crisis. We find unemployment looming large. Lakhs of working class people are deprived of their jobs; retrenchment and unemployment are staring at their very faces. There is poverty and starvation most acute and at such a time does not this enactment show that the party in power is going, as it has hitherto been doing, to repress, to stifle cries for bread and employment of the people of this country? We know, Sir, that the people of this State have suffered much by the operation of this Act. The steam roller is crushing down the people under the guise of the Congress Safety Act. We shall not forget the terror and repression that was let loose on the people. We shall not forget the false cases foisted against the leaders of the people. We shall not forget those brutal tortures in the police lock-ups which would even blush a Hitler or Mussolini. Two of the Communist comrades had been hacked to death in the Alwaye lock-up itself. And Sir, I must bring to the notice of the Members of this House the most inordinate delays in the trials of persons arrested under the Public Safety Measures Act. Out of sheer despair I know many of the accused under this Act giving up their defence and pleading guilty so that they may at least escape out of the terror, the brutal torture inside the police lock-ups. Sir, and when once these accused have been sentenced...........

Mr. Speaker: May I remind the hon. Member that the arguments that have been advanced so far have very remote relevancy to the amending Bill under discussion ?

Shri M. M. Abdul Khader: I am advancing all these because I want this Amendment Bill to be rejected in toto. I am speaking in support of Mr. Kurup's amendment.

Mr. Speaker: There is no amendment moved by Mr. Kurup.

Shri M. M. Abdul Khader: My purpose in bringing these facts before the House is to show that if this amendment bill is admitted, in future there would be slaughter, mortal revenge under this so-called Public Safety Measures Act. We have seen the most naked, the most brutal political vengeance being taken by the party in power. The amendment is of course repugnant to the relative articles guaranteeing fundamental rights to the citizens by the Constitution of India. It is also undemocratic. We have been hearing Members from the Government benches talking about democracy as if they have a monopoly of that. But let me remind these retailers of democracy that while enacting such a measure as this they are acting not as democrats in the remotest degree but as fascists of the type we have known in Italy or Germany. I, therefore appeal to all the democrats in this House, to all anti-fascists in this House to throw out this black bill that is going to hoist fascist regime in this country.

Shri E. P. Varghese: I was listening with great attention to the speeches made opposing the amendment. It is seen that there is a misapprehension that this bill is curtailing the rights of the citizens. On the other hand this

[Shri E. P. Varghese]

is an amendment Bill which enlarges the citizen's rights. The original Public Safety Measures Act, Sections 23 to 30 have been found by the Madras High Court to be against the provisions of Art. 19 of the Constitution which gives freedom of association to the citizens. Art. 19 (c) provides right to form associations or unions. The High Court has found that Section 23 is ultra vires of the Constitution as the restrictions imposed are not reasonable. So the Government has to bring in an amendment by which that section has to be made intra vires. Sections 23 to 30 invest the Government with certain powers which according to the Madras High Court are arbitrary. The amendment before the House gives the citizens greater freedom by making powers reasonable instead of arbitrary. Section 23, if it remains, is a greater restriction on the right of freedom of association. On the other hand the amendment enlarges the freedom. It is contemplated in the Constitution itself that there should be some law to restrict the citizen's rights conferred by Art. 19. None need fear the law if he does not want to disobey it. It is said that law is there because of transgressions and one who is not going to transgress law need not fear the punishments. So I think the whole opposition is based on a misapprehension.

Section 23, if it remains there, is a greater restriction on the right of freedom of association. On the other hand, the amendment enlarges the freedom. Of course it does not leave it completely free from restriction. But there are certain restrictions no doubt based on freedom of association; the amendment is certainly an enlargement upon the law that has been existing till now. Till now, we have not all these provisions, especially in Section 23, which compel the Government to state the grounds on which the order prohibiting an association is made, "the reasons for making it and such particulars, if any, as may have a bearing on the necessity therefor," as in the amendment Section 23 A. And there is Section 23 B which provides for the examination of the reasonableness of this declaration by the High Court. Can there be any greater protection for a citizen than that an order of Government should be examined by the High Court, not on a petition but on the provisions of the Act itself? Of course, there is the fundamental right even now to move a writ as has been done in many cases.

Shri A. Thanu Pillai: One question. Is it not the purpose now that in the light of the High Court decision, which is now accepted by our Government as sound law, Section 23 is practically inoperative and is non-existent for practical purposes?

Shri E. P. Verghese: Section 23 has been said to be *ultra vires* of the Constitution, but when a provision of an Act has been said to be *ultra vires* what the Government always has to do is to make amendments by which the section can be made *intra vires*. The question is not whether we want such an Act or not.

Shri Panampilli Govinda Menon: May I point out, Sir, that whatever be the merits of the debate, Section 23 and Section 25 of the Travancore-Cochin Act 1950 which are said to be amended by the amending Bill moved by my learned friend on the right, have not been pronounced upon by any High Court as yet?

Shri N. Raghava Kurup: May I point out...........

Shri Panampilli Govinda Menon: If the Speaker allows me I will answer Mr. Kurup.

Mr. Speaker: The Member is not in order in putting a question expecting an answer from the Minister who had to interrupt merely for clarifying a point in the debate.

Shri Panampilli Govinda Menon: The statement referred to by Mr. Kurup in his speech does not refer to the Act of 1950, but that is a pronouncement of a certain section in the Cochin Criminal Law Amendment Act which is not before the House.

Shri A. Thanu Pillai: But the views expressed therein......

Mr. Speaker: Mr. E. P. Varghese is in possession of the House. Any hon. Member desiring to put a question may put to Mr. E. P. Varghese through the Chair.

Shri E. P. Verghese: I am not yielding. Therefore, Sir, if this House wants that the Public Safety Measures Act should not be on the Statute Book, a proper amendment may be brought to that effect, but by way of opposing this amendment, I do not think it will be possible to get the Act annulled. On the other hand, we have to see now what is the scope of the amendment before us. Is it an enlargement of the citizenship rights or is it a restriction? My friend was pointing out that it has been declared *ultra vires*. Even supposing certain provisions of the Act are said to be *ultra vires*, it is left to the Government to bring in certain other provisions which will bring the bill in conformity with what is required by law. And it is also left for the House to see whether to accept it or not. Now, for amending Section 23, as the hon. Finance Minister said, on the basis of the pronouncement on the Cochin Criminal Law Amendment Act, I am of opinion that the Government could have waited till the Supreme Court pronounced upon it. Then they could have brought an amendment which would be all-comprehensive. Suppose the Supreme Court finds the section ultra vires, on some points other than the High Court of Madras said, then they will have to bring in another amendment. Anyhow, this amendment, as it is, before the House, is, I feel, certainly an enlargement of the rights of the citizen, compared with those in the original Act. So I do not find my way to oppose this amendment, when a citizen's right is enlarged. I do not think there is any reason for us to oppose it. On the other hand, even if we think that there is the possibility of a misapplication of the law or that the Government is taking arbitrary powers then, of course that can be questioned. To say that even the amendment is *ultra vires* of the Constitution, I cannot understand. So, I support this amendment.

ശ്രീ. ചങ്ങാരപ്പിള്ളി പി. നാരായണൻ പോററി: സർ, ഈ ഭേദഗതിബിൽ അവതരിപ്പിക്കുന്നതിനെ എതിർക്കുവാൻവേണ്ടിയാണു് ഞാൻ ഇവിടെ നിൽക്കുന്നതു്. യാതൊരുവിധത്തിലുള്ള അസാധാരണ പരിതസ്ഥിതികളുമില്ലാത്ത ഈ ഘട്ടത്തിൽ അസാധുവായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഒരു നിയമത്തിന്റെ വകുപ്പിനു സാധുത്വം നൽകുവാൻവേണ്ടി ഇങ്ങനെ ഒരു നിയമം പാസ്സാക്കേണ്ട ആവശ്യമുണ്ടെന്നു ഞങ്ങൾക്കു തോന്നുന്നില്ല. ഇന്നു സമാധാനപരമായി ജീവിക്കുന്ന ഒരു ജനതയാണു നമുക്കുള്ളതു്. യുദ്ധകാലപരിതസ്ഥിതികളും, അതുപോലെയുള്ള മററു അടിയന്തിരാവസ്ഥകളും ഒന്നുമില്ലാത്ത ഈ ഘട്ടത്തിൽ ഇങ്ങിനെയൊരു നിയമം കൊണ്ടുവന്നിരിക്കുന്നതു, വിശേഷിച്ചും ഈ ജനാധിപത്യയുഗത്തിൽ പ്രതിപക്ഷകക്ഷികളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതിനാണെന്നു ഞങ്ങളെപ്പോലെയുള്ളവർ വിചാരിക്കുന്നതിൽ വലിയ തെററുണ്ടെന്നു തോന്നുന്നി

[Shri Changarappall, P. Narayanan Potti]

ല്ല. ഭരണാധികാരികൾക്കു ഏതു ദുഷ്പ്രവൃത്തികളും ചെയ്യുന്നതിനുള്ള ലൈസൻസു കൊടുക്കത്തക്കവിധത്തിൽ ഇങ്ങനെയൊരു ക്രൂരമായ നിയമം ഏർപ്പെടുത്തുന്നതു പ്രതിപക്ഷങ്ങളെപ്പററിയുള്ള ഭയംകൊണ്ടാണ്. ജനാധിപത്യതത്വത്തിൽ വിശ്വസിക്കുന്ന ഏതൊരാളിനും ഏതൊരു പ്രതിപക്ഷകക്ഷിക്കും അഭിപ്രായം പുറപ്പെടുവിക്കാനും ഭരണം പിടിച്ചെടുക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. ഭരണാധികാരികളായിരിക്കുന്നവർക്ക് ഇങ്ങനെയുള്ള നിയമങ്ങൾ അവതരിപ്പിക്കുവാനുള്ള സ്വാതന്ത്ര്യവുമുണ്ട്. പക്ഷെ അതു തെററാണെന്നും, ജനതയുടെമേൽ അടിച്ചേല്പിക്കുന്ന ഇത്തരം കരിനിയമങ്ങളെ ഞങ്ങളുടെ ഒരുതുള്ളിരക്തംപോലും ശേഷിക്കുന്നകാലത്തോളം അനുവദിച്ചുകൊടുക്കുവാൻ തയാറില്ലെന്നും പറയുവാനുള്ള സ്വാതന്ത്ര്യവും അതോടൊപ്പമുണ്ട്. ഇന്നത്തെ ഗവമ്മെൻറ ജനായത്തതത്വങ്ങൾക്കു വിപരീതമായി പ്രവർത്തിക്കുന്ന ഒരു ഗവമ്മെൻറാണെന്നും ജനദ്രോഹപരമായി പ്രവർത്തിക്കുന്ന ഒരു ഗവമ്മെൻറാണെന്നും ആണ് ഇതു തെളിയിക്കുന്നതു്. ഒരുവേള വേറൊരാൾ പറയുന്നതിനോടു ഞങ്ങൾക്കു യോജിക്കുവാൻ നിവൃത്തിയില്ലെങ്കിലും അതു പറയുവാനുള്ള അവകാശം അയാൾക്കുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അതിനാൽ ഇങ്ങനെയുള്ള ഒരു നിയമം ജനാധിപത്യത്തിൻെറ ഏററവും വലിയ നിഷേധം ആണെന്നുള്ളതിനു സംശയമില്ല. ഒരു സ്നേഹിതൻ പറയുന്നതു അബദ്ധമാണെങ്കിൽതന്നെ "പ്രിയപ്പെട്ട സ്നേഹിതാ, നിങ്ങൾക്കു അതു പറയുവാൻ തീച്ചയായും അവകാശമുണ്ട്, പക്ഷെ ഞങ്ങൾക്കു അതിനെ എതിക്കാതിരിക്കാൻ നിവൃത്തിയില്ല" എന്നു പറയുകയാണുവേണ്ടതു്. അല്ലാതെ അവൻെറ അഭിപ്രായത്തെ കൊന്നു കുഴിച്ചുമൂടത്തക്കവണ്ണം ഒരു നിയമം കൊണ്ടുവരികയല്ലവേണ്ടതു്. അതുകൊണ്ടു് ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഈ സഭയിലുള്ള സകല ആളുകളും ഒന്നടങ്കം ഈ ബില്ലിനെ എതിത്തു തള്ളിക്കളയണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. ആർ. കേശവപിള്ള: ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങിക്കൊള്ളുന്നു. ഇവിടെ ബഹുമാനപ്പെട്ട പല മെംബറന്മാരും ഈ ഭേദഗതി ഭരണഘടനക്കു വിപരീതമാണെന്നു പറഞ്ഞുകേട്ടു. എന്തു കാരണത്തിന്മേലാണു അതു പറഞ്ഞതെന്നു എനിക്കു മനസ്സിലായില്ല. ഏതു വകുപ്പിനു വിപരീതമായിട്ടാണു ഈ നിയമം കൊണ്ടുവന്നിരിക്കുന്നതു്? ഭരണഘടനാനിയമം ൧൯-ാംവകുപ്പിനു വിപരീതമാണെന്നു ചിലർ പറഞ്ഞു. ൧൯-ാംവകുപ്പിനു വിധേയമായിട്ടാണു ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതെന്നു മനസ്സിലാക്കുവാൻ വലിയ പ്രയാസമില്ല. ഭരണഘടനാനിയമം ൧൯-ാംവകുപ്പു ൪-ാം ഉപവകുപ്പിലേക്കു ബഹുമാനപ്പെട്ട മെംബറന്മാരുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

"Nothing in sub-clause (c) of the said clause shall affect the operation of any existing law in so far as it imposes, or prevent the State from making any law imposing, in the interests of public order or morality, reasonable restrictions on the exercise of the right conferred by the said sub-clause".

ഇപ്പോൾ പൊതുജനരക്ഷാ ഭേദഗതിബിൽ അവതരിപ്പിച്ചതിനു ശേഷം ഈ നാട്ടിൽ സമാധാനം പുലത്തുന്നതിനും പൊതുജനതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിനും ഇങ്ങനെയൊരു ബിൽ ഇല്ലാതാക്കുകയാണെങ്കിൽ, എന്തായിരിക്കും അവസ്ഥ? ഈ നാട്ടിൽ കൊള്ളക്കാരുടെ ഒരു സം

ഘടനയുണ്ടെന്നു വിചാരിക്കുക. അവരെ എങ്ങനെയാണു അമർച്ചചെയ്യേണ്ടതു്? കൊള്ളയും കൊലപാതകവും നടത്തി പണ്ടങ്ങളും സാമാനങ്ങളും എല്ലാം കവർന്നു കൊണ്ടുപോയതിനുശേഷം അവരെ ക്രിമിനൽ കേസിൽ ഉൾപ്പെടുത്തി ശിക്ഷിച്ചാൽമാത്രം മതിയോ? ഇവിടെ കമ്മ്യൂണിസ്റ്റു സംഘടനമാത്രമല്ല, വേറെ അനവധി സംഘടനകൾ നിയമവിരുദ്ധമായുണ്ടെന്നു മനസ്സിലാക്കണം. ഉണ്ടായേക്കാം, വന്നേക്കാം. അതുകൊണ്ടു മേലാൽ വരാവുന്ന സംഗതികളെക്കൂടി ഓർത്തുകൊണ്ടാണു് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതു്. ഈ ബില്ലിന്റെ ഓബ്ജക്ട്സ് ആന്റ് റീസൺസിൽ ഈ ബിൽ എന്തുകൊണ്ടു കൊണ്ടുവന്നു എന്നു സ്പഷ്ടമാകുന്നുണ്ടു്. അതിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

(1) There is no adequate and just remedy provided for the aggrieved person to challenge the correctness of the declaration.

(2) There is no provision for service of notice of the grounds on which the declaration is made on the Secretary or other office-bearer of the association.

(3) The substitution of an Advisory Board for the ordinary Court is not justified.

(4) The constitution of an Advisory Board does not warrant a fair trial.

(5) There is no right conferred on aggrieved persons to be heard.

ഈ കാരണങ്ങളാലാണു V. G. Row v. State of Madras-ൽ മദ്രാസ് ഹൈക്കോടതി ഈ ആക്ടിന്റെ ഏതാനും വകുപ്പുകളെപ്പററി അസാധുത്വം കല്പിച്ചതു്. അതിനു സാധുത്വം കല്പിക്കുന്നതിനുവേണ്ടിയാണു ഇപ്പോൾ ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്. ഒന്നാമതു ഒരു സംഘടനയെ നിയമവിരുദ്ധമാക്കുന്നതിനുമുമ്പ് ആ സംഘടനയ്ക്കു നോട്ടീസു കൊടുക്കണമെന്നുണ്ടു്. സാമാന്യമായി ഒരു കുററത്തിനു ഒരാളെ വിചാരണചെയ്യുമ്പോൾ കുററംചെയ്ത ആളിനു നോട്ടീസുകൊടുത്തു അവരുടെ സങ്കടത്തിനു പരിഹാരം ചെയ്യണമെന്നുണ്ടു്. നിയമത്തിനു വിരുദ്ധമായ നടപടി നടത്തിയതുകൊണ്ടാണു് മദ്രാസ് ഹൈക്കോടതി ഈ നിയമത്തിനു അസാധുത്വം കല്പിച്ചതു്. ഈ ഭേദഗതിയിൽ അതിനു വ്യവസ്ഥചെയ്തിട്ടുണ്ടു്. രണ്ടാമതു കുററത്തിന്റെ പരിധി നിർണ്ണയിക്കുന്നതിനും സ്വഭാവം അറിയുന്നതിനുംമററും ഗവമ്മെന്റു മുമ്പു ഒരു അഡ്വൈസറിബോർഡിനെയാണു നിയമിച്ചിരുന്നതു്. ഇപ്പോൾ അതിനുപകരം ഹൈക്കോടതിയെ വച്ചിരിക്കുന്നു. അങ്ങനെ അതും പരിഹരിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഈ ഭേദഗതി ബില്ലിനെ എന്റെ മാന്യന്മാരായ സഹപ്രവർത്തകർ ആരുംതന്നെ എതിർക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സർ, ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതി ബില്ലിനെ എതിർക്കുന്നു. നിയമപരമായി ഈ ബില്ലു അസാധുവാണെന്നുള്ള അഭിപ്രായവും ഇവിടെ പുറപ്പെടുവിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മെംബർ മി. ഈ. പി. വർഗീസ് ഇതു കൂടുതൽ പുരോഗമനപരമായ ഒരു നിയമമാണെന്നു പ്രസ്താവിച്ചു. നേരെ മറിച്ചു ഇവിടെ ജനങ്ങളാൽ തള്ളപ്പെട്ടുകഴിഞ്ഞ ഒരു നിയമത്തെ വീണ്ടും നിയമമാക്കിക്കൊണ്ടുവരുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഭേദഗതികളാണു ഈ ബില്ലിൽ കൊള്ളിച്ചിരിക്കുന്നതെന്നാണു് എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളതു്. ഇവിടെ പ്രതിപാദ്യവിഷയമായിരിക്കുന്ന

[Shri M. N. Govindan Nair]

൨൩-ാം വകുപ്പിൽ, ഇവിടത്തെ ഹൈക്കോടതിയിൽ ആ പേർപറഞ്ഞു തള്ളിക്കളഞ്ഞിട്ടില്ലെങ്കിലും കൊച്ചിയിലെ ക്രിമിനൽലാ അമൻറുമെൻറ സെക്ഷൻ ൩ നിയമവിരുദ്ധമാണെന്നു പറഞ്ഞതോടുകൂടി ഇതും യഥാർത്ഥത്തിൽ നിയമവിരുദ്ധമായിത്തീർന്നിട്ടുണ്ട്.

മദ്രാസിലാണെങ്കിൽ ഈ ൨൩-ാം വകുപ്പിനെപ്പററി ഒരു വലിയ വാദപ്രതിവാദം നടത്തുകയും ഒടുവിൽ നിയമപ്രാബല്യം ഇല്ലാതെ തള്ളുകയുമാണുണ്ടായതു്. ഇങ്ങനെ നോക്കിയാൽ ൨൩-ാം വകുപ്പു ഇല്ലാതാക്കുന്നതുകൊണ്ടു നാട്ടിലെ പൊതുജനങ്ങൾക്കു നന്മയാണോ, തിന്മയാണോ ഉണ്ടാകുന്നതെന്നു നോക്കേണ്ടതാണ്. ഒരു നിയമജ്ഞനും, ഈ അടുത്ത കാലംവരെ ലാക്കോളേജിൽ നിയമം പഠിപ്പിച്ചുകൊണ്ടിരുന്ന ഒരു നിയമപട്ടവും കൂടിയായ ശ്രീമാൻ കേശവപിള്ള ചോദിക്കുകയുണ്ടായി, ഈ വകുപ്പു് എടുത്തുകളഞ്ഞാൽ ഒരു പക്ഷെ ഒരു ലഹളയുണ്ടായാൽ എന്തു ചെയ്യുമെന്നു്. നിയമങ്ങളുടെ സകല വശങ്ങളും പ്രയോഗിക്കാൻ സാമർത്ഥ്യമുള്ള ഇദ്ദേഹം ഈപ്രകാരം പ്രവചിച്ചതു കേട്ടപ്പോൾ എനിക്കു അത്ഭുതമാണുണ്ടായതു്. ഒരിക്കൽ നിയമസംഹിതയിൽനിന്നും ബഹിഷ്കരിച്ചു ഒരു വകുപ്പു രണ്ടാമതു നിയമത്തിൽ ചേർക്കുന്നതിനായിട്ടു വെമ്പൽകൊള്ളുന്നതു് ഇവിടെയല്ലാതെ മറെറാരുസ്ഥലത്തും ഞാൻ കേട്ടിട്ടില്ല. ൨൩-ാം വകുപ്പു നിയമവിരുദ്ധമാണെന്നു പ്രഖ്യാപിച്ച ൨൭ അംഗങ്ങളോടുകൂടി തുടങ്ങിയ ഈ നിയമസഭ ഇപ്പോൾ ആ വകുപ്പു ബില്ലിൽ ചേർത്തു നിയമമാക്കാൻ ശ്രമിക്കുകയാണു്. പൊതുജനങ്ങൾക്കു അശേഷം ഇഷ്ടമില്ലാത്ത ഒരു വകുപ്പാണു് ഇതു്. അതു് എത്രത്തോളം ശരിയാണെന്നുള്ളതിനു് ഞങ്ങളുടെ നിയമസഭാസാമാജികത്വംതന്നെ തെളിവാണു്. ഒരു പാർട്ടിയോടുള്ള പ്രത്യേക വൈരാഗ്യത്തിൻെറ ഫലമായിട്ടാണു് ഈ വകുപ്പു നിയമത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. പക്ഷെ ഇന്നു കമ്യൂണിസ്ററു പാർട്ടിയുടെ നേരെയാണെങ്കിൽ നാളെ മറെറാരുപാർട്ടിയുടെ നേരെ പ്രയോഗിക്കുമെന്നുള്ളതു് തീർച്ചയാണു്. ഇന്നു പോലീസുകാർ ഞങ്ങളുടെ വീടുകയറുകയാണെങ്കിൽ നാളെ അവർ നിങ്ങളുടെ വീട്ടിലും കേറും. പോലീസുകാരെ സംബന്ധിച്ചു പറയുകയാണെങ്കിൽ അവർ വളയം ഇല്ലാതെ ചാടുന്ന ജാതികളാണു്. ഇക്കഴിഞ്ഞ ൪ കൊല്ലക്കാലമായിട്ടു ഈ വകുപ്പുവച്ചുകൊണ്ടു എന്തെല്ലാംതരത്തിലുള്ള കുഴപ്പങ്ങളാണു് പോലീസുകാർ വരുത്തിയിട്ടുള്ളതെന്നു ചിന്തിച്ചുനോക്കിയാൽ മനസ്സിലാകുന്നതാണു്. അവ ഓരോന്നായി ഞാൻ എടുത്തുപറയുകയാണെങ്കിൽ ഇവിടെ ഇരിക്കുന്ന മന്ത്രിമാർ ലജ്ജിക്കേണ്ടിവരും. ഈ വകുപ്പനുസരിച്ചു് ൧൧൪-ൽ സ്റ്റേററ കോൺഗ്രസ്സ് സംഘടന നിയമവിരുദ്ധമാണെന്നു പ്രഖ്യാപിച്ചപ്പോൾ വളരെ ധീരോടും വാശിയോടുംകൂടി എതിർത്ത ആളുകളാണു് ഇന്നു് എൻെറ മുൻപിലിരിക്കുന്നതു്. ഈ ആക്ടു് പാസാക്കിയില്ലെങ്കിൽതന്നെ രാജ്യത്തു് ഒരു കുഴപ്പവും ഉണ്ടാകാൻപോകുന്നില്ലെന്നാണു് ഞാൻ പറയുന്നതു്. ഇത്ര തിടുക്കത്തിൽ പാസ്സാക്കേണ്ടതായ യാതൊരു അടിയന്തിരാവസ്ഥയും ഇപ്പോൾ ഉണ്ടായിട്ടില്ല. എന്നാൽ ദിവസം കഴിയുംതോറും തോൽവി അടഞ്ഞുകൊണ്ടിരിക്കുന്ന കോൺഗ്രസ്സിനു ജനങ്ങളെ അടിച്ചമർത്താനുള്ള അമിതാധികാരം ഇല്ലെങ്കിൽ അവർക്കു ഭരണം നടത്താൻ സാധിക്കയില്ല. തൊഴിലാളികൾ കൂലിക്കുവേണ്ടി മുറവിളികൂട്ടുമ്പോൾ അവരുടെ നേരെ തോക്കുകൊണ്ടു വെടിവെയ്ക്കും. വിദ്യാർത്ഥികളുടെ നേരെയാ

ണെങ്കിൽ ചൂരൽകൊണ്ട് അവരെ അടിക്കും. ഇങ്ങനെയുള്ള ഗവണ്മെൻറിനു ഭരണം നടത്തണമെങ്കിൽ ഈ വിധത്തിലുള്ള ബിൽ നിയമമാക്കാതെ സാദ്ധ്യമല്ല. ഇവരുടെ നിർദ്ദേശങ്ങളെ അതേപടിയും അതിനപ്പുറവും കേൾക്കാൻ പോലീസുകാരും തയാറാണ്. എറണാകുളത്തെ ലാക്കപ്പു മർദ്ദനവും, പി. കെ. കുമാരൻെറ സ്റ്റേറ്റുമെൻറും പോലീസുകാരുടെ ഉഗീയപ്രവൃത്തികളെ സ്പഷ്ടമാക്കുന്നു. അവിടെ നടന്ന ആഭാസമായ കാര്യങ്ങളെപ്പററി ഞാൻ പറയണമെന്നു വിചാരിക്കുന്നില്ല. ഈ മന്ത്രിമാരെല്ലാം അതിനുത്തരവാദികളാണെന്നു മാത്രമല്ലാ അതിനു അവർ കൂട്ടുനിന്നവരുമാണ്. പോലീസുകാരുടെ ഈവിധ അഴിമതികളെ മന്ത്രിമാർ ഒരു വിധമെങ്കിലും നിയന്ത്രിച്ചിരുന്നുവെങ്കിൽ ഇത്രത്തോളം കടുംകൈ അവർ പ്രവർത്തിക്കയില്ലായിരുന്നു. സർ സി. പി. യുടെ കിരാതഭരണത്തിനെ എതിർത്തു ജനകീയഭരണത്തിനുവേണ്ടി വിപ്ലവമുണ്ടാക്കിയ ഇവർ, ജനകീയഭരണം സ്ഥാപിച്ചു. ജനകീയഭരണം സ്ഥാപിച്ചപ്പോൾ ഇവർക്കു ഭരിക്കണം. ഭരണത്തിനു പോലീസ് അത്യാവശ്യവുമാണ്. ഉടനെ പോലീസധികൃതനെ വിളിച്ചു പറയുകയാണ് കാര്യമൊക്കെ നേരെയായിരിക്കണം. നമ്മുടെ ഭരണം നന്നായിരിക്കണം. നമുക്കു ജനങ്ങളുടെ പിൻതുണയുണ്ടായിരിക്കണം. നിങ്ങൾ വളരെ ആത്മാർത്ഥമായി പ്രവർത്തിക്കണം, പക്ഷെ, സർ സി. പി. യുടെ കാലത്തു നിങ്ങൾ എങ്ങിനെയാണ് ഗവണ്മെൻറ താല്പര്യങ്ങൾ സംരക്ഷിച്ചതു്, അതുപോലെ ഇപ്പോഴും പ്രവർത്തിച്ചുകൊള്ളണം. ഒരിക്കലും ഗവണ്മെൻറ താല്പര്യങ്ങൾക്കു വിപരീതമായി പ്രവർത്തിക്കാൻ പാടില്ല. ഇതാണ് ഉപദേശം. പോലീസുകാർ കുറച്ചുകൂടി വീറോടും വാശിയോടുംകൂടി പ്രവർത്തിക്കാൻ തുടങ്ങി. അതിൻെറ ഫലമായി എത്രയെത്ര നിഷ്ഠൂരപ്രവർത്തികളാണ് അവർ ചെയ്തതെന്നു പറഞ്ഞറിയിക്കാൻ നിവൃത്തിയില്ല. അമ്പലപ്പുഴ, ചേർത്തല ഈ താലൂക്കുകളിലെ തൊഴിലാളികളോടും മററും ൨൩-ാം വകുപ്പു നിയമമാക്കുന്നതിനു മുമ്പുതന്നെ അവർ പ്രയോഗിച്ചുതുടങ്ങി. കോൺഗ്രസുകാർ ഭരണം കയ്യേററതോടുകൂടി ഫാക്ടറി തൊഴിലാളികളെമാത്രമല്ല, മററുപല തൊഴിലാളികളേയും പോലീസ് കഠിനമായി ദേഹോപദ്രവംചെയ്യുകയും അറസ്ററുചെയ്തു ലോക്കപ്പിൽ ഇട്ടു മർദ്ദിക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണത്തിനുവേണ്ടി കൂത്താട്ടുകുളം, വള്ളികുന്നം, എറണാകുളം ഈ സ്ഥലങ്ങളിലെ പോലീസുമർദ്ദനം എത്രത്തോളം ഭയങ്കരമായിരുന്നു എന്നവസ്തുത ഞാൻ പറയാതെതന്നെ മിക്കവർക്കും അറിയാവുന്നതാണ്. ശൂരനാട്ടു കൊലക്കേസിൻെറ പിറേറ ദിവസമാണെന്നുതോന്നുന്നു, തൊഴിലാളി സംഘടനകളെല്ലാംതന്നെ നിയമവിരുദ്ധമാക്കി പ്രഖ്യാപനം ചെയ്തു. സഖാവു ദിവാകരൻ പ്രസ്താവിച്ചതുപോലെ അന്നാണ് കമ്യൂണിസ്ററു പാർട്ടിയെ നിയമവിരുദ്ധമാക്കിയതു്. ഈ തൊഴിലാളി സംഘടനകളെ നിയമവിരുദ്ധമാക്കുകയെന്നുപറഞ്ഞാൽ അതിൻെറ അർത്ഥം അവരെ ജീവിക്കാൻകൂടി സമ്മതിക്കാതെ അടിച്ചമർത്തിവയ്ക്കുകയെന്നുള്ളതാണ്. മന്ത്രിമാർക്കു അവർ ജീവിക്കണമെന്നാശയില്ല. കോടിക്കണക്കിനുള്ള തുക അവരുടെ വീട്ടിലെത്തിയാൽമതി. പക്ഷെ രാഷ്ട്രീയമായി ദിനംദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികളെ എന്നന്നേക്കുമായി ഇരുമ്പഴിക്കുള്ളിൽ അടച്ചിടാമെന്നു വിചാരിക്കുന്നതു വെറും മൗഢ്യമാണ്. ഇതു കഴിഞ്ഞ തെരഞ്ഞെടുപ്പുമൂലം ഗവണ്മെൻറിനു മനസ്സിലായിട്ടുണ്ടെന്നു തോന്നുന്നു. ഗവണ്മെൻറിൻെറ ചെയ്തികൾ ഓരോന്നായി എടുത്തു വെളി

[Shri M. N. Govindan Nair]

ച്ചുകൊണ്ടുവരാൻ എനിക്കു ഇപ്പോൾ സമയം അനുവദിക്കുന്നില്ലാത്തതിനാൽ മറ്റൊരവസരത്തേക്കു മാററിയിരിക്കുന്നു. ഇവിടെ ഗവമ്മെൻറു ഭാഗത്തുനിന്നും കൊണ്ടുവന്നിരിക്കുന്ന ഭേദഗതി ഞങ്ങളെമാത്രമല്ല, നാളെ നിങ്ങളെയുംകൂടി പിടിക്കാൻ ഇടവരുമെന്നും അതുകൊണ്ട് ശക്തിയുക്തം അങ്ങേഅററംവരെ ദൈവത്തെഓർത്തു് എതിർക്കണമെന്നും എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാരോടും ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. ഒ. സി. നൈനാൻ: സർ, പൊതുരക്ഷാനിയമത്തിലെ ൨൩-ാം വകുപ്പിനെപ്പററി ഇവിടെ പല ബഹുമാനപ്പെട്ട മെമ്പർമാരും അഭിപ്രായങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ൨൩-ാം വകുപ്പു അസാധുവാണെന്നു യാതൊരു കോടതിയും വ്യക്തമായി പ്രസ്താവിച്ചിട്ടില്ലെന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വളരെ വ്യക്തമായി ഇവിടെ വിശദമാക്കിയിട്ടുണ്ട്. ഈ വകുപ്പിനു ചില ന്യൂനതകളുണ്ടെന്നു ഹൈക്കോടതി വിധിയിൽ പ്രസ്താവിച്ചിട്ടുണ്ട്. ഹൈക്കോടതി വിധിയിൽ പറഞ്ഞിട്ടുള്ളതനുസരിച്ചും അതിലെ തത്വത്തെ ആദരിച്ചും ഈ വകുപ്പിൽ അയവുവരുത്തുന്നതിനാണ് ഈ ഭേദഗതി ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. മുമ്പുണ്ടായിരുന്ന കക്കശമായിട്ടുള്ള നിയമത്തിൻെറ കാർക്കശ്യവും കാഠിന്യവും കുറച്ചു കുറച്ചിട്ട് അതിൽ കുറെ സൌകര്യവും അയവും കൊടുക്കുന്നതായുള്ള ഒരുനിയമം കൊണ്ടുവന്നപ്പോൾ അതു വേണ്ടാ, കാഠിന്യമുള്ള മുൻനിയമം, അതേപടിയിൽ തന്നെ ഇരുന്നുകൊള്ളട്ടെ എന്നാണ് എതൃപക്ഷം പറയുന്നതു്. ഈ പൊതുരക്ഷാനിയമം ഇവിടെ പാസാക്കുവാനായിട്ടു കൊണ്ടുവന്ന സമയത്തു് അതു് ഒരിക്കലും പാസാക്കുവാൻ പാടില്ല എന്നു പറഞ്ഞിരുന്നുവെങ്കിൽ പക്ഷെ ഞാൻ അതിനോടു യോജിക്കുമായിരുന്നു. ഈ പൊതുരക്ഷാനിയമം കാക്കശ്യവും കാഠിന്യവും ആണെങ്കിൽ അതിൽ കാഠിന്യമുള്ള ഒരു വകുപ്പിൻെറ കാഠിന്യം കുറയ്ക്കണമെന്നും പറയുമ്പോൾ അതു പാടില്ലെന്നു എതൃഭാഗത്തുനിന്നും പറയുന്നതിൻെറ യുക്തി എനിയ്ക്കു മനസ്സിലാകുന്നില്ല. ഇവിടെ നടന്ന വാദപ്രതിവാദം കേട്ടാൽതോന്നും ഒറിജിനലായിട്ടുള്ള പൊതുരക്ഷാനിയമം ഇവിടെ കൊണ്ടുവന്നിട്ട് അതു പാസാക്കുവാൻ പോകുന്നകാര്യമാണ് പറഞ്ഞതു് എന്നു്. ആ നിയമം ആകപ്പാടെ വേണ്ട എന്നുണ്ടെങ്കിൽ അതു പിൻവലിക്കണമെന്നു പറഞ്ഞു് ഒരു ബിൽ കൊണ്ടുവരാവുന്നതാണ്. ഇപ്പോഴത്തെ നിയമത്തിൻെറ കാഠിന്യം കുറയ്ക്കണമെന്നു ഹൈക്കോടതി പറഞ്ഞതുകൊണ്ട് ഗവമ്മെൻറു സൽബുദ്ധിയോടുകൂടി അതിൻെറ കാഠിന്യം കുറയ്ക്കുന്നതിനു ഒരു ഭേദഗതി കൊണ്ടുവന്നപ്പോൾ കാഠിന്യം കുറയ്ക്കുന്ന ഭേദഗതിനിയമം തള്ളിക്കളയണമെന്നു പറഞ്ഞു് അതിനെ എതിർക്കുന്നതിൽ ഒരു യുക്തിയും ഞാൻ കാണുന്നില്ല. അതുകൊണ്ടു ഇതിനെ സംബന്ധിച്ചുള്ള വാദപ്രതിവാദം അവസാനിപ്പിച്ചു് ഈ ഭേദഗതിബിൽ ഇവിടെ പാസാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഈ ഭേദഗതിയുടെ വ്യാപ്തി മനസ്സിലാക്കാതെയാണെന്നു തോന്നുന്നു എതിർപക്ഷത്തെ മെമ്പർമാർ ഇതിനെ എതിർത്തതു് എന്നു മി. നൈനാൻ സംശയിക്കുകയുണ്ടായി. അതല്ല പരമാത്ഥം. ഏതവസരവും, ജനങ്ങൾക്കു ഗുണകരമോ, നാട്ടിലെ പൌരന്മാക്ക് ഗുണകരമോ എ

ന്നു നോക്കാതെ, പാർട്ടിയുടെ പ്രചരണത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന സ്നേഹിതന്മാർ ഈ അവസരവും പാർട്ടിപ്രചരണത്തിനു് ഉപയോഗിച്ചു എന്നല്ലാതെ അതിനു വേറെ അർത്ഥം ഇല്ല. ഹൈക്കോടതിയുടെ വിധി അനുസരിച്ചു് പൌരസ്വാതന്ത്ര്യത്തെ പുഷ്ടിപ്പെടുത്തുവാൻ കൊണ്ടു വന്നിരിക്കുന്ന ഒരു ബില്ലാണിതു്. ൧൧൧൪-ലെ ൧-ാം റെഗുലേഷനെ എതിർത്തു് യുദ്ധം ചെയ്തിട്ടുള്ളവരാണു് നാം. മനസാ വാചാ കർമ്മണാ അക്രമരഹിതമായ ഒരു സമരത്തെ എതിർക്കുന്നതിനു് അക്രമപരമായ ഒരു നിയമം കൊണ്ടുവരികയായിരുന്നു അതു്. ഈ പൊതുരക്ഷാനടപടി നിയമം ഈ രാജ്യത്തു കൊണ്ടുവരുവാൻ കാരണമെന്താണു് എന്നു് ആലോചിക്കുമ്പോഴാണു് ഇതിന്റെ ആവശ്യകത മനസ്സിലാകുന്നതു്. അന്തിക്കാട്ടും ഇടപ്പിള്ളിയിലും നടന്ന കാര്യങ്ങൾ ആലോചിക്കുമ്പോൾ കർക്കശമായ ഒരു നിയമം ഈ രാജ്യത്തു് ആവശ്യമായിരുന്നു എന്നു കാണുവാൻ കഴിയുന്നതാണു്. ശൂരനാട്ടു് ഒരു പോലീസ് ഇൻസ്പെക്ടരെ വധിക്കുകയും അദ്ദേഹത്തിന്റെ മാംസം വിതരണം ചെയ്യുകയും ചെയ്ത കാര്യം ഓർക്കുമ്പോൾ ഇങ്ങനെ മൃഗീയമായ അനേകം പ്രവൃത്തികൾ നടമാടുന്ന ഈ രാജ്യത്തു ജനങ്ങളുടെ സ്വത്തും ജീവനും അപകടത്തിലായ ഒരു ഘട്ടത്തിൽ ഈ രാജ്യത്തിന്റെ രക്ഷക്കു വേണ്ടി ഒരു പൊതുരക്ഷാനടപടി നിയമം ആവശ്യമായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണു് ഈ രാജ്യത്തു് പൊതുരക്ഷാനടപടിനിയമം പാസ്സാക്കിയതു്. ഇന്നാകട്ടെ അക്രമങ്ങൾ എല്ലാം കമ്മ്യൂണിസ്റ്റു് പാർട്ടി മാററിവച്ചു എന്നു പ്രഖ്യാപിക്കുന്നുണ്ടു്. അതിൽ പരമാർത്ഥം എത്രത്തോളമുണ്ടെന്നു പരിശോധിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അവർ അക്രമങ്ങൾ മാററി വച്ചിട്ടുണ്ടെങ്കിൽ ഈ ഭേദഗതിയെ അവർ എതിർക്കേണ്ടതില്ലായിരുന്നു: ഈ ഭേദഗതി നിയമത്തിൽ ഒരു അയവു വരുത്തുവാൻ വേണ്ടി കൊണ്ടുവന്നിട്ടുള്ളതാണു്. ജനങ്ങൾക്കു് സംതൃപ്തിയോടും സമാധാനത്തോടുംകൂടി ജീവിക്കുവാൻ സാധിക്കുമെങ്കിൽ ഈ പൊതുരക്ഷാനിയമം നമ്മുടെ നിയമസംഹിതയിൽനിന്നു മാററുവാൻ കഴിയുന്നതാണു്. അതല്ലാതെ ഈ ഘട്ടത്തിൽ ഇതിനെ എതിർക്കുന്നതു് പാർട്ടിപ്രചരണത്തിനു് മാത്രമാണു്. ഈ സഭയിലെ എല്ലാ മെമ്പറന്മാരും ഈ രാജ്യത്തെ പൌരന്മാരുടെ അവകാശങ്ങളെ സുരക്ഷിതമാക്കണമെന്നു് ആഗ്രഹിക്കുന്ന എല്ലാ മെംബറന്മാരും ഇതിനെ അനുകൂലിക്കണം എന്നു പ്രസ്താവിച്ചുകൊണ്ടു ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

Shri. A. Chidambaranatha Nadar: One word to the hon. Member. Are we to understand that this piece of legislation has been brought forward to command control over the communists in the Travancore-Cochin State?

<u>ശ്രീ. ചെറിയാൻ ജെ. കാപ്പൻ</u>: അക്രമങ്ങൾ പ്രവർത്തിക്കുന്നവർ കമ്മ്യൂണിസ്റ്റുകാരായാലും മററാരായാലും അവരുടെ അക്രമങ്ങളെ അമർച്ച ചെയ്യുന്നതിനാണു് ഈ നിയമം നിലകൊള്ളുന്നതു്.

<u>ஸ்ரீ. ஸி. சங்கர்</u>: 1114-ல் இந்த மாதிரிப்பட்ட அக்கிரமங்கள் நடக்கவில்லையா என்று கேட்கிறேன்.

<u>ശ്രീ. ചെറിയാൻ ജെ. കാപ്പൻ</u>: ൧൧൧൪-ൽ അക്രമം ആരും പ്രവർത്തിച്ചിരുന്നില്ല.

<u>ശ്രീ. ടി. വി. തോമസ്</u>: സർ, ഈ ഭേദഗതിബില്ലിനെ എതിർക്കുന്നതിനുവേണ്ടി എന്തെങ്കിലും പറയണമെന്നു് ഞാൻ ആഗ്രഹിച്ചിരുന്നില്ല.

[Shri T. V. Thomas]

കാരണം ഈ നിയമസഭ ഇതിനെ അംഗീകരിക്കയില്ലെന്നുള്ള വിശ്വാസം എനിക്കുണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഇവിടെ ഒരു പ്രസ്താവന ചെയ്കയുണ്ടായി. വാസ്തവവിരുദ്ധമായ ഒരു പ്രസ്താവന, തെററിദ്ധാരണ ഉണ്ടാക്കുന്ന ഒരു പ്രസ്താവന അദ്ദേഹം ചെയ്തതുകൊണ്ടും ഇതിനു അവസാനമായി മറുപടി പറയുവാൻ ബഹുമാനപ്പെട്ട പോലീസ്‌വകുപ്പു മന്ത്രി ശ്രീ. ടി. എം. വറുഗീസ് തയ്യാറായിരിക്കുന്നതുകൊണ്ടും, ഈ ഭേദഗതിയ്ക്ക് നിയമസാധുത്വം ഉണ്ടെന്നും മററുമുള്ള വാദങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ബഹുമാനപ്പെ അഡ്വക്കേററു ജനറൽ അവർകളും ഇതിന് ഒരു മറുപടി പറയുവാൻ ഇടയുള്ളതുകൊണ്ടും അവസാനം അവരുടെ പ്രസ്താവനകൾക്കു മറുപടിപറയുവാൻ ഞങ്ങൾക്കു സാധ്യമല്ലാത്തതുകൊണ്ടും അദ്ദേഹത്തിന്റെ പ്രസ്താവനയെപ്പററി രണ്ടുവാക്കു ഞാൻ പറയുകയാണ്. ഒന്നാമതായി ഇവിടെ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ൨൩-ാംവകുപ്പു യാതൊരു ഹൈക്കോടതിയും നിയമവിരുദ്ധമായി പ്രഖ്യാപിച്ചിട്ടില്ലെന്നു പറഞ്ഞു. അതിൽ കുറെ വാസ്തവവും കുറെ കള്ളവും ഉണ്ട്.

മി. സ്പീക്കർ: വാസ്തവവുമുണ്ട്; അവാസ്തവവും ഉണ്ട്.

ശ്രീ. ടി.വി. തോമസ്: കൂടുതൽ അവാസ്തവമാണ്. അല്ലെങ്കിൽ സത്യസന്ധന്മാർക്ക് മനസ്സിലാകുവാൻ പ്രയാസമായ കുറെ കാര്യങ്ങളും അതിൽ ഉണ്ട്. ൨൩-ാംവകുപ്പു നിയമവിരുദ്ധമായി പ്രസ്താവിച്ചിട്ടില്ലെങ്കിൽ, അല്ലെങ്കിൽപ്രഖ്യാപിക്കുവാൻ ഇടയില്ലെങ്കിൽ, എന്തുകൊണ്ടാണ് ഇതിനെ നീതീകരിക്കാൻ രാജപ്രമുഖനെക്കൊണ്ട് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കാൻ കോൺഗ്രസ്‌മന്ത്രിസഭ വ്യഗ്രത കാണിച്ചതു് എന്നു ഞാൻ ചോദിക്കുന്നു. തിരുവിതാംകൂറിൽ കമ്മ്യൂണിസ്റ്റ് സംഘടനകളും ചില ട്രെയിഡ് യൂണിയൻ സംഘടനകളും ഈ പൊതുരക്ഷാനിയമം അനുസരിച്ചു നിരോധിച്ചു. കൊച്ചിയിൽ ക്രിമിനൽ ലാ അമൻറുമെൻറു ആക്ട് അനുസരിച്ചും നിരോധിച്ചു. കൊച്ചി ക്രിമിനൽ ലാ അമൻറുമെൻറു ആക്ട് നിയമവിരുദ്ധമാണെന്നും അതു് ഭരണഘടന പ്രകാരമുള്ള പൗരാവകാശങ്ങളെ ചോദ്യം ചെയ്യുന്നതാണെന്നും കാണിച്ച് ഒരു റിററ് ഹർജി ഞങ്ങൾ ഹൈക്കോടതിയിൽ കൊടുത്തു. ഞാൻ ഇതു് പറയുന്നതു് വാസ്തവത്തിൽ തെററിദ്ധാരണ വരുത്തുക്ക പ്രസ്താവനകൾ ട്രഷറിബെഞ്ചിൽനിന്നു പലതവണ ഉണ്ടാകുന്നുണ്ട് എന്നു് സഭാംഗങ്ങൾ അറിയുവാനാണ്. അവസാനം പറയുന്നവർ ജയിക്കും എന്നുണ്ട്. ട്രഷറിബെഞ്ചിൽനിന്ന് സാധാരണ ഇപ്രകാരം തെററിദ്ധാരണ ഉണ്ടാക്കുന്ന പ്രസ്താവന ചെയ്യുകയും അതിന് ഞങ്ങൾക്ക് മറുപടി പറയുവാൻ അവസരം ഇല്ലാത്ത സന്ദർഭം സൃഷ്ടിക്കുകയും ചെയ്ത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വിജയംനേടി പോകുകയാണ് ചെയ്യുന്നതു്. അതുകൊണ്ടാണ് ഞങ്ങൾ അല്പം ക്ഷോഭിച്ചു സംസാരിക്കുന്നതു്. ഇനിയും ആ പ്രസ്താവനയുടെ അടിസ്ഥാനത്തിൽതന്നെ ട്രഷറിബെഞ്ചിൽനിന്ന് മറുപടി ലഭിക്കാൻ ഇടയുണ്ടെന്ന് ഒരു മുന്നറിയിപ്പുകൂടി തരുവാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ തവണ ഞാൻ എസ്റ്റേററു ഡ്യൂട്ടി ഇവിടെ നടപ്പാക്കുന്നതിനെപ്പററി ചോദിച്ചു. അതു് സ്റ്റേററ് ലിസ്റ്റിൽ പെട്ടതല്ലാ എന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെ പറയുന്നതിന് അദ്ദേഹം തയ്യാറായതിൽ ഞങ്ങൾക്കു ഖേദമുണ്ട്. ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു ഈ

എസ്റ്റേറ്റ് ഡ്യൂട്ടി സ്റ്റേറ്റ് ലിസ്റ്റിലെ ൪൭-ം, ൪൮-ം വകുപ്പുകളിൽ പെട്ടതല്ലേ എന്ന്. കൊച്ചിൻ ക്രിമിനൽ ലാ അമൻറ്മെൻറ് ആക്ട് അനുസരിച്ചുള്ള നിരോധനത്തെ ചോദ്യംചെയ്തുകൊണ്ട് ഒരു റിററ് ഹർജി ഞങ്ങൾ ഹൈക്കോടതിയിൽ കൊടുത്തു. കൊച്ചിൻ ക്രിമിനൽ ലാ അമൻറ്മെൻറ് ആക്ട് മദ്രാസ് നിയമത്തേക്കാൾ കുറെ അയവു വരുത്തിയിട്ടുള്ളതുകൊണ്ട് മദിരാശി ഹൈക്കോടതിയുടെ തീരുമാനം അതേപടി ഇവിടെ നടപ്പിലാക്കരുത് എന്ന് അഡ്വക്കേററ്ജനറൽ വാദിച്ചു. അഡ്വക്കേററ്ജനറലിന്റെ നിലപാട് തെററാണെന്നു ഡിവിഷൻ ബഞ്ചു അഭിപ്രായപ്പെട്ടു. ഫുൾബഞ്ചിന്റെ മുമ്പിൽ ഈ കൊസ്റ്റ്യൻ വന്നു. ൨൩-ാംവകുപ്പു നിയമവിരുദ്ധമായി ഫുൾബഞ്ച് വിധിക്കുമെന്നു കണ്ടപ്പോൾ അഡ്വക്കേററ് ജനറൽ സാവകാശം ആവശ്യപ്പെട്ടു. അങ്ങനെ ഇരിക്കെ പൊതുരക്ഷാനിയമത്തിലെ ൨൩-ാംവകുപ്പു സാധുവാക്കിക്കൊണ്ടുപോകാൻ രാജപ്രമുഖനെക്കൊണ്ട് ഒരു ഓർഡിനൻസ് പാസാക്കിക്കുകയാണ് ചെയ്തത്. ഇപ്പോൾ ഞങ്ങൾ ഈ ഭേദഗതിയെ എതിർക്കുന്നുണ്ടെങ്കിൽ അത് പൊതുരക്ഷാനിയമം സ്വയം നശിച്ചുപോകാൻ വേണ്ടിയാണ്. ഇത് ഒരു കരിനിയമമാണ്. അസാധാരണമായ അധികാരം കോൺഗ്രസ്സ് ഗവണ്മെൻറിനു വേണം. അതിനാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്.

ഈ അസാധാരണനിയമം കോൺഗ്രസ്സ്മന്ത്രിമാർക്കു കൊടുക്കരുതെന്നു പറയുന്നത് പ്രധാനമായി രണ്ടു കാരണങ്ങൾകൊണ്ടാണ്. കൊട്ടാരക്കര ലാക്കപ്പിൽവച്ച് സുരേന്ദ്രന്റെ രക്തം ഊററിക്കുടിച്ച്, കൊട്ടാരക്കര ലാക്കപ്പിൽവച്ച് സുരേന്ദ്രനെ തല്ലിക്കൊന്നതിന് ഉത്തരവാദികളായ ഈ കോൺഗ്രസ് പാർട്ടിയിൽപെട്ടവർ ഈ നിയമത്തെ അനുകൂലിച്ചു സംസാരിക്കുന്നതിൽ അത്ഭുതത്തിനു വഴിയില്ല. ഇപ്പോൾ കേന്ദ്രത്തിൽ പബ്ലിക്ക് പ്രിവൻറീവ് ഡിററൻഷൻ ആക്ട് നിലവിലുണ്ട്. അതോടുകൂടി ഈ മാതിരിയുള്ള മറെറാരു അസാധാരണനിയമവും വച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ഒരിക്കലും നാട്ടിനു രക്ഷയില്ല. സർ, ഈ നിയമം ഇല്ലെങ്കിൽ ഞങ്ങളുടെ സംഘടനയെ നിയമവിരുദ്ധമായി പ്രഖ്യാപിച്ചുകൊണ്ട് കഴിഞ്ഞ അഞ്ചുമാസക്കാലം ഞങ്ങളെ തടങ്കലിൽ വച്ചുകൊണ്ടിരിക്കുവാൻ സാധിക്കുമായിരുന്നില്ല. പൊതുജനങ്ങളുടെ വോട്ടുവാങ്ങി ഈ നിയമസഭയിൽ മെമ്പറായി വന്നിട്ടുള്ള ഞങ്ങളുടെ കൂട്ടത്തിലുള്ള രണ്ടംഗങ്ങളെ ഇന്നും ജയിലിൽ ഇട്ടിരിക്കുകയാണ്. ഈ കോൺഗ്രസ്മന്ത്രിസഭ വീണ്ടും ഈ അസാധാരണനിയമം ഇവിടെ വേണമെന്നു ആവശ്യപ്പെടുന്നത് വാസ്തവത്തിൽ അടുത്തുവരാവുന്ന റീ ഇലക്ഷനിൽ ഞങ്ങളെയെല്ലാം പിടിച്ചു തടവിൽ വയ്ക്കുവാൻ വേണ്ടിയാണ്. സർ, ഇവർ അതു ചെയ്യുകയില്ലെന്നു വിചാരിക്കേണ്ട. ഇവർ അതു ചെയ്യും. അവരെ ജയിലിൽനിന്നു മോചിപ്പിക്കണമെന്നു പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞു അവരെ വിടുകയാണെങ്കിൽ അത് നിയമസഭാംഗങ്ങൾക്കു കുററംചെയ്യുവാനുള്ള അനുവാദം കൊടുക്കുംപോലെയാണെന്നും നിയമസഭാംഗം കുററംചെയ്താൽ ശിക്ഷിക്കാൻ പാടില്ലെന്നു പറയുന്നതിനു തുല്യമാണെന്നും. ഇന്നു ട്രഷറിബഞ്ചിൽ ഇരിക്കുന്നവർപോലും കുററംചെയ്തിട്ടു ശിക്ഷിക്കപ്പെട്ടവരും ഒടുവിൽ രാജാവിന്റെ ഉത്തരവുപ്രകാരം ശിക്ഷ റദ്ദുചെയ്തു വിട്ടയക്കപ്പെട്ടവരുമാണ്. ഈ രണ്ടുപേരും എന്തെങ്കിലും കുററം ചെയ്തിരിക്കാം. അവരുടെ ബാക്കിയുള്ള

[Shri T. V. Thomas]

ശിക്ഷ റദ്ദുചെയ്തു അവരെ വിട്ടയക്കണമെന്നോ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളു. അല്ലാതെ അവരുടെ ശിക്ഷ മുഴുവൻ റദ്ദുചെയ്യണമെന്നല്ല ആവശ്യപ്പെടുന്നതു്. ഇപ്രകാരമുള്ള വാദഗതികൾ ശ്രീ. പനമ്പിള്ളി ഉന്നയിക്കുന്നതു്, അദ്ദേഹത്തിന്റെ ഇൻറലക്ച്വൽ ഡിസ്സോണസ്റ്റികൊണ്ടാണു്. സെക്ഷൻ ൨൩ പ്രകാരം അവർക്കു വേണമെന്നു പറയുന്ന അധികാരം നാട്ടിനു് ഏററവും ദോഷകരമായിട്ടുള്ള ഒന്നാണു്. ഒരു സംഘടനയെ നിയമവിരുദ്ധമായി പ്രഖ്യാപിക്കുവാനുള്ള കാരണം കോടതിയെ അറിയിക്കുവാൻ തയ്യാറാകാത്തതു എന്താണെന്നു് ഞാൻ ചോദിക്കുന്നു. യഥാർത്ഥത്തിൽ ഈ അധികാരംകൊണ്ടു് സംഘടനകളെ നശിപ്പിക്കുകയും അവയുടെ യാതൊരു പ്രവർത്തനങ്ങളും നടക്കാതിരിക്കുവാൻ വേണ്ട നടപടികൾ നടത്തുന്നതിനു് അവസരം കൊടുക്കുകയുമാണു് ചെയ്യുന്നതു്. നിയന്ത്രണം റീസണബിൾ ആണോ അല്ലയോ എന്നു തീരുമാനിക്കേണ്ടതു് കോടതിയിൽ നിന്നാണു്. മന്ത്രിമാർക്കു ഭരണം നടത്തിക്കൊണ്ടുപോകുവാൻ തടസ്സങ്ങൾ വരാതിരിക്കുവാനായിട്ടാണു് ഈ വകുപ്പു ആവശ്യമാണെന്നു പറയുന്നതു്. നിങ്ങൾ ജനാധിപത്യതാല്പര്യത്തിനുവേണ്ടി നിലകൊള്ളുന്നവരാണെങ്കിൽ ഈ അധികാരം ആവശ്യപ്പെടുന്നതു് ശരിയല്ല. ഇതു് വാസ്തവത്തിൽ ഒരു പാർട്ടി പ്രശ്നമാക്കേണ്ട ആവശ്യമില്ല. ഇതു് നിയമമാക്കണമെന്നു താല്പര്യമുള്ളവർ വാസ്തവത്തിൽ നാട്ടിന്റെ താല്പര്യത്തിനുതന്നെ വിരോധികളാണു്. അസോസിയേഷൻ നടത്തിക്കൊണ്ടുപോകുന്നതിനെ നിയമവിരുദ്ധമാക്കണമെന്നു കരുതുന്നതു് എന്തെങ്കിലും പ്രത്യേക കാരണങ്ങൾ കൊണ്ടായിരിക്കണം. അങ്ങനെ ഏതെങ്കിലും അസോസിയേഷന്റെ പ്രവർത്തനം നിയമവിരുദ്ധമാക്കണമെങ്കിൽ അതിനുള്ള കാരണം റീസണബിൾ ആണോ അല്ലയോ എന്നു തീരുമാനിക്കേണ്ടതു് കോടതിയാണു്. അതിനു് തയ്യാറില്ലാത്ത ഈ മന്ത്രിസഭ കൊണ്ടുവന്നിരിക്കുന്ന ബില്ലിനെ നാം എതിർക്കണം. ഏതായാലും ഇക്കാര്യത്തിൽ എനിക്കു ഒരാശ്വാസമുണ്ടു്. ഇതു പാസാക്കുവാൻ കൊണ്ടുവരുന്നതു് ശ്രീ. ടി. എം. വറുഗീസാണല്ലോ എന്നോർത്തിട്ടു്. ഇതു് അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതത്തിലെ ഒരു ധൂമകേതുവായിരിക്കുമെന്നു ഞാൻ പറയുന്നില്ല. അതു് പാർലിമെൻററിയല്ലാ എന്നു എനിക്കറിയാം. ഏതായാലും ഇതു് അദ്ദേഹത്തിനു് രാഷ്ട്രീയജീവിതത്തിൽ ഒരു ആൻറിക്ലൈമാക്സ് ആയിരിക്കും. പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു കഴിഞ്ഞു ആദ്യമായി കൂടുന്ന സമ്മേളനത്തിൽ ഇങ്ങനെ ഒരു ബിൽ കൊണ്ടുവരുവാനുള്ള ഭാഗ്യം ശ്രീ. ടി. എം. വറുഗീസിനു് തന്നെയാണു് ലഭിക്കേണ്ടതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ശ്രീ ടി. വി. തോമസ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ചില വിമർശനങ്ങൾ ചെയ്തിരുന്നില്ലെങ്കിൽ ഞാൻ ഈ ബില്ലിനെപ്പററി പ്രസംഗിക്കുമായിരുന്നില്ല. ഞാൻ പറഞ്ഞതു് ഇൻറലക്ച്വൽ ഡിസോണസ്റ്റി ആണു് എന്നു് അദ്ദേഹം പറഞ്ഞതുകൊണ്ടു് ഞാൻ പറഞ്ഞതു് തെററാകയില്ല എന്നു വിശദീകരിക്കുവാൻവേണ്ടി ഞാൻ എഴുന്നേററു നിൽക്കുകയാണു്. എന്റെ സുഹൃത്തു് ശ്രീ. പട്ടംതാണുപിള്ള ശ്രീ. ഇ. പി. വർഗ്ഗീസിന്റെ പ്രസംഗത്തിന്റെ അവസാനത്തിൽ ൨൩-ാം വകുപ്പു ഇപ്പോൾ ഏതു നിലയിൽ നില്ക്കുന്നു എന്നു ചോദിച്ച അവസരത്തിൽ അതിനു് സമാധാനം പറയുന്നതു് പ്രസക്തമായിരുന്നതുകൊണ്ടു് ഞാൻ അതിനു് സമാധാനം പറയുകയാണു് ചെയ്തു

ത്തു്. ശ്രീമാൻ കുറുപ്പ് രണ്ടുദിവസംമുമ്പ് ഇതിനെക്കുറിച്ച് പ്രസംഗിച്ച അവസരത്തിൽ ൨൩-ാം വകുപ്പ് അസാധുവാണെന്ന് കോടതി പ്രഖ്യാപിച്ചു എന്നുപറഞ്ഞതുകൊണ്ട് അതിനുള്ള ഭേദഗതി ഇവിടെ കൊണ്ടുവരുന്നതു് ഔട്ട് ഓഫ് ആർഡർ അല്ലേ എന്നു് ഒരു വാദം ശ്രീ. തോമസ് ഇവിടെ കൊണ്ടുവരികയുണ്ടായി.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ൨൩-ാം വകുപ്പും ഫണ്ടമെൻറൽ റൈററിന് എതിരാണെന്നും അതിന് നിയമപ്രാബല്യമില്ലെന്നും ഹൈക്കോടതി വിധിച്ചിട്ടുള്ളതു് വച്ചുകൊണ്ടാണ് അങ്ങനെ പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ പറഞ്ഞതു് ൨൩-ാം വകുപ്പു നിയമവിരുദ്ധമാണെന്നു യാതൊരു ഹൈക്കോടതിയും പറഞ്ഞിട്ടില്ലാ എന്നാണ്. കൊച്ചിൻ ക്രിമിനൽ ലാ അമൻഡ്മെൻറ് ആക്ട് അനുസരിച്ചുണ്ടായ ഒരു റിറവ് കേസിൽ ഹൈക്കോടതി ചില അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ടു്. എന്നല്ലാതെ അതു നിയമവിരുദ്ധമാണെന്നു പറഞ്ഞിട്ടില്ല. ഒരു നിയമനിർമ്മാണമുണ്ടായാൽ അതു് കോടതി നിയമവിരുദ്ധമാണെന്നു പറഞ്ഞു തള്ളുന്നതുവരെ അതിന് നിയമസാധുത്വം ഉണ്ടായിരിക്കുന്നതാണെന്നു സുപ്രീംകോടതിയിൽ ഒരു വിധിയുണ്ടായിട്ടുണ്ടു്. അതിനെ വിസ്മരിച്ചുകൊണ്ടാണ് ശ്രീ. തോമസ് പറഞ്ഞതു്. അതുകൊണ്ടു് പൊതുരക്ഷാനടപടി നിയമത്തിലെ ൨൩-ാം വകുപ്പു അസാധുവാണെന്നു ഇതേവരെ യാതൊരു കോടതിയും പറഞ്ഞിട്ടില്ല.

ശ്രീ. ടി. വി. തോമസ്: ഡിവിഷൻബഞ്ചിൽ ഇരുന്നകേസ്സ് ഫുൾബഞ്ചിലേക്ക് റഫർചെയ്തതിൻെറ സ്റ്റേററസ് എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് വിധിയല്ല. അപ്പോൾ ഞാൻ പറഞ്ഞതോ അർദ്ധസത്യം മി. തോമസ് പറഞ്ഞതോ അർദ്ധസത്യം എന്നു നോക്കണം. ഞാൻ പറഞ്ഞതു് അർദ്ധസത്യമാണെന്നു പറഞ്ഞതു് പൂർണ്ണ സത്യമാണ്. ശ്രീ തോമസ് പറഞ്ഞതു് അർദ്ധസത്യവുമാണ്. ഇങ്ങനെ പറയുന്നതു് തെററാണെന്നു പറയുകയല്ല; പക്ഷെ സങ്കടകരമാണ്. എന്താണെന്നുവച്ചാൽ ഞാൻ പറഞ്ഞതു് പൂർണ്ണമായ സത്യമാണ്. ൨൩-ാം വകുപ്പ് അസാധുവാണെന്ന് യാതൊരു കോടതിയും ഇതേവരെ പ്രഖ്യാപിച്ചിട്ടില്ല. അതുകൊണ്ടു് സർ, എനിക്കു പറയുവാനുള്ളതു് ബഹുമാനപ്പെട്ട മെമ്പർ എന്നെപ്പററി പറഞ്ഞതു് ശരിയല്ലാ; ഞാൻ ഈ സെക്ഷനെപ്പററി പറഞ്ഞതു് ശരിയുമാണ് എന്നാണ്. ൨൩-ാംവകുപ്പിന് ഒരു അയവുവരുത്തുവാനുള്ള ഭേദഗതിയാണ് ഈ ബിൽ എന്നു് ഞാൻ പറഞ്ഞു. ഇന്നലെയും മിനിഞ്ഞാന്നാളും എസ്റ്റേററ് ഡ്യൂട്ടിയെപ്പററി ഞാൻ പറഞ്ഞതു് അർദ്ധസത്യമാണെന്ന് ശ്രീ. തോമസ് ഇവിടെ പറഞ്ഞു. അദ്ദേഹം പറഞ്ഞതു് പകുതി ശരിയാണ്. ഞാൻ പറഞ്ഞതു് മുഴുവനും ശരിയാണ്. അർദ്ധസത്യംപോലെ അപകടകരമാണ് അല്പജ്ഞാനം. യൂണിയൻ ലിസ്റ്റിൽ ൮൭-ം, ൮൮-ം സെക്ഷൻ വായിക്കുവാൻ ഞാൻ ബഹുമാനപ്പെട്ട മെമ്പറോടു പറയുന്നു.

(87) Estate duty in respect of property other than agricultural land.

(88) Duties in respect of succession to property other than agricultural land.

കുറച്ചു ജ്ഞാനമുണ്ടായാൽ കുറച്ചു ബുദ്ധിമുട്ടുണ്ട്. ഭരണഘടനയിലെ യൂണിയൻ ലിസ്റ്റ് ൮൭-ം, ൮൮-ം വകുപ്പുകളെപ്പററിയാണ് ഞാൻ പ

[Shri Panampilli Govinda Menon]

റഞ്ഞതു്. അദ്ദേഹം പറഞ്ഞു ഈ വകുപ്പുകൾ സ്റ്റേറ്റ് ലിസ്റ്റിൽ ഉണ്ടെന്നു്. അതു ശരിയാണു്.

ശ്രീ. ടി. വി. തോമസും ഞാനും പറഞ്ഞതു് ശരിയാണു്. പക്ഷെ ഞാൻ പറഞ്ഞതു് കൂടുതൽ ശരി; അത്രേയുള്ളു. അവിടത്തെ ടാക്സ് അധികവും ആഗ്രികൾച്ചറിൽനിന്നും ഉള്ളതാണു്. ഞാൻ ഇവിടെ അർദ്ധസത്യമൊന്നും പറഞ്ഞതല്ല; നമുക്കു് ഇനിയും ഇവിടെ കഴിഞ്ഞുകൂടണം. അതുകൊണ്ടു് അങ്ങനെയൊന്നും വിചാരിക്കേണ്ട ആവശ്യമില്ല. ആർട്ടിക്കിൾ ൨൩ ഇനിയും അന്യൂനമായി നില്ക്കുകയാണു്. അതല്ലാ, അതുമാററണമെങ്കിൽ നമുക്കു് ഒരു അമൻറുമെൻറു് കൊണ്ടുവരാം. റിപ്പീലിംഗ് ആക്റ്റ് കൊണ്ടുവരാം. ഇതു് ഞാൻ പറഞ്ഞതു് ശരിയാണു്, അദ്ദേഹം ഒരു ലിസ്റ്റുനോക്കി ഞാനും ഒരു ലിസ്റ്റുനോക്കി അത്രേയുള്ളു. രണ്ടു പേർ പറഞ്ഞതും ശരിയാണു്.

മിസ്റ്റർ സ്പീക്കർ: ഈ സെഷനിൽ തീർക്കണമെന്നു ഉദ്ദേശിച്ചിരുന്ന ഒഫീഷ്യൽ ബില്ലുകൾ മുഴുവനും തീർന്നിട്ടില്ലാത്തതുകൊണ്ടു് ഈ സമ്മേളനം ഒരു ദിവസത്തേക്കുകൂടി നീട്ടിയിരിക്കുന്നു. ഏപ്രിൽ ൨-ാംനു- ബുധനാഴ്ച ഒഫീഷ്യൽ ബിസിനസ്സിനായി വിനിയോഗിക്കുന്നതാണു്.

The Assembly adjourned at 4-30 p.m. to meet again at 11 a.m. on Tuesday the 1st April 1952.

V. KRISHNAMOORTHI
Secretary, Legislative Assembly

APPENDIX A

Statement referred to in answer to part (b) of the question No. 192 [9]

1. Government may on application made in the prescribed form and on payment of prescribed fee (if any) grant to any person a license to supply energy in any specified area and also to lay down or place electric supply lines for the conveyance and transmission of energy.

The licensee may prescribe such terms as to the limits within which and the conditions under which the supply of energy is to be compulsory or permissible and as to the limits of price to be charged for the supply of energy and generally as to such matters as Government may lay down in this behalf.

The main terms and conditions of the issue of a license are as follows:—

The licensee should show that he is in a position to discharge the duties and obligations imposed on him within the time specified and should furnish the security required by the Government. It is the duty of the licensee to see that the current is supplied in the area of supply within the period specified.

The licensee is bound to maintain suitable transmission lines, machinery, etc. so as to keep proper voltage at all places within the area of supply.

As per the Act the licensee is bound to submit the annual account of the concern within the prescribed date.

The licensee is empowered to carry out works for the purpose of laying down or placing electrical supply lines within the area of supply or without the area of supply as permitted by the licenses provided due consent of the parties therefor is obtained.

The licensee should, in exercising the powers conferred on him by the Electricity Act cause as little damage or inconvenience and should make full compensation for any damage or inconvenience caused by him or by his employees.

Where energy is supplied by the Licensee every person within the area shall except in so far as is otherwise provided, by the terms and conditions of the licensee be entitled on application to a supply on the same terms as those in which any other person in same area is entitled in similar circumstances to a corresponding supply provided the licensee is paid a minimum sum annually as will give him a reasonable return on his capital expenditure.

The licensee shall not in making any agreement for the supply of energy show undue preference to any person.

The licensee has the powers to disconnect any defaulted consumer after giving not less than seven days' notice.

Government can exercise the option of purchase of the undertaking on the expiration of such period not exceeding 50 years and on the expiration of subsequent period of 20 years. The value of lands, buildings, works, plants, etc. are to be determined as provided for in clause 7 (1) of the Electricity Act.

The licensee is not authorised to purchase or associate himself with other licensed undertakings or transfer his undertaking except with the sanction of Government.

If the Government thinks, the license can be revoked in any of the following causes.

1. Where the licensee makes wilful and unreasonably prolonged default in doing anything required of him by or under the Act.

2. Where the licensee breaks the terms and conditions of the license the breach of which is expressly declared by said license to render it liable for revocation.

3. Where the licensee fails to show that he is in a position fully and effectively to discharge the duties and obligations imposed on him by the license.

4. Where the licensee is unable, by reason of his insolvency, to discharge the duties and obligations imposed on him by his license.

The grant of a license under the Act for any purpose shall not in any way hinder or restrict the grant of license to another person within the same area of supply for like purpose.

APPENDIX B

List referred to in Interpellation No. 218 [52]

1. Persons who were originally Hindu Scheduled Caste and Scheduled Tribes and who after conversion to Christianity were reconverted to Hinduism were granted all concessions granted to Hindu Scheduled Castes and Scheduled Tribes.

2. A system of payment of lump sum grants to the School students for the purchase of school requirements and cloths was sanctioned and the students of Middle and High School classes were granted stipends at the rate of Rs. 25 and Rs. 40 respectively. Nearly 9000 students were granted stipends and an amount of Rs. 2,40,000 was spent on this account in 1950—51.

3. Students belonging to "Scheduled Castes" and scheduled tribes and Kudumbis who are studying in Colleges were granted monthly stipend of Rs. 45 each to those who are coming from places within 5 miles and Rs. 50 each to those who come from places beyond 5 miles from their respective Colleges for their boarding and lodging expenses.

4. Educational concessions were granted to five students studying in Medical Colleges and to seven students in Law College.

5. Educational expenses of 13 students admitted in the Poly-technical Institute, Kalamassery were met by the Government.

6. Lump sum grants of Rs. 400 each was given to 3 Law Graduates from Backward Communities to enable them to take sannad, etc., for legal practice.

7. Sanction was accorded to send up six Harijan women for training in the Kasturba Gandhi Daseeya Smaraka Nidhi (Kerala Branch) Kurkancherry and they were given a monthly stipend of Rs. 40 each inclusive of their tution fees.

8. A tailoring school was started by the Government at Trivandrum with 10 students of Backward Communities as an experimental measure. The students are given free tuition and a monthly stipend of Rs. 15 each.

9. 86 Acres and 85 cents af land in various places were sanctioned to be leased to the Backward Communities.

10. A scheme of construction of houses for Backward Communities by payment of grant was sanctioned.

11. A grant of Rs. 250 per mensem was sanctioned to the residential school for the Kadar children of Paramlikulam (Orukombankutty) conducted by the Servants of India Society.

12. A Co-operative Society for the hill tribes was organised at Mullaringad.

13. Two Co-operative stores were opened for the benefit of the Backward Communities and the public.

14. The itinerant weaving party which was transferred from the Industries Department has been stationed at the Sachivothamapuram Colony.

15. Twelve welfare committees were constituted in order to give the public facilities to bring to the notice of the Government the local needs of the members of the Backward Communities.

APPENDIX C

List of Grant-in-aid Industries in Travancore-Cochin area

TRAVANCORE

[Please refer to question No. 32 (3)]

S. No.	*Name of Institutions*		*Amount of grant given in 1951* Rs.
1	Grant-in-aid L.M.S. Hospital, Neyyoor		3,600
2	Do.	Marthandom	450
3	Do.	Attingal	360
4	Do.	Nedumangad	420
5	Catherine Booth Hospital,	Vadassery	1,200
6	Salvation Army Branch Hospital, Aramboly		300
7	St. Joseph's Hospital, Manjummel		900
8	Grant-in-aid Rural Dispensary, Vechoor		360
9	Do.	Granby	1,200
10	Do.	Chittavurrai	1,200
11	Do.	Periakanal	1,200
12	Do.	Munnar	1,200
13	Do.	Ponmudi	1,200
14	Do.	Karuppampady	360
15	Do.	Kalthuruthy	1,200
16	Sri Ramaskrishna Asramam Charitable Hospital,	Sasthamangalom	1,200
17	Maternity Welfare Centre, Melkavu		240
18	C. P. Memorial Leper Asylum, Neyyoor		20,400
19	Salvation Army Leper Hospital, Puthencruz		15,600
20	Little Flower Hospital, Angamalai		600
		Total	53,190

COCHIN

			Rs.
1	Grant-in-aid Dispensary,	Ollur	2,301
2	Do.	Elanad	2,301
3	Do.	Varandarapilly	2,301
4	Do.	Cheruthuruthy	2,301
5	Do.	Chendamangalam	2,301
6	Do.	Vadavucode	2,301
7	Do.	Velur	2,301
8	Do.	Malayattur	2,301
9	Do.	Desamangalam	2,301
10	Do.	Tattamangalam	2,301
11	Do.	Pazhanji	2,301
12	Do.	Chelakkara	2,301
13	Do.	Kallettinkara	2,301
14	Do.	Kumbalam	2,301
15	Do.	Trikkur	2,301
16	Do	Pattikkad	2,301
17	Do.	Cheppad	2,301
18	Do.	Thiruvilvamala	2,301
		Total	41,418

Total Grants in Travancore-Cochin amounts to Rs. 94,608.